KOTTAYAM PUBLIC LIBRARY

Call No M07 Acc. No 2598

Author [illegible]

Title സാഹിത്യ ദീപിക

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1439

# സാഹിത്യ ദീപിക.

By

കുറുവാൻതൊടി

ശങ്കരനെഴുത്തച്ഛൻ.

പ്രകാശകന്മാർ:

കെ. ആർ. ബ്രദേർസ്,

കോഴിക്കോട്.

വില 12-ണ.

ഒന്നാംപതിപ്പ് 1949 500.

K. R. Brothers Printing Works. Calicut

THE KOTTAYAM PUBLIC LIBRARY KOTTAYAM. TRAVANCORE.

NATIONAL BOOK STALL KOTTAYAM KALARIKKAL BAZAAR

1407

No: 2598

# വിഷയവിവരം.

ഭാഗം

1. സാഹിത്യത്തിന്റെ ലക്ഷ്യം. ... 1—18
2. സർ മുഹമ്മദ് ഇഖ്ബാൽ. ... 19—34
3. സുവർണ്ണമേഖല. ... ... 35—48
4. ജെ. ടി. സണ്ടർലാണ്ട് ... 49—68
5. വള്ളത്തോൾ സാഹിത്യത്തിലെ ശിശുക്കൾ ... 69—86

# സാഹിത്യ ദീപിക

## സാഹിത്യത്തിൻെറ ലക്ഷ്യം †

"കവിത എന്താണെന്നുള്ളതു് എനിയ്ക്കറിയാം; എന്നാൽ അതെന്താണെന്നു് നിങ്ങൾ എന്നോടു ചോദിയ്ക്കയാണെങ്കിൽ എനിയ്ക്കറിഞ്ഞുകൂടാ" എന്നൊരു പണ്ഡിതൻ പറഞ്ഞിട്ടുള്ളതു് സാഹിത്യത്തെപ്പററി വിവരിപ്പാൻ തുടങ്ങുന്ന ഏതൊരാൾക്കും അനുഭവപ്പെടുന്ന ഒരു വാസ്തവമാണു്. സാഹിത്യത്തിന്നു സമാനാത്ഥകമായി ഇംഗ്ലീഷിൽ ഉപയോഗിച്ചു വരുന്നതു് "ലിററച്ചർ" എന്ന പദമാണെങ്കിലും അതിന്നു് ഇംഗ്ലീഷിൽ കുറേക്കൂടി വിപുലമായ അത്ഥമുണ്ടെന്നു തോന്നുന്നു. കവിത സാഹിത്യം എന്നിവ വ്യത്യസ്തങ്ങളായ രണ്ടു വാക്കുകളാണെങ്കിലും അവയാൽ കുറിയ്ക്കപ്പെടുന്ന അത്ഥത്തിന്നു് അല്പം വ്യത്യാസമുണ്ടെന്നു തോന്നാമെന്നിരുന്നാലും, ഒരു സാഹിത്യ വിമശ്കൻെറ ദൃഷ്ടിയിൽ അതു രണ്ടും ഒന്നുതന്നെയാണു്. കവിതയെന്നു കേൾക്കുമ്പോൾ നാം ഗ്രഹിയ്ക്കുന്നതു് പദ്യപ്രബന്ധങ്ങളേയും, സാഹിത്യമെന്നു കേൾക്കുമ്പോൾ ഗ്രഹിയ്ക്കുന്നതു് ഗദ്യപദ്യാത്മകങ്ങളായ എല്ലാവിധം സരസഗ്രന്ഥങ്ങളേയുമാണു്. എന്നാൽ സാഹിത്യവിമശ്കൻ നോക്കുന്നതു് അതു ഗദ്യമോ പദ്യമോ എന്നുള്ളതല്ല; സരസമോ വിരസമോ എന്നുള്ളതാണു്. "വാക്യം രസാത്മകം കാവ്യം"

† 1946 ജനവരിയിൽ മദിരാശി കേരളസമാജത്തിൻെറ സാഹിത്യസമ്മേളനത്തിൽ ചെയ്ത പ്രസംഗം.

"രമണീയാർത്ഥ പ്രതിപാദകഃ ശബ്ദഃ കാവ്യം" എന്നൊക്കെ കാവ്യലക്ഷണം ചെയ്യുന്നവർ അവരുടെ ആ ലക്ഷണങ്ങൾകൊണ്ടു് സാഹിത്യത്തെ പൊതുവിൽ കുറിയ്ക്കുന്നുണ്ടെന്നുള്ളതു് നിസ്സംശയമത്രെ. "സമുചിതമായ സ്ഥാനത്തു് സമുചിതസ്ഥിതിയിൽ പദങ്ങളെ ചേർക്കുന്നതാണു് കവിത" എന്നു കവിതാലക്ഷണം ചെയ്യുന്ന ആളും "ജീവിത വിമർശനമാണു് കവിത" എന്നു കവിതാനിർവ്വചനം ചെയ്യുന്ന ആളും വാസ്തവത്തിൽ അവരുടെ ആ ലക്ഷണങ്ങൾകൊണ്ടു് സ്പർശിയ്ക്കുന്നതു് സാഹിത്യത്തെത്തന്നെയാണു്. സാഹിത്യമെന്ന വാക്കുകൊണ്ടു നാം വിനോദകരങ്ങളും വിജ്ഞാനപ്രദങ്ങളും ആയ എല്ലാവിധ ഗ്രന്ഥങ്ങളേയും കുറിയ്ക്കുന്നു. ഒരു ചെറിയ രസകരമായ വാക്യം മുതൽ മഹാഭാരതാദി മഹാഗ്രന്ഥങ്ങൾവരെയുള്ള സരസ നിബന്ധങ്ങളെല്ലാം സാഹിത്യത്തിലുൾപ്പെടുന്നു. ബൈബിളും ഖുർആനും ഉപനിഷത്തുക്കളും എല്ലാം ഉത്തമസാഹിത്യഗ്രന്ഥങ്ങളാണു്. കാരണം ഭാഷാഭംഗികൊണ്ടോ വിചാരോൽകൃഷ്ടതകൊണ്ടോ ഭാവനാസൌന്ദര്യംകൊണ്ടോ തത്തൽഭാഷകളിൽ അവയെ കവിച്ചു നില്ക്കുവാനുള്ള ഗ്രന്ഥങ്ങൾ വളരെ വിരളമായതുതന്നെ. വാസ്തവത്തിന്റെ മാത്രം കൈവേലയാണെന്നിരുന്നാൽക്കൂടി, മനുഷ്യസ്വഭാവത്തിന്റെ വിശദമായ ചിത്രീകരണമായതുകൊണ്ടു് ചരിത്രത്തിന്നുകൂടി സാഹിത്യത്തിൽ പ്രവേശനം ലഭിപ്പാൻ അർഹതയുണ്ടു്. ഗദ്യത്തിലായാലും വേണ്ടതില്ല, പദ്യത്തിലായാലും വേണ്ടതില്ല, എവിടെയെല്ലാം സൌന്ദര്യാശ്ലിഷ്ടങ്ങളായ ഉത്തമവിചാരങ്ങൾ സൌന്ദര്യാശ്ലിഷ്ടമായ ഉത്തമഭാഷയിൽക്കൂടെ നിർഗ്ഗളിയ്ക്കുന്നുവോ, അവിടെയെല്ലാം സാ

ഹിത്യമുണ്ടെന്നു പൊതുവിൽ പറയാവുന്നതാണു്. അപ്പോൾ ശാകുന്തളവും സാഹിത്യമഞ്ജരിയും മാർത്താണ്ഡവർമ്മയും ഭഗവൽഗീതയും എല്ലാം സാഹിത്യമായി. സാഹിത്യത്തിൻെറ എതുവശത്തായി നില്ക്കുന്നതു് ശാസ്ത്രമാണു്; ശാസ്ത്രം സത്യത്തിൻെറ സന്താനമാണെങ്കിൽ സാഹിത്യംഭാവനയുടെ സന്താനമാണു്.

പ്രകൃതിസിദ്ധമായ വാസനയില്ലാത്തവക്കു് മററു മൃദുലകലാസൃഷ്ടിപോലെത്തന്നെ സാഹിത്യസൃഷ്ടിയും സാദ്ധ്യമല്ല; ഉത്തമസാഹിത്യസൃഷ്ടി തീച്ചയായും സാദ്ധ്യമല്ല. വാസനയില്ലാത്തവൻെറ സംഗീതവും ചിത്രമെഴുത്തും കവിതയും എല്ലാം പരിഹാസ്യമായിത്തീരുന്നതാണു്.

"ശക്തിന്നിപുണതാ ലോക-
ശാസ്ത്രകാവ്യാദ്യവേക്ഷണാൽ
കാവ്യജ്ഞശിക്ഷയാഭ്യാസ
ഇതിഹേതുസ്തദുത്ഭവേ."

എന്നു മമ്മടാചാൎയ്യർ പറയുന്നു. ഇവിടെ ശക്തിയെന്നു പറയുന്നതു് പ്രകൃതിസിദ്ധമായ വാസനയെയാണു. അതിന്നു പുറമെ ലോകസ്വഭാവത്തെ നിരീക്ഷണം ചെയ്യും, സാഹിത്യശാസ്ത്രാദികളഭ്യസിച്ചും, കാവ്യജ്ഞന്മാരിൽനിന്നു് പരിശീലനം ചെയ്യും വേണം കാവ്യമുണ്ടാകുവാൻ എന്നാണു് ആചാൎയ്യരുടെ അഭിപ്രായം.

ഒരു സാഹിത്യകാരൻെറ സൌന്ദൎയ്യബോധോത്തരളിതമായ മേധാപുടത്തിൽ പ്രതിഫലിച്ച ഒരു കേവലവസ്തു ഭാവനയുടെ ശില്പവേലകൊണ്ടു് സുഭഗമായിത്തീന്ന

ശേഷം മധുരമായ ഭാഷയിൽക്കൂടെ പുറത്തു വരുമ്പോൾ അതു സാഹിത്യമായിത്തീരുന്നു. ഒരു കേവലവസ്തുവാകുന്ന ചിത്രശലഭപ്പുഴു കവിഭാവനയിലിരുന്നു തപസ്സു ചെയ്തു് മനോഹരമായ കവിതാചിത്രശലഭമായി പുറത്തു വരുന്നു; നോക്കുക:—

"ആഹാ! രചിച്ചു ചെറുലൂതകളാശു നിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം;
സ്നേഹാർദ്രയായുടനുഷസ്സു മണിഞ്ഞു നിന്മേൽ
നീഹാരശീകര മനോഹര മന്ത്യഹാരം."

(വീണപൂവു്.)

പ്രഭാതത്തിൽ വീണുകിടക്കുന്ന പൂവിന്റെ മുകളിൽ ചിലന്തികൾ വല കെട്ടീട്ടുള്ളതും അതിൽ മഞ്ഞിൻ തുള്ളികൾ വീണു കിടക്കുന്നതും ആരാണു് കണ്ടിട്ടില്ലാത്തതു്? ഇത്തരം ഒരു കാഴ്ച നമ്മളിൽ ആരിലും യാതൊരു സ്തോഭവും ഉണ്ടാക്കീട്ടില്ല. എന്നാൽ മഹാകവി കുമാരനാശാന്റെ നിരീക്ഷണം ചെയ്തു തഴമ്പിച്ച ആ കണ്ണുകൾക്കു മുമ്പിൽ പ്രസ്തുത പുഷ്പം പ്രത്യക്ഷപ്പെട്ടപ്പോൾ, അതൊരു ഉൽകൃഷ്ടജീവിതം നയിച്ചു മൃതിയടഞ്ഞ വ്യക്തിയായും, ചിലന്തിവല ശവശരീരത്തെ മൂടീട്ടുള്ള പട്ടുപുടവയായും, മഞ്ഞിൻതുള്ളികൾ മൃതശരീരത്തിലർപ്പിച്ചിട്ടുള്ള അന്ത്യഹാരമായും മാറിയിരിയ്ക്കുന്നു; ഇതാണു് ഭാവനയുടെ ശില്പവേല.

ഇതേമാതിരിതന്നെ, ഒരു ചന്ദ്രികാസമ്മിളിതമായ ഗുരുവായൂർക്ഷേത്രം മഹാകവി വള്ളത്തോളിന്റെ ഭാവനയിൽ എങ്ങിനെ രൂപമെടുത്തിരിയ്ക്കുന്നുവെന്നു നോക്കുക:—

"പൂനിലാവിനാൽ വെള്ളിപൂശിയ തിരുമുററം
പാൽനുരം കടൽപോലെ വിളങ്ങി വുഴലവും
അമ്പലം വലംവെയ്യുന്നവർ തൻ ധൌതാംബര-
ത്തുമ്പുകൾ കാററത്തുലഞ്ഞലകളതിൽച്ചേർത്തു"
(ഭക്തിയും വിഭക്തിയും)

ഗുരുവായൂർ ക്ഷേത്രം ഒരു വിഷ്ണുക്ഷേത്രമായതുകൊണ്ടു്, പൂനിലാവു നിറഞ്ഞ തിരുമുററത്തെ പാലാഴിയാക്കി കല്പിക്കുന്നതിൽ ഔചിത്യമുണ്ടെന്നു പറയേണ്ടതില്ലല്ലൊ; പോരെങ്കിൽ,

"ഈറനായ് ച്ചുരുൾത്തുമ്പിൽ കെട്ടിയ കരിങ്കുന്തൽ-
ക്കാറിനാൽ മറഞ്ഞുള്ള നിതംബ ബിംബത്തോട്ടം
ശുഭ്രവസ്ത്രാലങ്കാരച്ചേലോട്ടം വിളങ്ങിനാ-
രത്ഭുതാംഗിമാരങ്ങിഞ്ഞപ്സരസ്സുകൾ പോലെ."

എന്നിങ്ങിനെ കേരളീയ സ്ത്രീകളെ ദേവസ്ത്രീകളാക്കി മുമ്പു കല്പിച്ചു കഴിഞ്ഞിട്ടുമുണ്ടു്. അലകളില്ലാത്ത ഒരാഴി നിർമ്മിച്ചു് സൌന്ദര്യബോധമുള്ള ഒരു കവി ഒരിയ്ക്കലും തൃപ്തിപ്പെടുകയില്ല. അമ്പലം വലം വെയ്യുന്ന കേരളീയരുടെ, കാററത്തിളകുന്ന വസ്ത്രാഞ്ചലങ്ങൾകൊണ്ടു് മഹാകവി അവിടെ അലകളും സൃഷ്ടിയ്ക്കുന്നു. നമുക്കു കണ്ണുണ്ടെങ്കിലും നാമെല്ലാം കാണുന്നില്ല; ചെവിയുണ്ടെങ്കിലും എല്ലാം കേൾക്കുന്നില്ല. സാധാരണ ജനങ്ങളുടെ കണ്ണും ചെവിയും ശ്രദ്ധിയ്ക്കാത്ത ചില സംഗതികൾ കാണുകയും കേൾക്കുകയും ചെയ്യുന്ന ചിലരുണ്ടു്; അവരാണ് മഹാകവികൾ.

ഓടക്കുഴലിൽക്കൂടി ക്രമാനുഗതമായിവരുന്ന ഒരു കേവലനാദം മനോഹരമായ സംഗീതമായിത്തീരുന്നതുപോ

ലെയും, ക്രമാനുസാരിയായ പദവിന്യാസവും അംഗചലനങ്ങളും ഹൃദയാവജ്ജകമായ നൎത്തനമായിത്തീരുന്നതു പോലെയും, കവി ഭാവനയിൽനിന്നു ക്രമാനുഗതമായി ബഹിൎഗ്ഗമിയ്ക്കുന്ന ശബ്ദാൎത്ഥസമുദായമാണു് സാഹിത്യമായിത്തീരുന്നതു്. വികാരസമ്മിളിതമായ വിചാരം ഭാവനയുടെ സുഭഗരൂപത്തോടുകൂടി ഭാഷയുടെ സുവൎണ്ണവസ്ത്രമണിഞ്ഞു് പുറത്തു വരുമ്പോൾ അതു സാഹിത്യമായിത്തീരുന്നു.

സംഗീതം, ചിത്രമെഴുത്തു്, പ്രതിമാശില്പം, നാട്യം മുതലായ സുന്ദരകലകളെല്ലാം നമ്മെ ആനന്ദിപ്പിയ്ക്കുന്നവതന്നെയാണു്; ഇവയിൽ ചിലതിന്നു പെട്ടെന്നു് ഹൃദയത്തെ ആകൎഷിയ്ക്കുന്നതിന്നും, വികാരങ്ങളെ ഇളക്കി മറിയ്ക്കുന്നതിന്നും, കൂടുതൽ ശക്തിയുമുണ്ടു്. സംഗീതം, നാട്യം, നൎത്തനം, മുതലായതു് ഏറെക്കുറെ പണ്ഡിതപാമരന്മാരെ ഒരുപോലെ ആനന്ദിപ്പിയ്ക്കുന്നു; എന്നാൽ സാഹിത്യത്തോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ അവയുടെ എല്ലാം കഴിവുകൾ വളരെ പരിമിതങ്ങളാണു്. വികാരത്തിൽനിന്നു് വിചാരത്തിലേയ്ക്കുയൎത്തിവിടുവാൻ അവയ്ക്കു കുറച്ചു് മാത്രമേ കഴിവുള്ളു; അവ കൂടുതലായി വല്ലതും പ്രവൎത്തിയ്ക്കുന്നുണ്ടെങ്കിൽ അതവയെ സഹായിച്ചുകൊണ്ടു നില്ക്കുന്ന, സുവൎണ്ണത്തിന്നു സൌരഭ്യമെന്നപോലെ നില്ക്കുന്ന, സാഹിത്യത്തിന്റെ സഹായം കൊണ്ടാണു്; ത്യാഗരാജന്റെ കീൎത്തനങ്ങളൊ; ജയദേവരുടെ അഷ്ടപദിയൊ സുബ്രഹ്മണ്യഭാരതിയുടെ ദേശീയ ഗാനങ്ങളൊ കേട്ടാനന്ദിച്ചുകൊണ്ടിരിയ്ക്കുന്ന നാം, ആ ഭാഗവതരുടെ ആലാപത്തിൽ മാത്രമല്ല ആവേശം കൊള്ളുന്നതു്. ശ്രീമാൻ ക

കുളപ്പാറെ നാരായണൻ നായരുടെ ഉത്തര നൈഷധത്തിന്റെ പിന്നിൽ ഉണ്ണായി വാരിയരുടെ സാഹിത്യമില്ലെങ്കിലത്തെ കുറവൊന്നു് ആലോചിച്ചു നോക്കുക. സാഹിത്യം പോലെ അത്ര വിപുലമായ തോതിൽ മനുഷ്യന്റെ വികാരങ്ങളെ ഇളക്കുവാനും, വിചാരങ്ങളെ ഉണർത്തുവാനും, സംസ്കാരത്തെ വർദ്ധിപ്പിയ്ക്കുവാനും ഉതകുന്ന മറെറാരു കലാവിദ്യയുമില്ല. ഇന്നിന്ന വിഷയമേ അതിൽ ഉൾപ്പെടുത്തിക്കൂടുവെന്നോ, ഇന്നിന്നതൊക്കെയാണതിന്റെ സ്വരൂപമെന്നോ നിർവ്വചിയ്ക്കാവുന്നതുമല്ല. അതാണു് ആലങ്കാരികൻ,

“അപാരേ കാവ്യസംസാരേ
കവിരേവ പ്രജാപതിഃ।
യഥാസ്മൈ രോചതേ വിശ്വം
തഥൈവ പരിവർത്തതേ ॥”

എന്നു പറഞ്ഞിരിയ്ക്കുന്നതു്. ഈ അപാരമായ കാവ്യസംസാരത്തിലെ സ്രഷ്ടാവു് കവി തന്നെയാണു്. അദ്ദേഹം എങ്ങിനെ ഇഷ്ടപ്പെടുന്നുവോ, അങ്ങിനെ ഈ ലോകം പരിവർത്തനം ചെയ്യുന്നു.

സാഹിത്യകാരനും ശാസ്ത്രകാരനും സത്യസങ്കേതത്തിലേയ്ക്കു പോകുന്ന രണ്ടു പഥികന്മാരാണു്. ലോകസുഖം വർദ്ധിപ്പിയ്ക്കലാണു് ഈ രണ്ടാളുകളുടേയും ലക്ഷ്യം; പക്ഷേ ഒരാൾ സത്യത്തിന്റേയും മറേറ ആൾ സൌന്ദര്യത്തിന്റേയും മാർഗ്ഗത്തിൽക്കൂടിയാണു് അങ്ങോട്ടു പോകുന്നതു്. ശാസ്ത്രകാരന്റെ മാർഗ്ഗം കേവലം നഗ്നമായിട്ടുള്ളതാണെങ്കിൽ, സാഹിത്യകാരന്റെ മാർഗ്ഗം ഭാവനയുടെ

പരവതാനി വിരിച്ചിട്ടുള്ളതാണ്. അയാൾ സത്യവും സൌന്ദൎയ്യവും ആവിഷ്കരിയ്ക്കുന്നതിന്നു വേണ്ടി കള്ളവു പറയുന്നു. ശാസ്ത്രകാരന്റെ കണ്ണിൽ ഒരു മൃതഗോളം മാത്രമായ ചന്ദ്രൻ, സാഹിത്യകാരത്തിന്റെ ദൃഷ്ടിയിൽ ഐന്ദ്രിയുടെ ചന്ദനപ്പൊട്ടും, നീലാകാശപ്പൊയ്കയിൽ നീന്തുന്ന അരയന്നവും, ശീമക്കമെലപ്പന്തും മററുമായി മാറുന്നു. അപ്പോൾ ശാസ്ത്രകാരൻ പറയുകയാണ്: ഏയ്! ഇതു വെറും കളവാണ്; ശുദ്ധമേ അസംബന്ധമാണ്. കവി പനിനീർപ്പൂവിന്റെ മോഹനസൌരഭ്യത്തിലും, സുഭഗരൂപത്തിലും ആനന്ദം കൊള്ളുമ്പോൾ, ശാസ്ത്രകാരൻ അതിന്റെ ദളങ്ങളും കേസരങ്ങളും പരിശോധിച്ച് അതേതു വൎഗ്ഗത്തിൽപ്പെട്ടതാണെന്നും മററും അന്വേഷിയ്ക്കുകയാണ് ചെയ്യുന്നതു്. മഴവില്ലിന്റെ മനോജ്ഞതയെക്കുറിച്ചു ആനന്ദഗാനം പൊഴിയ്ക്കാത്ത കവികളുണ്ടായിട്ടില്ല; എന്നാൽ ശാസ്ത്രകാരൻ ഈ ഭ്രാന്തുകണ്ടു് അത്ഭുതപ്പെടുന്നു! അയാളുടെ ദൃഷ്ടിയിൽ മഴവില്ല് നീരാവിയിൽ പ്രതിഫലിയ്ക്കുന്ന സൂൎയ്യരശ്മികളല്ലാതെ മററൊന്നുമല്ല. കവിയുടെ ലക്ഷ്യം ഹൃദയമാണെങ്കിൽ ശാസ്ത്രകാരന്റെ ലക്ഷ്യം ബുദ്ധിയാണു്. കവി ഭാവത്തിലും ഭാവനയിലും ജീവിയ്ക്കുമ്പോൾ, ശാസ്ത്രകാരൻ സത്യത്തിലും പരീക്ഷണത്തിലും ജീവിയ്ക്കുന്നു. ലോകക്ഷേമത്തിന്നു വേണ്ടി പ്രവൎത്തിപ്പാൻ കടപ്പെട്ട ഇവരുടെ രണ്ടാളുടേരും കയ്യിൽ ചില നശീകരണ സാമഗ്രികളുണ്ടു്; പക്ഷെ കവിയ്ക്ക ശാസ്ത്രകാരനോളം ലോകത്തിന്നു ദോഷം ചെയ്യാൻ സാധിയ്ക്കയില്ല. അയാളുടെ കയ്യിൽ ഒരാററംബോമ്പുണ്ടാവുക ഒരിയ്ക്കലും സാദ്ധ്യമല്ലല്ലൊ.

പ്രപഞ്ചത്തിന്റെ ആദികാലം മുതല്ക്കു തന്നെ ശബ്ദാത്മകമായ ജ്യോതിസ്സ് പ്രകാശിയ്ക്കുന്നില്ലായിരുന്നുവെങ്കിൽ, ഈ ലോകം കൂരിരുളിൽ മുങ്ങിപ്പോകുമായിരുന്നുവെന്ന് ആചാര്യദണ്ഡി പറയുന്നു. സാഹിത്യം തമോനിബിഡമായ ഭൂതകാലത്തേയ്ക്കുള്ള ഒരു വൈദ്യുതദീപവും വർത്തമാനത്തിലെ വിശ്രമസ്ഥാനവും ഭാവിയിലേയ്ക്കുള്ള ഒരാശാതന്തുവുമാണ്. അതു കാലത്തെ കാലത്തോടും രാജ്യത്തെ രാജ്യത്തോടും സംഘടിപ്പിയ്ക്കുകയും അടുപ്പിയ്ക്കുകയും ചെയ്യുന്നു. സാഹിത്യമില്ലായിരുന്നുവെങ്കിൽ ലോകത്തിലെ അനേകം ചിന്തകന്മാരായ മഹാന്മാരുടെ സംസ്കാരഫലങ്ങളായ നേട്ടങ്ങളൊന്നും നമുക്കു ലഭിയ്ക്കുമായിരുന്നില്ല. കാലത്തിൽ നിന്നു കാലാന്തരത്തിലേയ്ക്കു് മഹാത്മാക്കളുടെ മരുന്നിട്ടുസൂക്ഷിച്ച ജീവരക്തവുംകൊണ്ടു പോകുന്ന കടത്തുകപ്പലാണ് സാഹിത്യം. അതിന്റെ പ്രഭാവം നിമിത്തം എത്രയോ ശതാബ്ദങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന വാല്മീകിയും വ്യാസനും കാളിദാസനും നമ്മോടു സംസാരിയ്ക്കുന്നു. കൃഷ്ണനും ക്രിസ്തുവും മുഹമ്മദ്നബിയും നമുക്കു ജ്ഞാനോപദേശം ചെയ്യുന്നു. ഷേക്സ്പിയറും മിൽട്ടനും ഓമറും ഗീഥേയും മററും നമ്മുടെ വീട്ടുകാരായിത്തീരുന്നു. ക്ഷീണിച്ച ആത്മാക്കൾക്കു ശക്തികൊടുക്കുന്നതും, വ്രണിതഹൃദയത്തിൽ അലിവുപുരട്ടുന്നതും സാഹിത്യമാണ്. നമ്മുടെ മാനസിക സംസ്കാരമെടുത്തു അപഗ്രഥിച്ചു നോക്കുവാൻ സാധിയ്ക്കുമെങ്കിൽ, അതിൽ നമുക്കു കാളിദാസൻ, എഴുത്തച്ഛൻ, വള്ളത്തോൾ ഷേക്സ്പിയർ തുടങ്ങിയ പലരേയും കാണുവാൻ സാധിയ്ക്കുന്നതാണ്.

സാഹിത്യത്തിൻെറ ലക്ഷ്യം എന്താണെന്ന് ഇതിന്ന് മുമ്പുതന്നെ സൂചിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. അതിൻെറ ഒന്നാമത്തെ ലക്ഷ്യം സഹൃദയന്മാരെ ആനന്ദിപ്പിയ്ക്കുന്നതു തന്നെയായിരിയ്ക്കണം. രസമാണ് കവിതയുടെ ആത്മാവ്, പ്രധാനാംശം, എന്ന് സംസ്കൃത സാഹിത്യ വിമർശകന്മാർ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു. രസമില്ലാത്ത, വികാരസ്ഫുരണമില്ലാത്ത, കവിതയിൽ അലങ്കാരങ്ങൾ അണിയിയ്ക്കുന്നതു മൃതശരീരത്തിൽ ആഭരണങ്ങൾ അണിയിയ്ക്കുന്നതു പോലെയാണ്. അലങ്കാരം രസത്തെ പോഷിപ്പിയ്ക്കുന്നതായി വരുമ്പോൾ അതിന്നു സാഹിത്യത്തിൽ മാന്യമായ ഒരു സ്ഥാനം തന്നെയുണ്ട്. എന്നാൽ യാതൊരലങ്കാരവുമില്ലെങ്കിലും രസസ്ഫുരണമുണ്ടെങ്കിൽ കവിത ശോഭിയ്ക്കുക തന്നെ ചെയ്യും; നോക്കുക:—

"നീളം പെട്ടം മിഴി പടിപ്പുര വിട്ടുപോകു-
വോളം ഹതാശയ നടത്തി വരന്നു പിമ്പേ,
ആളററ തൻെറ യറ കൊട്ടിയടച്ചു തയ്യ-
ലാമ്മനിലത്തിലിടനെഞ്ചു പൊടിഞ്ഞു വീണു".

(ശങ്കരക്കുറുപ്പ്—രമ)

കഴിയുന്നേടത്തോളം തട്ടുത്തുനോക്കിയിട്ടും അതിനെ വിലവെയ്ക്കാതെ, ഭർത്താവു വേശ്യാലയത്തിലേയ്ക്കു പോകുമ്പോഴത്തെ, ഭർത്തൃമയൈക ജീവിതയായ ഒരു യുവതിയുടെ സ്ഥിതിയെയാണ് കവി ഇവിടെ ചിത്രീകരിച്ചിരിയ്ക്കുന്നത്.

ചിലക്ക് രസം മാത്രമേ ആവശ്യമുള്ളൂ. അതിൽക്കവിഞ്ഞ ഒരു കൃത്യം സാഹിത്യത്തിന്നു നിർവ്വഹിപ്പാനുണ്ടെ

ന്നു വിശ്വസിപ്പാൻ അവർ തയാറില്ല. രസാനുഭൂതി മാത്രമാണവരുടെ ലക്ഷ്യം. കലാധർമ്മങ്ങളെ ബലി കഴിച്ചുകൊണ്ടുള്ള പ്രചാര വേലയുടെ ആധിക്യം ഒരു പക്ഷേ, പ്രസ്തുതാഭിപ്രായം പുറപ്പെടീയ്ക്കുന്നതിന്നു് വിമർശകന്മാരെ പ്രേരിപ്പിച്ചിട്ടുണ്ടായിരിയ്ക്കാം. ഏതായാലും നമ്മുടെ നാട്ടിൽ ഈ അഭിപ്രായഗതി പുതിയതാണു്. നമ്മുടെ നാട്ടിലെ സാഹിത്യ വിമർശകന്മാർ ഐകകണ്ഠ്യേന പറയുന്നതു് കവിത ഒരു ഉത്തമയായ പ്രിയതമയെപ്പോലെ സന്മാർഗ്ഗപ്രേരണ ചെയ്യണമെന്നാണു്; ഇതിൽ ആരും ഭിന്നാഭിപ്രായം പുറപ്പെടുവിച്ചു കണ്ടിട്ടില്ല. ബോധം കെടുത്തുവാനുള്ള മരുന്നു് (ക്ലോറാഫോറം) കൊടുത്തു് ഒരു സമർത്ഥനായ ഭിഷഗ്വരൻ ശരീരത്തിൽ ശസ്ത്രപ്രയോഗം നടത്തി രോഗം സുഖപ്പെടുത്തുന്നതു പോലെയാണു്, ഒരു സാഹിത്യകാരൻ രസാനുഭൂതിയിൽ മുക്കിയ സഹൃദയ ഹൃദയത്തിൽ വിജയകരമായി ശസ്ത്രപ്രയോഗം നടത്തി രോഗം ശമിപ്പിയ്ക്കുന്നതു്. തനിയ്ക്കു രസാനുഭൂതി നൽകേണ്ടഭാരം മാത്രമേയുള്ളുവെന്നു് വാദിയ്ക്കുന്ന ഒരു സാഹിത്യകാരൻ ചെയ്യുന്നതു്, തന്റെ വശമുള്ള ഇരുപുറവും മൂർച്ചയുള്ള ആയുധത്തിന്റെ ഒരു പുറം മാത്രമേ ഉപയോഗിയ്ക്കുകയുള്ളുവെന്നു് ശാഠ്യം പിടിയ്ക്കുകയാണു്; ഏതായാലും ലോകത്തിൽ പലകാലത്തും രാജ്യത്തും ഉണ്ടായിട്ടുള്ള ലോകോത്തരന്മാരായ സാഹിത്യകാരന്മാരാരും ഈ വാദഗതിയെ മാനിച്ചുകാണുന്നില്ലെന്നുള്ളതു് ആശാപ്രദമാണു്.

ഇന്നത്തെ മലയാള പത്രങ്ങളും മാസികകളും വായിച്ചു കൊണ്ടിരിയ്ക്കുന്നവർക്കു്, യാഥാസ്ഥിതികന്മാരും ഉൽ

പ്പതിഷ്ണുക്കളും തമ്മിലുള്ള ഒരു വടം വലി നടക്കുന്നതു കാ ണാവുന്നതാണ്. യാഥാസ്ഥിതികന്മാക്ക് പുരോഗമനക്കാരുടെ ഗമനം അധഃപതനഗത്തത്തിലേയ്ക്കാണെന്നാണ് തോന്നുന്നതു്. ഉൽപ്പതിഷ്ണുക്കളിൽ ചിലർ വലിയ തീവ്ര വാദികളുമാണ്. ഇതുവരെയുണ്ടായിട്ടുള്ള സാഹിത്യമെല്ലാം ചുട്ടുകളയണമെന്നുകൂടി ഇവരിൽ ചിലർ അഭിപ്രായപ്പെടുകയുണ്ടായി. ഈക്കൂട്ടരോട്ട് നമുക്കൊരു ബന്ധവും ഉണ്ടായിക്കൂട. ഒന്നും സമ്പാദിപ്പാൻ കഴിയാത്ത ഇവർ പഴയ നേട്ടങ്ങളെയെല്ലാം നശിപ്പിച്ചു് ദീപാളി കുളിയ്ക്കുവാൻ ഒരുങ്ങിയവരാണ്. കാലം മാറിക്കൊണ്ടിരിയ്ക്കുമ്പോൾ പഴയ അഭിപ്രായങ്ങൾ പുതിയഅഭിപ്രായങ്ങൾക്കു വഴിമാറിക്കൊടുക്കേണ്ടി വരുമെന്നുള്ളതു് സ്വാഭാവികമാണ്. ലോകത്തിൻെറ ഒരമൂല്യസ്വത്തായ ഭാരതീയ സംസ്കാരത്തിൻെറ കലവറ സംസ്കൃതസാഹിത്യമാണ്. ആ ഭാഷയുടെ സാംസ്കാരിക പ്രേരണയിൽ വളന്നിട്ടുള്ളതുകൊണ്ടു് നമുക്കുണ്ടായിട്ടുള്ള നേട്ടവും ഗണനീയമാണ്; എന്നിരുന്നാലും ഈ ഇരുപതാം നൂററാണ്ടിൽ ജീവിച്ചിരിയ്ക്കുന്ന ഒരു കേരളീയ സാഹിത്യകാരൻ, അഭിപ്രായ വിപ്ലവങ്ങളുടെ കോളിളക്കത്തിൻെറ ഗംഭീരമായ ഇരമ്പൽ കേട്ടുകൊണ്ടിരിയ്ക്കുന്ന ഒരു കേരളീയ സാഹിത്യകാരൻ, ഓരോ രാജ്യക്കാരുടേയും സാംസ്കാരിക മൂല്യത്തെ കണ്ടറിവാനും അവയുടെ മാററുരച്ചു നോക്കുവാനും സൌകര്യമുള്ള ഒരനുഗ്രഹീത കാലഘട്ടത്തിൽ ജീവിച്ചിരിയ്ക്കുന്ന ഒരു കേരളീയ സാഹിത്യകാരൻ ഇനിയും സംസ്കൃതസാഹിത്യാചാര്യന്മാർ വരച്ച വരയിൽ നിന്നു് ഒരടിപോലും മുമ്പോട്ടു വെച്ചുകൂടെന്നു ശഠിയ്ക്കുന്നതു് സാഹസമല്ലേ? കഥാ പാത്രങ്ങളെ

സൃഷ്ടിയ്ക്കുവാനുള്ള കരുവും അലങ്കാരങ്ങളുടെ എണ്ണവും തരവും എല്ലാം സംസ്കൃത സാഹിത്യാചാര്യന്മാർ ചൂണ്ടിക്കാണിച്ചവതന്നെയായിരിയ്ക്കണമെന്നു ശാസിയ്ക്കുന്നതു് അനാശാസ്യമല്ലേ? മലയാള സാഹിത്യം സ്വതന്ത്രമാകേണ്ട കാലമായിരിയ്ക്കുന്നു. അതിന്നിനി അന്യ സാഹിത്യങ്ങളുടെ സഹകരണത്തോടുകൂടിയുള്ള വളർച്ചയാണാവശ്യം; അടിമത്തമല്ല; നമ്മുടെ ചില സാഹിത്യ നിരൂപകന്മാർ സംസ്കൃതത്തിന്റെ ചെങ്കോൽ തട്ടിപ്പറിച്ചു് ഫ്രഞ്ചു ഭാഷയ്ക്കു കൊടുപ്പാനാണിപ്പോൾ ഒരുങ്ങുന്നതെന്നു തോന്നുന്നു. മലയാളത്തിലുണ്ടാകുന്ന ഓരോ സാഹിത്യപ്പൊടിപ്പും ഫ്രാൻസിലെ ഏതു സാഹിത്യ ശാഖയിൽനിന്നു കടന്നതാണെന്നാണവരുടെ ആലോചന.

ഏതായാലും ഭാവനാ ലോകത്തിൽ മാത്രം വിഹരിച്ചു് യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടയ്ക്കുന്നതു് തെററാണെന്നു വാദിയ്ക്കുന്ന ജീവത്സാഹിത്യകാരൻ നില്ക്കുന്നതു് ഒരു തെററായ സ്ഥാനത്താണെന്നു തോന്നുന്നില്ല. ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്തകലയെ വിലാസപ്രിയന്മാർക്കുള്ള ഒരു ഭോഗ്യവസ്തു മാത്രമാക്കിത്തീർക്കുന്നതു കഷ്ടമാണു്. അതു കുറേക്കൂടി കീഴോട്ടിറങ്ങേണ്ടിയിരിയ്ക്കുന്നു. അതു കുറേക്കൂടി ജനകീയമായിത്തീരേണ്ടിയിരിയ്ക്കുന്നു. സാഹിത്യാദികലകൾക്കു് ഒരതിർത്തിവരെ മാത്രമേ ജനകീയമായിത്തീരുവാൻ സാധിയ്ക്കുകയുള്ളൂ എന്ന വാദത്തെ അടിസ്ഥാനപ്പെടുത്തി അതിന്നുണ്ടായിരിയ്ക്കേണ്ട സാമാന്യ ജനസമ്പർക്കത്തെ കഴിയുന്നതു ഒഴിച്ചു വിടുന്നതു ശരിയല്ല; എന്നാൽ സാഹിത്യത്തെ കീഴോട്ടിറക്കിക്കൊണ്ടു വരുന്ന സാ

രംഭത്തിൽ; അതു ജനകീയമാക്കിത്തീർക്കുവാനുള്ള സംരംഭ ത്തിൽ, ഒരു രമണീയ കലയാണതെന്നുള്ളതു് വിസ്മരിച്ചു കൂടുന്നതല്ല. സാഹിതിയുടെ കോമളമുഖത്തിന്നു് പരുക്ക തട്ടത്തക്കവണ്ണം അവളെക്കൊണ്ടു് പ്രചാരവേല ചെയ്യിച്ചു കൂട. റഷ്യയിലെ വിപ്ലവത്തിന്നു ശേഷം റഷ്യൻ സാഹി ത്യകാരന്മാർ കലാധർമ്മങ്ങളെ വിസ്മരിച്ചു് പ്രചാര വേല യിൽ ഏർപ്പെട്ടു; എന്നാൽ അവർ അവരുടെ തെററു് അ ചിരേണ മനസ്സിലാക്കി അതു തിരുത്തുവാൻ സന്നദ്ധരായി. ഇന്നു മഹാഭാരതം മുതലായ വലിയ സംസ്കാരിക മൂല്യ മുള്ള ഗ്രന്ഥങ്ങൾ റഷ്യൻ ഭാഷയിലേയ്ക്കു് സംക്രമിച്ചു വരുന്നു. റഷ്യൻവിപ്ലവത്തിൻെറ നായകനായിരുന്ന ലനിൻ ഒരു സഖാവിൻെറ നാടകം കണ്ടുകഴിഞ്ഞ ശേഷം അ യാളെ അടുത്തേയ്ക്കു വിളിച്ചു് ഷേക്സ്പിയർ പത്തു പ്രാ വശ്യം വായിയ്ക്കുവാൻ ഉപദേശിയ്ക്കുകയുണ്ടായത്രെ. ക ലയെ വ്യഭിചരിപ്പിച്ചു് പ്രചരണ വേലയ്ക്കൊരുങ്ങുന്ന നമ്മുടെ പ്രചരണ സാഹിത്യകാരന്മാർക്കു ശ്രദ്ധേയമായ ഒരു ഉപദേശമാണിതു്. സാഹിത്യകാരൻ ഒരു സമുദായ ജീവിയായതുകൊണ്ടു് കാലപ്രവാഹത്തിന്നനുസരിച്ചു് നീ ന്താതെ അയാൾക്കു കഴിവില്ല; എന്നാലും അയാൾ, താൻ നീന്തുന്നതു് വെറും വെള്ളത്തിൽക്കൂടിയാണൊ അതോ സംസ്കാരത്തിൻെറയും ഭാവനയുടെയും രസസ്ഫുരണത്തി ൻെറയും ഉറവുചാലുകൾ അതിൽ കൂടിക്കലർന്നിട്ടുണ്ടോ എന്നുകൂടി ചിന്തിയ്ക്കേണ്ടതുണ്ടു്. കവികാലത്തിൻെറ ഒരു ഘടികാരം മാത്രമായിരുന്നാൽ പോരാ. അയാൾ സംസ്കാ രത്തിൻെറ വിളനിലവും, ഭാവനയുടെ വിഹാരരംഗവും, കാലത്തിൻെറ നിയാമകനും കൂടിയായിരിയ്ക്കണം. ചുററു

പാടം കാണുന്ന വൃത്തികേടുകളേയും വൈരൂപ്യങ്ങളേയും അങ്ങിനെ തന്നെ അശ്ലീല ഭാഷയിൽ പകർത്തുന്നതാണു് മികച്ച ജീവത്സാഹിത്യമെന്നു് നമ്മുടെ ഇടയിൽ ചിലർ ധരിച്ചിട്ടുള്ളതുപോലെ തോന്നുന്നു. അതു ശരിയായിരിപ്പാൻ വയ്യ.

അപ്പോൾ സാഹിത്യകാരൻ തന്റെ വായനക്കാരനെ രസിപ്പിച്ചാൽ മാത്രം പോര; അതോടൊപ്പം തന്നെ അയാളെ ഉയർത്തുകകൂടിവേണം. മധുരപദാർത്ഥത്തിൽപ്പൊതിഞ്ഞ ഔഷധം പോലെയാണു് കലയിൽ പൊതിഞ്ഞ കർത്തവ്യാകർത്തവ്യോപദേശം. ഏതു രാജ്യത്തും കാലത്തും ജീവിച്ചിരുന്ന സാഹിത്യകാരന്മാർ തങ്ങളുടെ അനുഗൃഹീതമായ കലാസമ്പത്തിന്റെ സാഹായ്യത്തോടുകൂടി സമുദായ സേവനത്തിന്നു ശ്രമിച്ചു വന്നതായിക്കാണുന്നുണ്ടു്. വീരഭടന്മാരുടെ വാളിനേക്കാൾ വിശിഷ്ടസാഹിത്യകാരന്മാരുടെ തൂലികയാണു് ഓരോ രാഷ്ട്രത്തിന്റേയും ചരിത്രം മാററുന്നതിന്നു സഹായിച്ചിട്ടുള്ളതു്. തുർക്കിയിലെ പരിവർത്തനത്തിന്നും ഫ്രഞ്ചുവിപ്ലവത്തിന്നും എല്ലാം അടിയിൽ അവിടങ്ങളിലെ സാഹിത്യകാരന്മാരും നാടകവേദികളും മററും ധാരാളമായി പ്രവർത്തിച്ചിട്ടുള്ളതായിക്കാണാം. എന്തിന്നു മററു രാജ്യങ്ങളിലേയ്ക്കു പോകുന്നു? നമ്മുടെ നാട്ടിലെത്തന്നെ കഥയെന്താണു്? ബങ്കിം ചന്ദ്ര ചാററർജി, രവീന്ദ്ര നാഥ ടാഗൂർ, സേർ. മുഹമ്മദ് ഇക്ബാൽമുതലായ സാഹിത്യകാരന്മാരുടെ വിശേഷാത്തരഗീതങ്ങൾ ഉത്തരേന്ത്യയേയും, സുബ്രഹ്മണ്യ ഭാരതിയുടെ ഗാനങ്ങൾ ദക്ഷിണേന്ത്യയേയും ഉണർത്തുന്നതിന്നു് കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളതു്. കേരളത്തിന്റെ ദേശാഭിമാ

നത്തെ ആളിക്കത്തിയ്ക്കുന്നതിന്ന് വള്ളത്തോളിൻെറ രാ
ഷ്ട്രീയ ഗാനങ്ങൾക്കുണ്ടായിട്ടുള്ള പങ്കിനെപ്പററി നമുക്കറി
യാവുന്നതാണല്ലൊ.

അപ്പോൾ സാഹിത്യകാരൻെറ കഴിവ് മഹത്തര
മാണ്. തനിയ്ക്കു ലോകശുശ്രൂഷ ചെയ്യാൻ ലഭിച്ചിട്ടുള്ള
ആ അനുഗൃഹീതമായ പ്രാപ്തിയെ എന്തിനയാൾ ഉപയോ
ഗിയ്ക്കാതിരിയ്ക്കണം? കലകലയ്ക്കുവേണ്ടിയെന്നു വാദിയ്ക്കുന്ന
ആളിൽനിന്ന് അധികമൊന്നും ആശിപ്പാനില്ല.

സാഹിത്യത്തിൻെറ സാദ്ധ്യതകളെന്തെല്ലാമാണെന്ന
റിവാൻ നാം ദൂരത്തെങ്ങും പോകേണ്ടതില്ല. നമ്മുടെ വ്യാ
സഭാരതവും വാല്മീകിരാമായണവും മാത്രം പരിശോധി
ച്ചാൽ മതിയാകുന്നതാണ്. അനേകമനേകം നൂററാണ്ടു
കളായി ഇന്ത്യയുടെ സാംസ്കാരിക ഭാഗങ്ങൾക്ക് രൂപം
കൊടുത്തു വളർത്തിക്കൊണ്ടു വന്നിട്ടുള്ളതു് ആ രണ്ടു മഹാ
ഗ്രന്ഥങ്ങളാണ്; ആ രണ്ടു സാഹിത്യ നദികൾ കാലാന്തര
ങ്ങളേയും ദേശാന്തരങ്ങളേയും കടന്ന് അനേകം ഊഷര
പ്രദേശങ്ങളെ പച്ച പിടിപ്പിയ്ക്കുകയും ഫലസമൃദ്ധങ്ങളാ
ക്കുകയും ചെയ്തിട്ടുണ്ട്. ഉപനിഷത്തുക്കളുടെ സാര സർവ്വ
സ്വം സംഗ്രഹിച്ചു വെച്ചിരിയ്ക്കുന്ന ഭഗവൽഗീത, കോടി
ക്കണക്കിലുള്ള ആളുകൾക്ക് കർത്തവ്യത്തിൻെറ മാർഗ്ഗപ്രദ
ർശനം ചെയ്തുകൊണ്ടിരിയ്ക്കുന്ന ആശാശ്വത മംഗളദീപം,
മഹാഭാരതത്തിലെ ഏതാനും അദ്ധ്യായങ്ങൾ മാത്രമാണ്.
രാമായണത്തെപ്പററി മഹാകവി രവീന്ദ്ര നാഥ ടാഗോർ
പറയുന്നതു് അതിൻെറ ഇരുപത്തിനാലായിരം ആനുഷ്ടുഭ
ച്ഛന്ദസ്സുകളിൽക്കൂടി നാം കേൾക്കുന്നതു് ഇന്ത്യയുടെ ഹൃദ

ഋസ്പന്ദനമാണെന്നാണ്. സീതയുടെ വർഗ്ഗത്തിൽ ജനി യ്ക്കുകയെന്നതു തന്നെ അഭിമാനകരമായിട്ടുള്ളതാണ്; സ്ത്രീ കരം അവളെ സ്വപ്നം കണ്ടാൽക്കൂടിമതി എന്ന അർത്ഥ ത്തിൽ സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. ഭാരതീ യ സ്ത്രീത്വത്തിൻേറയും ചാരിത്ര മാഹാത്മ്യത്തിൻേറയും രജത നക്ഷത്രമായ ഒരു സീത, യൌവനത്തിൻെറ വിഭാത വേളയിൽ ചെങ്കോലും കിരീടവുമുപേക്ഷിച്ച് കർത്തവ്യത്തി ൻെറ ബലിപീഠത്തിൽ ജീവിതം സമർപ്പിച്ച ഒരു രാമൻ, തൻെറ പ്രാണവായുവിനെക്കൂടി സത്യത്തിൻെറ ഹോമകു ണ്ഡത്തിൽ ആഹുതിചെയ്യുന്ന ഒരു ദശരഥൻ, സാഹോദ ര്യത്തിൻെറ രത്നദീപങ്ങളായ ഭരത ലക്ഷ്മണന്മാർ. ഇവ രെയൊക്കെ സൃഷ്ടിച്ച വാല്മീകി മഹർഷിയെ ആ ആദിക വിയെ, കാലത്തിനെങ്ങിനെ മറക്കുവാൻ സാധിയ്ക്കും? രാ മായണവും ഭാരതവും പഴയതാണെന്നു പറഞ്ഞു് നമ്മുടെ ചില പരിഷ്കാരികൾ അപഹസിയ്ക്കാറുണ്ട്. അതെ, അവ പഴയവതന്നെ; സൂര്യചന്ദ്രന്മാരും പഴയവരാണ ല്ലോ; പക്ഷെ അവരെ പുതിയ മുഖത്തോടുകൂടിയല്ലാതെ നാം ഒരു ദിവസവും കാണാറില്ല; അതാണവയ്ക്കുള്ള ഒരു വിശേഷം. “സത്യം വദ,” “ധർമ്മം ചര.” “മാതൃദേവോ ഭവ,” “പിതൃദേവോ ഭവ.” എന്നു തുടങ്ങിയുള്ള വൈദിക സൂക്തികളുടെ മധുര വ്യാഖ്യാനങ്ങളാണ്, പൂർണ്ണമായ ക ലയിൽക്കൂടിയുള്ള പ്രചാരവേലയാണ്, നാം രാമായണ ത്തിലും ഭാരതത്തിലും കാണുന്നതു്. പ്രത്യക്ഷമായോ പ രോക്ഷമായോ നമ്മുടെ സാംസ്കാരികമായ വളർച്ചയ്ക്കു് വളം

വെച്ചു പോരുന്നതു് ആ മഹാഗ്രന്ഥങ്ങളാണെന്നുള്ളതു് സൂക്ഷിച്ചു നോക്കിയാലറിയാവുന്നതാണു്. ആ മഹാകവികളും "കലകലയ്ക്കുവേണ്ടി മാത്രമാണെ"ന്നു് വാദിച്ചിരുന്നുവെങ്കിൽ അതു ലോകത്തിന്നെത്രമാത്രം നഷ്ടമാകുമായിരുന്നു!

"ചക്രവാളം"

---

# 2. സർ മുഹമ്മദ് ഇഖ്ബാൽ

(ഒരാസ്വാദനം)

ആധുനിക ഇസ്ലാമിക ലോകത്തിൻെറ പരിഷ്കൎത്താവെന്ന നിലയിലും, കൎമ്മപ്രചോദനംചെയ്യുന്ന ഒരു കവിയെന്ന നിലയിലും, സർ മുഹമ്മദ് ഇഖ്ബാലിന്നുള്ള സ്ഥാനം അനുപമമാകുന്നു. മതകാൎയ്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത ഒരു യാഥാസ്ഥിതിക മുസൽമാനേയും, സ്വതന്ത്രനായ ഒരു തത്വചിന്തകനേയും, ഭാവനാകുബേരനും വൈദ്യുതശക്തികൊണ്ടു കൈകാൎയ്യം ചെയ്യുന്നവനുമായ ഒരു കവിയേയും ഇഖ്ബാലിൽ സമ്മേളിച്ചു കാണമാവുന്നതാണ്. കവിത വിതച്ചു വാളുകൊയ്യെടുക്കുന്നവനെന്ന് അദ്ദേഹത്തെക്കുറിച്ച് വിമൎശകന്മാർ പറഞ്ഞിട്ടുള്ളതു് വളരെ വാസ്തവമാണ്. അദ്ദേഹത്തിൻെറ ശബ്ദം ഇടിമുഴക്കമൊണ്; ആത്മാവിടിമിന്നലാണ്. നമ്മുടെ കവികളുടെ തണ്ടാരും വണ്ടിണ്ടയും ചന്ദ്രികയും എല്ലാം ഇഖ്ബാലിനെസ്സംബന്ധിച്ചേടത്തോളം കേവലം വിരസങ്ങളാണ്. അഗ്നിജ്വാലയും ഇടിമുഴക്കവും മിന്നൽപ്പിണരും മററുമാണ് അദ്ദേഹത്തിൻെറ ഉപമാനപദാൎത്ഥങ്ങൾ. തത്വജ്ഞാനത്തിൻെറ കരുപ്പുതീററി മനുഷ്യനെ കൎമ്മവിമുഖനാക്കുന്ന സാഹിത്യകാരന്മാരേയും ചിന്തകന്മാരേയും അദ്ദേഹം കഠിനമായി പരിഹസിച്ചിട്ടുണ്ടു്. ഒരു ഇസ്ലാം മതവിശ്വാസിയുടെ നിലയിലുള്ള അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെക്കുറിച്ചു് നിങ്ങൾക്കു ചിലതൊക്കെപ്പറവാനു

ണ്ടാകുമെന്നതു ശരിതന്നെ; എന്നാൽ ഒരു കവിയെന്ന നിലയിലുള്ള ഇഖ്ബാളിനെ നിങ്ങൾ തികച്ചും സ്വീകരിയ്ക്കാതെയിരിയ്ക്കയില്ല. അത്തരത്തിലുള്ള ഒരു പ്രതിഭാശാലിയാണദ്ദേഹം.

## കവിയുടെ ഭാഷ

കഥാനായകൻെറ ഭാഷ നമ്മുടേതല്ല നമുക്കജ്ഞാതമായ ഒരു ഭാഷയിലാണദ്ദേഹം മിയ്ക്കവാറും സംസാരിക്കുന്നതു്. കവിഭാഷതന്നെ സാധാരണൻേറതല്ലല്ലോ; പോരെങ്കിൽ നമ്മുടെ കഥാനായകൻ പേഴ്സ്യൻ ഭാഷയാണു് തൻെറ കവനകലാപ്രകാശനത്തിന്നുള്ള സാമഗ്രിയായി സ്വീകരിച്ചിട്ടുള്ളതു്. പേഴ്സ്യൻ ഭാഷ വലിയ പാരമ്പര്യമാഹാത്മ്യമെല്ലാമുള്ളതാണു്. നമ്മുടെ നാട്ടിലെ വലിയ സംസ്കൃതപണ്ഡിതന്മാർ അവരുടെ കവനവിഹാരത്തിന്നു് സംസ്കൃതത്തെ സ്വീകരിയ്ക്കാറുള്ളതുപോലെ അദ്ദേഹം പേഴ്സ്യനെ സ്വീകരിച്ചു. ചില പുസ്തകങ്ങൾ ഉർദുവിലുമുണ്ടു്; പക്ഷെ അധികവും പേഴ്സ്യനിലാണു്. ആകെ അദ്ദേഹം പതിമൂന്നോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതധികവും പേഴ്സ്യൻതന്നെയാണു്. "അസ്രാറിഖുദി" എന്ന പ്രസിദ്ധ പേഴ്സ്യൻ ഗ്രന്ഥം (The Secrets of the Self) എന്ന പേരിൽ കേംബ്രിഡ്ജ സർവ്വകലാശാലയിലെ പേഴ്സ്യൻ ഭാഷാ പ്രാസംഗികനായിരുന്ന റയിനോൾഡ്. എ. നിക്കൽസൻ ഇംഗ്ലീഷിലേയ്ക്കു തർജ്ജമ ചെയ്തിട്ടുണ്ടു്. ഇതിൻെറ ഒരു പരിഭാഷ പ്രസിദ്ധഗദ്യകാരനായ വക്കം അബ്ദുൾഖാദർ സാഹിബ് മലയാളഭാഷയ്ക്കും സമ്മാനിച്ചിരിയ്ക്കുന്നു. "ആവലാതിയും മറുവടിയും" (The Complaint and the Answer) എന്ന ഗ്രന്ഥത്തിന്നു് അ

ട്ടാഫ് ഹുസ്സൈൻ എം. എ. അവർകളുടെ വകയായി ഒരിംഗ്ലീഷു തർജ്ജമയും ഉണ്ടു്. അദ്ദേഹത്തിൻെറ ചില പ്രസംഗങ്ങളും മററും പ്രസിദ്ധം ചെയ്തിട്ടുള്ളതു് ഇംഗ്ലീഷിൽത്തന്നെയാണു്. കവി പേഴ്സ്യൻ ഭാഷ സ്വീകരിപ്പാനുള്ള കാരണം പറയുന്നു:—

"ഭാരതീയഭാഷ സുധാമധുരമാണു്; എങ്കിലും പേഴ്സ്യൻഭാഷ അതിലും മാധുര്യം കൂടിയതാണു്. അതിൻെറ രാമണീയകത്താൽ എൻെറ മനസ്സ് ആകൎഷിയ്ക്കപ്പെട്ടു ........എൻെറ ചിന്തകളുടെ ഔന്നത്യത്തിന്നു് പേഴ്സ്യൻ മാത്രമാണു് പററുന്നതു്."

ഏതായാലും ഒരു കവിയുടെ മൂലഭാഷയിലുള്ള കൃതികൾ മുഴുവനും വായിയ്ക്കാതെ പറയുന്ന അഭിപ്രായങ്ങൾ അപൂൎണ്ണങ്ങളും വികലങ്ങളുമാകാൻ വഴിയുണ്ടു്.

യൂറോപ്യൻ സംസ്കാരവുമായി വളരെയധികം പരിചയപ്പെട്ടിട്ടുള്ള ഒരാളാണു് ഈ കവി. കേംബ്രിഡ്ജിലും മ്യൂനിച്ചിലുമാണു് അദ്ദേഹത്തിൻെറ ഉയൎന്ന വിദ്യാഭ്യാസമുണ്ടായിട്ടുള്ളതു്: മ്യൂനിച്ച് സൎവ്വകലാശാല അദ്ദേഹത്തിന്നു് പി. എച്ച്. ഡി. ബിരുദം നൽകി. യൂറോപ്പിലെ പ്രധാനപ്പെട്ട തത്വചിന്തകന്മാരുടെ വഴികളെല്ലാം കവിയ്ക്കു സുപരിചിതങ്ങളായിരുന്നു; എന്നാൽ യൂറോപ്പിലെ യാതൊരു സ്വതന്ത്രചിന്തകനും അദ്ദേഹത്തിൻെറ ചിന്താഗതിയെ ഇസ്ലാമിൻെറ നിൎദ്ദിഷ്ടമാൎഗ്ഗത്തിൽനിന്നു് ലേശംപോലും വ്യതിചലിപ്പിയ്ക്കുന്നതിന്നു കഴിഞ്ഞില്ല. ഖുർആനും ഇസ്ലാമിക മാൎഗ്ഗങ്ങളും അദ്ദേഹത്തെസ്സംബന്ധിച്ചേടത്തോളം വിമൎശനാതീതങ്ങൾ തന്നെയായിരുന്നു. നി

രിശ്വരവാദികൾ, സൂഫികൾ, "അഹംബ്രഹ്മാസ്മി"ക്കാർ, പരത്തിനുവേണ്ടി ഇഹത്തെ കളയുന്നവർ, ഭിക്ഷുവികൾ, മുതലായവരെ നമ്മുടെ കവി പുരുഷമായി ആക്ഷേപിയ്ക്കുകയും, പരിഹസിയ്ക്കുകയും ചെയ്തിട്ടുണ്ട്. തത്വജ്ഞാനിയായ പ്ലേറേറാവിനെപ്പററി കവി പറയുന്നതു്, "അദ്ദേഹം മനുഷ്യൻെറ ഉടുപ്പിൽ വന്നിട്ടുള്ള ഒരാടാണെ"ന്നാണു്. "ഒരു യതിവര്യനും സന്യാസിയുമായിരുന്ന പ്ലേറേറാ പഴയ കാലത്തെ ചെമ്മരിയാട്ടിൻ കൂട്ടത്തിൽപ്പെട്ട ഒന്നായിരുന്നു" വത്രെ! പ്ലേറേറാവിൻെറ തത്വശാസ്ത്രം ഇസ്ലാം സാഹിത്യത്തിലും ഛായാവാദ (Mysticism)ത്തിലും വളരെയധികം സ്വാധീനശക്തി ചെലുത്തീട്ടുണ്ട്. മുസൽമാന്മാർ അതിൽ നിന്നു് തങ്ങളുടെ സാഹിത്യത്തേയും സംസ്കാരത്തേയും സംരക്ഷിയ്ക്കേണ്ടതാണെന്നു് കവി വാദിയ്ക്കുന്നു; അദ്ദേഹം പ്ലേറേറാവിനെപ്പററി പാടുകയാണു്:—

"ജീവിതത്തിൻെറ രഹസ്യം മരണമാണെന്നു് അയാൾ പറയുന്നു; മെഴുകുതിരിയുടെ മഹത്വം അതുകെടുത്തുന്നതിലാണെന്നു് അയാൾ സിദ്ധാന്തിക്കുന്നു. അയാൾ നമ്മുടെ ചിന്തയെ ഭരിയ്ക്കുന്നു. അയാളുടെ പാനപാത്രം നമ്മെ നിദ്രയിലേയ്ക്കു നയിയ്ക്കുന്നു. ഇന്ദ്രിയ ലക്ഷ്യമായ ലോകത്തെ അയാൾ നമ്മളിൽനിന്നപഹരിയ്ക്കുകയും ചെയ്യുന്നു.........സൂഫിയുടെ ആത്മാവു് അയാളുടെ പ്രാമാണ്യത്തിനു മുമ്പിൽ കുമ്പിടുന്നു. തൻെറ ലഹരികൊണ്ടു് അയാൾ ജനങ്ങളിൽ വിഷം കലർത്തി; അയാൾ മയങ്ങിക്കിടന്നു പ്രവൃത്തിയിൽ യാതൊരാനന്ദവും കാണ്മാൻ അയാൾക്കു കഴിഞ്ഞില്ല"

പ്ലാറേറാവിനെപ്പററി ഇങ്ങിനെ പലേ ആക്ഷേപങ്ങളാണ് കവിയ്ക്കുള്ളതു്. യൂറോപ്യനാണെന്നോ തത്വജ്ഞാനിയാണെന്നോ ഉള്ള ഭ്രമമൊന്നും നമ്മുടെ കവിയ്ക്കില്ല.

യുക്തിവൈകല്യങ്ങളേയും ക്ഷുദ്രതയേയും അദ്ദേഹം തൻെറ നിശിതമായ ബുദ്ധിയിൽ കത്തിക്കോർത്തു നിർജ്ജീവമാക്കുകയാണ് ചെയ്തിരുന്നതു്. കർമ്മവൈമുഖ്യമാണ് അദ്ദേഹത്തെ ഏററവുമധികം വെറുപ്പിച്ചിരുന്നതെന്നു തോന്നുന്നു. കർമ്മപ്രചോദനം ചെയ്യുന്ന ഗീതാകർത്താവിനെ നിങ്ങൾക്കു സർ. മുഹമ്മദിൽ വ്യക്തമായിക്കാണുവാൻ കഴിയും; എന്നാൽ അനഹംകാരിതയെ ഉപദേശിക്കുന്ന ഗീതാകർത്താവിനെ നമ്മുടെ കവിയ്ക്കിഷ്ടമല്ല. വ്യക്തിഭാവ (Egoism) ത്തിലാണ്, അതിൻെറ ശരിയായ വളർച്ചയിലാണ്, മനുഷ്യത്വത്തിൻെറ മഹത്വമെല്ലാമിരിയ്ക്കുന്നതെന്നു് ഇഖ്ബാൽ വിശ്വസിയ്ക്കുന്നു. ഈ വ്യത്യസ്തത അഹംകാരത്തെ (Egoism) രണ്ടു വീക്ഷണത്തിൽക്കൂടി സമീപിയ്ക്കുന്നതുകൊണ്ടുണ്ടാകുന്നതാണെന്നു തോന്നുന്നു; ഏതായാലും "ഏകോദേവഃ സർവ്വഭൂതേഷുഗൂഢഃ" (ഏകനായ ദേവൻ എല്ലാ ജീവികളിലും ഗൂഢഭാവത്തിൽ സ്ഥിതിചെയ്യുന്നു) എന്നു തുടങ്ങിയുള്ള ഉപനിഷദ്വാക്യങ്ങളിലെ സിദ്ധാന്തം അദ്ദേഹം സ്വീകരിയ്ക്കുന്നില്ലെന്നതു തീർച്ചതന്നെ. ഇഖ്ബാലിനെ സംബന്ധിച്ചേടത്തോളം ജീവിതം സ്വപ്നവും മായയും ഒന്നുമല്ല; അതു് യാഥാർത്ഥ്യത്തിലും യാഥാർത്ഥ്യമായിട്ടുള്ളതാണ്. ഹിന്ദുക്കളുടെ ബുദ്ധിപരതയും (Intellectualism) മുസൽമാന്മാരുടെ സർവ്വവും ഈശ്വരനാണ് എന്ന വിശ്വാസവും (Pantheism) അവരേ കർമ്മ

വിമുഖന്മാരാക്കുന്നുവെന്നാണദ്ദേഹത്തിന്റെ ആക്ഷേപം. വായനക്കാരുടെ പൌരുഷം ഉത്തേജിപ്പിയ്ക്കുന്നതിന്നും അവരെ കർമ്മമാർഗ്ഗത്തിലേയ്ക്കു തിരിച്ചു വിടുന്നതിന്നും, ആത്മവിശ്വാസികളാക്കിത്തീർക്കുന്നതിന്നും ഇവ്വണ്ണം സാഹിത്യം നിസ്തുലമായ ശക്തിയോടുകൂടിയാണു് പ്രവർത്തിയ്ക്കുന്നതു്.

തത്വജ്ഞാനികളും ധ്യാനനിഷ്ഠന്മാരുമായിട്ടുള്ളവരെല്ലാം മടിയന്മാരും ലോകോപകാരം ചെയ്യാത്തവരുമാണെന്നു പറഞ്ഞുകൂട. രമണമഹർഷിയും അരവിന്ദനും കർമ്മവിമുഖന്മാരായി കാണപ്പെട്ടാലും അവർ ലോകാനുഗ്രഹകാരികൾതന്നെയാണു്; പക്ഷെ നമുക്കധികം മനസ്സിലാകുന്നവരും അനുഗ്രഹകാരികളുമായിട്ടുള്ളവർ ശ്രീശങ്കരനും മഹാത്മജിയും സ്വാമി വിവേകാനന്ദനുമാണു്. കർമ്മവിമുഖനെന്നു തോന്നാവുന്ന ശ്രീരാമകൃഷ്ണനേക്കാൾ നാം കൂടുതലായി മനസ്സിലാക്കുന്നതു് അദ്ദേഹത്താൽ സമുജ്ജ്വലിതനും കർമ്മവീരനുമായ സ്വാമി വിവേകാനന്ദനെയാണു്. ഇവിടെ ജീവിച്ചുംകൊണ്ടു് അവിടുത്തെ ശബ്ദത്തിൽ മാത്രം ശ്രദ്ധിച്ചുപോരുന്നവരെസ്സംബന്ധിച്ചേടത്തോളം നമുക്കൊരു മനസ്സിലാകായ്മയുണ്ടെന്നു സമ്മതിച്ചേ തീരൂ. ചിന്താജാലത്തിന്റെ കെട്ടുപാടുകളിൽ കുടുങ്ങി കയ്യും കാലും തളർന്നു കിടക്കുക, അവ്യക്തമായ സ്വർഗ്ഗീയ സംഗീതത്തിന്റെ സൂക്ഷ്മധ്വനിയിൽ ചെവികൊടുത്തു് കർത്തവ്യത്തിന്റെ വിളിയെസ്സംബന്ധിച്ചേടത്തോളം ബധിരനായിത്തീരുക, ഇതു് ഏതു സമുദായത്തിന്നും ഗുണകരമാകാൻ പോകുന്നില്ല, ഈ വാസ്തവം ഒരു പ്രവാചകനും ഗുരുവുമായ

കവിയ്ക്ക് ഉച്ചൈസ്തരം ഉൽഘോഷിയ്ക്കാതെ നിവൃത്തിയില്ല. "ശരീരയാത്രാപിചതേ! നപ്രസിദ്ധ്യേദ കർമ്മണഃ" (കർമ്മം ചെയ്യാത്തവന്ന് ശരീരധാരണംകൂടി അസാദ്ധ്യമാണ്) എന്നു ഗീതയും സിദ്ധാന്തിക്കുന്നുണ്ടല്ലൊ.

## കവിയുടെ ദേശീയവാദം.

ഒരിയ്ക്കൽ സർ മുഹമ്മദ് ഇഖ്ബാൽ ഒരു വലിയ ദേശീയവാദിയായിരുന്നു. "ഹിന്ദുസ്ഥാൻ ഹമാരാഹൈ" എന്ന അദ്ദേഹത്തിൻെറ സുപ്രസിദ്ധഗാനം ഹൃദയസ്പന്ദനത്തിൻെറ ആവേഗത്തോടുകൂടിയല്ലാതെ ഒരു ദേശാഭിമാനിയ്ക്ക് വായിച്ചുതീർക്കുക സാദ്ധ്യമല്ല. ബങ്കിംചന്ദ്രൻെറ "വന്ദേമാതരം" രവീന്ദ്രനാഥൻെറ "ജനഗണമന" എന്നീ ദേശീയ ഗാനങ്ങളോടൊപ്പം ഉത്തരേന്ത്യയിലെ സഭാവേദികളെ പുളകം കൊള്ളിച്ചിരുന്ന ഒരു ഗാനമായിരുന്നു അത്; എന്നാൽ അചിരേണ അദ്ദേഹം ദേശീയതയുടെ സമുന്നതശൃംഗത്തിൽനിന്ന് വർഗ്ഗീയവാദത്തിൻെറ ചേർക്കണ്ടിലേയ്ക്ക് കാൽ വഴുക്കി വീഴുകയാണുണ്ടായത്. അദ്ദേഹം പാക്കിസ്ഥാൻെറ സൂത്രധാരനായിത്തീർന്നു. യൂറോപ്യൻ തത്വശാസ്ത്രത്തിലും സാഹിത്യത്തിലും കിടന്നു മുങ്ങീട്ടുള്ള കഥാനായകനെ മതകാര്യത്തിൽ സ്വതന്ത്രചിന്ത തീണ്ടുക പോലും ചെയ്തിട്ടില്ല. മതത്തിൻെറ മാർഗ്ഗത്തിലദ്ദേഹം സഞ്ചരിയ്ക്കുന്നതു് കുതിരക്കണ്ണട വെച്ചുകൊണ്ടാണ്. മതം എന്ന വാക്കിന്ന് തൻെറ നിഘണ്ടുവിൽ ഇസ്ലാം മതമെന്നു മാത്രമാണർത്ഥം. ഇസ്ലാമിനെപ്പററിയേ അദ്ദേഹത്തിന്നു സംസാരിപ്പാനുള്ളു. ഇസ്ലാമിൻെറ മണിനാദമാണാ കവിയിൽനിന്നു പുറപ്പെട്ടുന്നതു്. "ഈ മണിനാദം മററു

യാത്രക്കാരെ വഴിയിൽ വന്നുക്രൂടുവാൻ വിളിയ്ക്കുന്നു"വെന്ന ദ്ദേഹം തന്നെ പാടിയിരിയ്ക്കുന്നു. ഇസ്ലാമിന്നു രാജ്യമില്ല; ഇസ്ലാംമതാനുയായികൾ എവിടെയായിരുന്നാലും അവർ സഹോദരന്മാരാണു്. രാജ്യം കക്ഷി മുതലായവയെക്കൊണ്ടു മുസൽമാന്മാരെ വേർപിരിയ്ക്കുന്നതും, അവരെ പരസ്പരം അപരിചിതന്മാരാക്കിത്തീർക്കുന്നതും ഇഖ്ബാലിന്നു വെറുപ്പുണ്ടാക്കുന്ന കാര്യങ്ങളാണു്. ഇസ്ലാം കവിയുടെ രാഷ്ട്രമാണു്; ഖുർആൻ അതിൻെറ നിയമസംഹിതയും; കഴിഞ്ഞു; ഇതിന്നപ്പുറമൊന്നുമില്ല.

നമുക്കേററവും ഇഷ്ടപ്പെടുന്ന ഈ കവി നമുക്കിഷ്ടമില്ലാത്തതു പലതും പറഞ്ഞിട്ടുള്ള ആളാണു്. പക്ഷെ അദ്ദേഹം വേറൊരാളുടെ ഇഷ്ടത്തിന്നനുസരിച്ചു് സംസാരിപ്പാൻ ശീലിച്ചിട്ടില്ല. തീരെ മറിച്ചു് തൻെറ ഇഷ്ടത്തിന്നനുസരിച്ചു് മററുള്ളവരെ നടത്തുകയാണു് ആ പ്രതിഭാശാലി ചെയ്യുന്നതു്: ഇത്രയും മഹത്തായ കഴിവുകളുള്ള ഒരു കവി ഒരു വർഗ്ഗീയവാദിയല്ലാതിരുന്നുവെങ്കിൽ—എന്നു് നമ്മുടെ ഹൃദയം ആഗ്രഹിയ്ക്കാതിരിക്കയില്ല. ഇസ്ലാമിക ലോകത്തോടു് മററുള്ളവൎക്കു്, അസൂയ തോന്നാതേയുമിരിക്കയില്ല; അല്ലെങ്കിൽ എന്തിനാണത്തരം വികാരങ്ങൾ? ഒരു കവിയും ഗായകനും നടനും ചിലരെ മാത്രമായി ആനന്ദിപ്പിക്കുവാൻ സാധിക്കുമോ? അതൊരിക്കലും സാദ്ധ്യമല്ല. അദ്ദേഹം ആധുനികഭാരതത്തിന്നു് അല്ലെങ്കിൽ ലോകത്തിന്നുതന്നെ തങ്ങളുടേതെന്നു് അഭിമാനിക്കാവുന്ന ഒരു കവിയാണു്. അത്രയും സമുന്നതമായ ഒരു ശൃംഗത്തിലാണു് തൻെറ കഴിവുകളാലുയൎന്നുയൎന്നു പോയ ആ കവിസത്തമൻ എത്തിക്കഴിഞ്ഞിട്ടുള്ളതു്.

## കവിയുടെ ഏകാന്ത പഥികത്വം.

ഒരു കവിയുടെ നിലയിൽ ഇഖ്ബാലിനെ തൻെറ നാട്ടുകാർ വളരെക്കഴിഞ്ഞ ശേഷമാണ് സ്വീകരിച്ചതെന്നു തോന്നുന്നു; ഒരു പക്ഷെ ആദ്യമായി അദ്ദേഹത്തിൻെറ മഹത്വം കണ്ടറിഞ്ഞഭിനന്ദിച്ചതു് യൂറോപ്പായിരുന്നില്ലേ എന്നു സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു.

"ഉൽപ്പത്സ്യതേ മമചകോപിസമാനധർമ്മാ
കാലോഹ്യയം നിരവധിർവ്വിപുലാചപൃത്ഥ്വീ."

(എന്നെപ്പോലുള്ള ഒരാഠം എൻെറ കവിത വായിച്ചറിവാൻ ഭാവിയിലുണ്ടാകും; കാലം നിരവധിയും ലോകം വിസ്തൃതവുമാണല്ലൊ.)

എന്നു പാടിയ ഭവഭൂതിയെപ്പോലെത്തന്നെ ഹൃദയവേദനയോടുകൂടി ചില ഗാനങ്ങഠം പ്രസ്തുത കവിയും പാടുകയുണ്ടായിട്ടുണ്ടു്.

"എനിയ്ക്ക് "ഇന്നു്"(ആധുനികകാലം) ചെവി തരുന്നതിന്നുള്ള അത്യാവശ്യമില്ല; ഞാൻ നാളത്തെ കവിയുടെ ശബ്ദമാണ്. എൻെറ സ്വന്തം കാലം എൻെറ അഗാധ ചിന്തകളെ മനസ്സിലാക്കുന്നില്ല"

"വളരെ കവികഠം അവരുടെ മരണത്തിന്നു ശേഷമാണ് ഉണ്ടായിട്ടുള്ളതു്. അവരുടെ സ്വന്തം കണ്ണുകഠം അടയ്ക്കുമ്പോഠം നമ്മുടെ കണ്ണുകഠം തുറക്കുന്നു. ഭൂമിയിൽ അവൻെറ ശവക്കല്ലറയുടെ മേലെ പനിനീർപ്പൂക്കഠം വിരിയുന്നതുപോലെ അവൻ ശൂന്യതയിൽനിന്നു മുമ്പോട്ടു മുമ്പോട്ടു പോയിക്കൊണ്ടിരിയ്ക്കുന്നു."

കവിയെ, മരുഭൂമിയിലെ ഈ ഏകാന്തപഥികത്വം വളരെയധികം വേദനിപ്പിച്ചിട്ടുണ്ട്. പല കവികളേയും പോലെ അദ്ദേഹത്തിന്നു ദാരിദ്ര്യത്തിൻെറ ജ്വാലാമാലകൾ ഏൽക്കേണ്ടിവന്നിട്ടില്ലെന്നു തോന്നുന്നു.

## ജീവിതചരിത്രം.

പഞ്ചാബാണ് കവിയുടെ ജന്മദേശം; 1873 ഫിബ്രവരി 22-ാംനു സിയാൽക്കോട്ട് നഗരത്തിൽ കവി ജനിച്ചു. അദ്ദേഹം ഒരു പുരാതന കാശ്മീർ ബ്രാഹ്മണ കുടുംബത്തിൽ നിന്നുവന്ന ആളാണു്. സ്വദേശത്തു് ഒരു മതവിദ്യാലയത്തിൽ കവി വിദ്യാഭ്യാസം ആരംഭിച്ചു. സ്വദേശത്തുതന്നെയുണ്ടായിരുന്ന കോളേജിൽ വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്ന കാലത്തുതന്നെ കഥാനായകൻെറ കവിയശസ്സും മെല്ലെമെല്ലെപ്പരക്കുവാൻ തുടങ്ങി. ലാഹോർ കോളേജിൽനിന്നദ്ദേഹം ബി. ഏ. എം. ഏ. എന്നീ പരീക്ഷകളിൽ പ്രശസ്തമായ വിജയം നേടി. ലാഹോറിലെ ഓറിയൻററൽ കോളേജിൽ ചരിത്രപ്രാസംഗികനായും ഗവമ്മേൺറു കോളേജിൽ ഇംഗ്ലീഷു അസിസ്റ്റാൻറ് പ്രഫസറായും ഇഖ്ബാൽ ജോലി നോക്കീട്ടുണ്ട്. കുറച്ചുകാലം അദ്ദേഹം വക്കീലായും കാലം കഴിച്ചു.

1905-ൽ യൂറോപ്പിലേയ്ക്കു പോയി. കേംബ്രിഡ്ജ് യൂനിവേഴ്സിററിയിൽനിന്നു തത്വജ്ഞാനത്തിൽ ഉന്നതബിരുദം നേടി. മ്യൂനിച്ചിലെ സർവ്വകലാശാലയിൽനിന്നു് കവിയ്ക്കു് പി. എച്ച്. ഡി. ബിരുദവും ലഭിച്ചു. യൂറോപ്പിലെ ജീവിതകാലത്തു് അദ്ദേഹത്തിന്നു പല തത്വജ്ഞാനികളുമായി പരിചയപ്പെടുവാൻ കഴിഞ്ഞു. മൂന്നു കൊല്ലം

യൂറോപ്പിൽ താമസിച്ചശേഷം കവി ഇന്ത്യയിലേയ്ക്കു മടങ്ങി. ഇന്ത്യയിൽ തിരിച്ചെത്തിയ ശേഷം ഇന്ത്യൻ മുസൽമാന്മാരുടെ ശോചനീയസ്ഥിതിയ്ക്കു പരിഹാരം വരുവാൻ അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു. 1930–ൽ മുസ്ലീം ലീഗ് അതിൻെറ അദ്ധ്യക്ഷനായി ഇഖ്ബാലിനെ തിരഞ്ഞെടുത്തു. 1931-ൽ ലണ്ടനിൽ വെച്ചുചേൎന്ന റൌണ്ട് ടേബ്ൾ സമ്മേളനത്തിന്നു് അദ്ദേഹം മുസൽമാന്മാരുടെ പ്രതിനിധിയായി അയയ്ക്കപ്പെടുകയുമുണ്ടായി. ഒരു മഹാനായ കവിയെന്ന നിലയിൽ ഈ കാലമായപ്പോഴേയ്ക്കും അദ്ദേഹം ഉയൎന്നു കഴിഞ്ഞിരുന്നു. 1938 ഏപ്രിൽ 21-ാംനു അറുപത്താറാമത്തെ വയസ്സിൽ കവി അന്തരിച്ചു.

## ഒരു കവിയുടെ നിലയിൽ.

"സൂഫിമിസ്റ്റിസിസ"ത്തെ ഇഖ്ബാൽ എതിൎക്കുന്നുണ്ടെങ്കിലും അദ്ദേഹം ഒരു മിസ്റ്റിക്കല്ലെന്നു പറഞ്ഞുകൂടാ. കവിതകളിൽ പല ഭാഗത്തും കാണുന്നതു് ഒരു മിസ്റ്റിക്കിൻെറ വീക്ഷണമാണു്. എന്നാലദ്ദേഹം കേവലം ഒരു "ഛായാവാദി"യല്ലതാനും. കവിതയുടെ ധ്വന്യാത്മകതയ്ക്കും പ്രതിപാദനഭംഗിയ്ക്കും മിസ്റ്റിക്ക് വീക്ഷണം ആവശ്യമാണു്. അതദ്ദേഹം സ്വീകരിച്ചിട്ടുമുണ്ടു്. "സൌന്ദൎയ്യാരാധനവും പ്രേമപ്രചോദനവുമല്ല" തൻെറ കവിതയുടെ ലക്ഷ്യമെന്നു് കവി പറയുന്നുണ്ടു്. "ഞാൻ ഇന്ത്യയുടേതാണു്; പേഴ്സ്യൻ എൻെറ മാതൃഭാഷയല്ല. ഞാനൊരു ചന്ദ്രകലയെപ്പോലെയാണു്. എൻെറ പാനപാത്രം നിറഞ്ഞതല്ല. ആശയപ്രകാശനം ചെയ്യുമ്പോൾ ശൈലിയുടെ

മനോഹാരിത എന്നിൽനിന്നു പ്രതീക്ഷിയ്ക്കരുതു്......ഹേ! മദ്യചഷകത്തെപ്പററി കുററം പറയാതിരിയ്ക്കുക. ശ്രദ്ധാപൂർവ്വം മദ്യത്തിൻെറ രസം ആസ്വദിയ്ക്കുക. എന്നൊക്കെയാണു് കവി തൻെറ കവിതയെപ്പററിപ്പറയുന്നതു്. "കല കലയ്ക്കുവേണ്ടി" എന്ന വാദം ഇഖ്ബാലിനെ സംബന്ധിച്ചേടത്തോളം നിരർത്ഥകമാണു്. "കലയും ശാസ്ത്രവും ജീവിതത്തിൻെറ ദാസന്മാരാണെ"ന്നദ്ദേഹം ഘോഷിയ്ക്കുന്നു. "നിൻെറ സഞ്ചിയിൽ കവിതയുടെ നാണ്യമുണ്ടോ എന്നാലതിനെ ജീവിതത്തിൻെറ ഉരക്കല്ലിൽ ഉരച്ചുനോക്കുക." അവിടെനിന്നാണു് കവിതാമൂല്യം തീർച്ചപ്പെടുത്തേണ്ടതെന്നാണു് അഭിപ്രായം.

സൽകവികളേയും ദുഷ്കവികളേയും, കുറിച്ചു് കവി സുദീർഘമായി വർണ്ണിക്കുന്നുണ്ടു്. അതിൽനിന്നു് കവിതാപരമായ അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ വ്യക്തമായി അറിവാൻ സാധിയ്ക്കുന്നു.

"അയാളുടെ (കവിയുടെ) നോട്ടംകൊണ്ടു് സുന്ദരവസ്തുക്കൾ അധികം സുന്ദരങ്ങളായി മാറുന്നു.

അയാളുടെ അധരങ്ങളിൽനിന്നാണു് കുയിൽ അതിൻെറ പാട്ടു പഠിച്ചതു്.

അയാളുടെ പൌഢറാണു് പനിനീർപ്പൂവിൻെറ കവിളിനെ തുടുപ്പിച്ചിരിയ്ക്കുന്നതു്.

സമുദ്രവും ഭൂമിയും അയാളുടെ വെള്ളത്തിലും കളിമണ്ണിലും (ശരീരത്തിൽ) ഒളിഞ്ഞുകിടക്കുന്നു.

ഒരു നൂറു പുതിയ ലോകങ്ങൾ അയാളുടെ ഹൃദയത്തിൽ പതുങ്ങിയിരിപ്പുണ്ടു്.

അയാളുടെ ചിന്തകൾ ചന്ദ്രനോടും നക്ഷത്രങ്ങളോടും കൂടി വിഹരിയ്ക്കുന്നു.

അയാൾ സൌന്ദര്യം സൃഷ്ടിയ്ക്കുന്നു; വൈരൂപ്യം എന്താണെന്ന് അയാൾക്കറിഞ്ഞുകൂട.

പഥികന്മാർ അയാളുടെ മണിയടിയുടെ ശബ്ദത്തെ ലക്ഷ്യം വെച്ച് അവരുടെ യാത്ര തുടരുന്നു; അയാളുടെ ഓടക്കുഴലിനെ പിന്തുടരുന്നു"

സൽക്കവികളുടെ ഗുണങ്ങൾ പുകഴ്ത്തുന്ന കവി ദുഷ്കവികളേയും ചിത്രീകരിയ്ക്കുന്നുണ്ട്:—

"അയാളുടെ കണ്ണാടി സൌന്ദര്യത്തെ വൈരൂപ്യമായിക്കാണിച്ചുതരുന്നു.

അയാളുടെ ചുംബനം പനിനീർപ്പൂവിൻെറ പുതുമയെ കവരുന്നു.

അയാളുടെ പാട്ടുകൾ നിങ്ങളുടെ ഹൃദയത്തിൻെറ സ്ഥൈര്യത്തെ കവൎന്നുകളയുന്നു.

മരണമാണ് ജീവിതമെന്നു അയാളുടെ ഇന്ദ്രജാലം തെളിയിയ്ക്കുന്നു.

അയാൾ ലാഭത്തെ നഷ്ടത്തിൻെറ ഉടുപ്പണിയിയ്ക്കുന്നു.

അയാളുടെ എടവപ്പാതിയിൽ ഇടിയും മഴയുമില്ല.

മയങ്ങിക്കിടക്കലാണ് ജാഗ്രദവസ്ഥയെക്കാൾ അയാൾക്കു മധുരമായിട്ടുള്ളതു്"

ഇങ്ങിനെ ദുഷ്കവികളെപ്പററി ആക്ഷേപിയ്ക്കുന്നതിൽ കവിയ്ക്കു യാതൊരു ദയയുമില്ല. സൌന്ദര്യത്തിൻെറയും ആലസ്യത്തിൻെറയും മധുരമദ്യം കൊടുത്തു മനുഷ്യനെ

മയക്കി കർമ്മവിമുഖനാക്കുന്നതിനെ സർവ്വശക്തികളും ഉപയോഗിച്ചാണ് ഇഖ്ബാൽ എതിർത്തിട്ടുള്ളത്. പേഴ്സ്യൻ കവികളിൽ ജലാലുദ്ദീൻ റൂമികവിയുടെ ഒരാരാധനാമൂർത്തിയാണ്. പലപ്പോഴും ഷെല്ലിയെ ഓർമ്മിപ്പിയ്ക്കുന്നതാണ് അദ്ദേഹത്തിൻെറ കവിതയെന്ന് "അസ്രാരേഖുദി" ഇംഗ്ലീഷിലേയ്ക്കു വിവർത്തനം ചെയ്ത റയിനോൾഡ് എ. നിക്കൽസൻ അഭിപ്രായപ്പെടുന്നു. ഇഖ്ബാലിൻെറ ഇടിമുഴക്കത്തിൽനിന്ന് നാം കേൾക്കുന്നതു് ആശയുടേയും കർമ്മപ്രചോദനത്തിൻെറയും അനുരണനമാണ്. ഹാഫിസ് എന്ന മിസ്റ്റിക്ക് കവിയെപ്പററി നമ്മുടെ കവി പറയുന്നതു് "ജനങ്ങളെ വഞ്ചിയ്ക്കുവാൻ മാത്രമാണ് അയാൾ ഗാനം പഠിച്ച"തെന്നാണ്. അയാളുടെ പാനപാത്രം വലിച്ചെറിവാൻ കവി ആസ്വാദകന്മാരെ ഉപദേശിയ്ക്കുന്നു. "നിങ്ങളെ നശിപ്പിയ്ക്കുന്ന മദ്യമല്ലാതെ മററൊന്നും അയാളുടെ ചഷകത്തിലില്ല"പോലും! ഇഖ്ബാലിൻെറ രാഷ്ട്രീയാഭിപ്രായങ്ങളും മതവിശ്വാസങ്ങളും എന്തൊക്കെത്തന്നെയായിരുന്നാലും അദ്ദേഹം ഒന്നാംകിടയിലുള്ള ഒരു കവിയാണ്. ഇന്ത്യയ്ക്കും ഇസ്ലാമിനും അദ്ദേഹത്തെക്കുറിച്ച് അഭിമാനംകൊള്ളാം. ചിലേടത്തൊരു ഛായാവാദിയുടെ വീക്ഷണത്തോടുകൂടിയുള്ള അദ്ദേഹത്തിൻെറ പ്രതിപാദനഭംഗി ആരേയും ആകർഷിയ്ക്കുന്നതാണ്. ചിന്താബന്ധുരത ഇഖ്ബാലിൻെറ കവിതയുടെ മൂല്യം വർദ്ധിപ്പിയ്ക്കുന്നു; എന്നാൽ വിചാരധാരയുടെ ധൂമപടലങ്ങളിൽക്കൂടി, "അസ്തി-നാസ്തി"കൊണ്ടു കൈകാര്യം ചെയ്തു കാടുകയറിക്കഴിഞ്ഞുകൂടുന്നതു് ചരിത്രനായകന്നിഷ്ടമല്ല. അത്ത

ഭൃക്കാരുടെ നേരെയുള്ള അനുഭാവത്തിൻെറ മന്ദസ്മിതം മർമ്മം പിളൎക്കലുമേ. കവിയുടെ സൌന്ദൎയ്യബോധമോ, ഭാവനാശക്തിയോ, പ്രതിപാദന ഭംഗിയോ ചിന്താബന്ധുരതയോ, നിങ്ങൾ ഏതിനെ കൂടുതൽ കാൎയ്യമായികണക്കാക്കുന്ന ആളായാലും തരക്കേടില്ല; ഇഖ്ബാലിനെ അവഗണിപ്പാൻ നിങ്ങളെക്കൊണ്ടാവില്ല; സൎവ്വോപരി സാഹിത്യത്തിൽനിന്നു പുറപ്പെടുന്ന ആ സൽപ്രേരണയുണ്ടല്ലോ അതിനെ നാം വകവെയ്ക്കുകതന്നെ വേണ്ടിവരും. ആ "കാന്താസമ്മിത്"ത്വത്തിൻെറ മുമ്പിൽ ഈ മുഗ്ദ്ധതൂലിക കൎത്തവ്യമൂകമായിപ്പോകുന്നു!

ഇഖ്ബാൽ ധ്വനിമാൎഗ്ഗ പക്ഷപാതിയാണ്: എടുത്താൽക്കഴിയാത്ത ആശയങ്ങളെ ഉള്ളടക്കം ചെയ്തുകൊണ്ടുള്ള ആ പ്രതിപാദനം, വാച്യാശത്തെക്കാൾ വളരെ കൂടുതലായി സൂചിതകാൎയ്യങ്ങൾകൊണ്ടു കാമനീയകതയുണ്ടാക്കുന്ന ആ പ്രതിപാദനം, ആരേയും ആകൎഷിയ്ക്കുന്നതാണ്. ഈ ലേഖനത്തിൽത്തന്നെ പലേടത്തും ഉദ്ധരിച്ചുചെൎത്തിട്ടുള്ള അദ്ദേഹത്തിൻെറ കവിതാഭാഗങ്ങൾ ഇപ്പറഞ്ഞതിന്നുദാഹരണമാണ്; ഇനിയും വേണമോ?

"അദ്ദേഹം (കവി) കാലത്തെ യൌവനത്തിൻെറ സംഗീതം പഠിപ്പിയ്ക്കുന്നു."

"നിങ്ങളുടെ കറുത്ത മൺപൊടി ഒരു സ്മാരകസ്തംഭമായി മാറട്ടെ"

അദ്ദേഹം തൻെറ അടിമയോടുകൂടി ഒരേ മേശയ്ക്കടുത്തിരുന്നു."

"തൻെറ ആത്മവിശ്വാസം വെടിയുകയാണെങ്കിൽ മല മൺതരികളായിക്കഴിയും; കടൽ തൻെറ മേൽ ആക്രമണംനടത്തുന്നതായി അതാവലാതിപ്പെട്ടുതുടങ്ങും"

"നിർബ്ബന്ധത്തിൻെറ ഫലമാണു് സ്വാതന്ത്ര്യം."

"ആർ തന്നോടുതന്നെ ആജ്ഞാപിയ്ക്കുന്നില്ലയോ അവൻ അന്യരുടെ കല്പന സ്വീകരിയ്ക്കുന്നവനായി ത്തീരും."

"പാട്ടിന്നൊരു പുതിയ ശൈലി നിർമ്മിയ്ക്കുക."

"ഞാനഗ്നിയിൽനിന്നുത്ഭവിച്ചു; എങ്കിലും പുകയാ ണു്."

ഇങ്ങിനെ എത്ര ഉദാഹരണങ്ങൾ വേണം? ഇഖ് ബാൽ സാഹിത്യം മുഴുവനും തന്നെ അദ്ദേഹത്തിൻെറ ധ്വനിപക്ഷപാതത്തിന്നുദാഹരണമാണു്. എത്ര ആശയ ങ്ങളാണു് ആ ഓരോ ചെറിയ വാക്യത്തിൻെറയും പിന്നിൽ ഒളിഞ്ഞു നില്ക്കുന്നതു്! കവിയുടെ ഭാഷയിൽത്തന്നെ പറ കയാണെങ്കിൽ ഒരു നൂറു വാക്കുകളാണു് അതിൻെറ സത്തിൽ ഒളിഞ്ഞിരിയ്ക്കുന്നതു്; പക്ഷെ ഒന്നുമാത്രം വ്യസ നകരമായ ഒരു പരമാർത്ഥമാണു്. നാം അദ്ദേഹത്തെ മരുഭൂമിയിലെ ഒരേകാന്തപഥികനായി യാത്ര ചെയ്യിച്ചു! അടുത്ത സ്നേഹിതന്മാർക്കുപോലും അദ്ദേഹത്തിൻെറ പാട്ടു പരിചയമുണ്ടായിരുന്നില്ല!

ഉദയം.

# 3. സുവൎണ്ണമേഖല.

(ഒരാസ്വാദനം)

മലയാളസാഹിത്യ നഭോമണ്ഡലത്തിലേയ്ക്കു കണ്ണോടിയ്ക്കുന്ന നമുക്ക് അവിടെ പ്രശാന്തശീതളമായ വെൺകതിരുകൾ പൊഴിച്ചുകൊണ്ടു നില്ക്കുന്ന ഒരു വെള്ളി നക്ഷത്രത്തെ കാണാവുന്നതാണ്. അതങ്ങോട്ടു നോക്കുന്നവരെ ഹൃദയംഗമമായി ആകൎഷിയ്ക്കുന്നു. പ്രകൃതിയുടെ പച്ച പിടിച്ച സുവൎണ്ണമേഖലയിൽക്കൂടി സൂക്ഷിച്ചുനോക്കുക അന്തരീക്ഷത്തിന്റെ പ്രാന്തഭാഗത്തായി സ്ഥിതിചെയ്യുന്ന ആ സുഭഗ നക്ഷത്രത്തിന്റെ നിശ്ശബ്ദഗാനം നമ്മെ തികച്ചും ആകൎഷിയ്ക്കാതിരിയ്ക്കയില്ല; അതിന്നു് അതിന്റേതായ ഒരു തെളിമയുണ്ട്. ഒരു സൌഭാഗ്യമുണ്ട്. വി. വി. കെ. എന്ന സംക്ഷിപ്ത നാമധേയത്താൽ അറിയപ്പെടുന്നതാണ് പ്രസ്തുത നക്ഷത്രം.

വളരെ മിതഭാഷിയാണ് വി. വി. കെ. അദ്ദേഹം അധികം സംസാരിച്ചുപോയെന്ന് ആരും ആവലാതി പറകയില്ല; പക്ഷെ ഉള്ളതു ഭംഗിയായിപ്പറയണം; അതു കലാസുഭഗമായിരിയ്ക്കണം; എന്നാദ്ദേഹത്തിന്നു നിൎബ്ബന്ധമുണ്ടു്. എന്തു പറയണമെന്നും അതെങ്ങിനെ പറയണമെന്നും ചിന്തിയ്ക്കുന്ന ആളാണദ്ദേഹം. വാല്മീകിയുടേയോ, വികൎഹ്യൂഗോവിന്റെയോ, ഉള്ളൂരിന്റെയോ വൎണ്ണനാവൈപുല്യം പ്രസ്തുത കവിയിൽനിന്നു പ്രതീക്ഷിയ്ക്കേണ്ടതില്ല. അദ്ദേഹത്തിന്റെ ഗതി വേറൊരു വഴിയ്ക്കാണ്. ഗംഗ, യമുന, സിന്ധു മുതലായ സ്തിമിതഗംഭീരഭാവങ്ങളാ

യൊഴുകുന്ന മഹാ നദികളുടെ പ്രൌഢിയും ഗാംഭീൎയ്യവും ഒന്നു വേറെ; അരുവിയാറിന്റെ നൈൎമ്മല്യവും സാരള്യവും ഒന്നു വേറെ. മിതഭാഷണത്തിന്നു് വി. വി. കെ. യ്ക്കു തുല്യനായി മറെറാരു കൂട്ടുകാരൻ കൂടിയു്ണ്ടു: അനുഗൃഹീത കവിയായ ശ്രീമാൻ. കെ. കെ. രാജാവാണതു്. രാജാവവർകൾ പ്രകൃത്യാതന്നെ ഒരു ഛായാവാദി (mystic) യാണു്; എന്നാൽ വി. വി. കെ. അങ്ങിനെയൊന്നും ആവ്യക്കയില്ലെന്നു തോന്നുന്നു.

പതിനെട്ടു ചെറുകവനങ്ങളുടെ ഒരു സമാഹാരമാണു് ഈ "സുവൎണ്ണമേഖല". നവയുഗത്തിന്റെ ചിന്താഗതിയിൽ അദ്ദേഹത്തിന്റെ കവിതയെ വളരെയധികം സ്പർശിച്ചിട്ടുണ്ടു്. സാഹിത്യകാരന്മാർ ലോകത്തിലെ വൃത്തികേടുകൾകൊണ്ടും വൈരൂപ്യംകൊണ്ടും മാത്രം വേണം കൈകാൎയ്യം ചെയ്യുവാനെന്നു ശാഠ്യം പിടിയ്ക്കുന്ന നമ്മുടെ ഇന്നത്തെ ചില ജീവൽ സാഹിത്യകാരന്മാർ അദ്ദേഹത്തെ അവരുടെ കൂട്ടത്തിൽ കൂട്ടുമോ എന്തൊ! എങ്ങിനെയായാലും സൌന്ദൎയ്യബോധോത്തരളിതമായ ഒരു ഹൃദയവും, ഭാവനോദ്ദീപകമായ ഒരു വൎണ്ണനാ സമ്പ്രദായവും, മധുരപദാകലിതമായ ഒരു ഭാഷാരീതിയുമാണദ്ദേഹത്തിന്നുള്ളതു്. ഈ പ്രശസ്ത സാമഗ്രികളാൽ സമ്പന്നനായ അദ്ദേഹം സഹൃദയ സമാരാധനത്തിന്നു് വളരെയധികം വിഷയീഭൂതനാകുന്നതാണു്.

ഭാരതീയ സംസ്കാരത്തിൽ കവിയ്ക്കുള്ള അഭിനിവേശത്തെ വ്യക്തമായിക്കാണിയ്ക്കുന്നതും ദേശാഭിമാനോത്തേജകവുമായ ഒരു മനോഹര കവിതയാണു് ആദ്യമായിച്ചേ

ത്തിട്ടുള്ള "നിൎവ്വാണമണ്ഡലം". ഭാരതത്തിന്റെയും കേരളത്തിന്റെയും സാംസ്കാരികമായ നേട്ടങ്ങളേയും പ്രകൃതിഭംഗിയേയും അതിൽ ദിങ്മാത്രപ്രദൎശനം ചെയ്തുകൊണ്ടുപോയിരിയ്ക്കുന്നു; ആ കവനതല്ലജം അവസാനിയ്ക്കുന്നതിങ്ങിനെയാണു്:—

"ഈ മൎത്ത്യലോകമനോഹാരിതയുടെ—
യാഃമാദരംഗമാണെൻ മാതൃമാനസം;
ഭാവനയ്ക്കെത്തുവാൻ വയ്യാത്തൊരാശ്ചൎയ്യ—
ഭാവത്തിലാണതിൻ സൌഭാഗ്യമത്രയും".

"ആമഞ്ജുളാദൎശസംസ്കാരസീമയി—
ലാമജ്ജനം ചെയ്തു നിൎവൃതിക്കൊള്ളുവാൻ
സ്വൎഗ്ഗമൊന്നിങ്ങോട്ടിറങ്ങുവാനെത്രയായ്—
ത്തീക്കുന്നനീശ്രേണിവാൎമഴവില്ലിനാൽ."

ചെറുതാണെങ്കിലും പ്രസ്തുത കവിത വായിച്ചു കഴിയുമ്പോഴേയ്ക്കു് കവി ചൂണ്ടിക്കാണിയ്ക്കുന്ന ആ നിൎവ്വാണമണ്ഡലത്തിൽത്തന്നെയിരുന്നു്, അതിന്റെ അനശ്വരവിഭൂതികളാസ്വദിച്ചു് കോൾമയിർക്കൊള്ളുവാൻ ഏതു വായനക്കാരനും ഒരാഗ്രഹം തോന്നാതിരിയ്ക്കയില്ല. "മാതൃപതാക"യും "ധൎമ്മദീപ്തി"യും "നിൎവ്വാണമണ്ഡലം" പോലെത്തന്നെ ദേശാഭിമാനോത്തേജകങ്ങളാണു്. ആധുനികഭാരതത്തിന്റെ പിതാവായ മഹാത്മജിയോടുള്ള ഭക്ത്യാദരങ്ങൾ കൊണ്ടായിരിയ്ക്കാം, പ്രകൃത്യാമിതഭാഷിയും ധാൎമ്മിമാൎഗ്ഗപക്ഷപാതിയുമായ കവി, "ധൎമ്മദീപ്തി"യിൽ കുറേയൊന്നു വാചാലനായിക്കാണപ്പെടുന്നതു്.

"പ്രേമഗായിക"യും "മധുചന്ദ്രിക"യും കവിയ്ക്കു് ശൃംഗാരവൎണ്ണനയിലുള്ള സാമൎത്ഥ്യത്തിന്നു് ഉത്തമോദാഹര

ങ്ങളാണു്. രാധാകൃഷ്ണന്മാരുടെ പ്രേമം ഇന്ത്യയിലെ ആയിരമായിരം കവികൾ വർണ്ണിച്ചു കഴിഞ്ഞിട്ടുള്ളതാണു്; എന്നിട്ടും അതിന്റെ പുതുമ നശിയ്ക്കുന്നില്ല. അല്ലെങ്കിൽ ഭാവനാധനന്മാരായ കവികളുടെ അനുഭൂതി വിശേഷത്തിൽ ഏതു വിഷയമാണു് കമനീയമായിത്തീരാത്തതു്! "കല്ലോലമാലകഴലുഴിഞ്ഞീടുന്ന നല്ലോരു കല്ലിലിരുന്നു്" രാധ കൃഷ്ണനെ സോൽക്കണ്ഠം പ്രതീക്ഷിയ്ക്കുകയാണു്. അവൾ പറയുന്നതെന്താണെന്നു് നമുക്കുകൂടി ശ്രദ്ധിയ്ക്കാം:—

"പച്ചപ്പുൽപ്പട്ടിൽച്ചിരിഞ്ഞിരുന്നോമന-
ക്കൊച്ചരുവിയെന്തോ പാടിപ്പാടി,
നേരിയതൻവെള്ളസ്സാരിയിൽനിന്നോരോ
വൈരമണികളെട്ടത്തെടുത്തു
തൂമയിൽത്താൻപൂണമാനീലക്കല്ലിനു
പ്രേമോപഹാരമാം ഹാരംതീർപ്പൂ!"

ആധികൊണ്ടിങ്ങിനെ അർദ്ധോക്തിയിൽ വിരമിച്ച രാധയുടെ ഈ ആത്മഗതങ്ങൾ,

ഐന്ദ്രിതന്നമ്മരത്താത്മകമനനാം
ചന്ദ്രനെപ്പാഞ്ഞെത്തഴമന്തികേട്ടു,
അല്ലെങ്കിൽപ്പല്ലവക്കയ്യാൽ മുഖം പൊത്തി
മുല്ലമുകുളം ചിരിപ്പതെന്തേ?"

എന്നാണു് കവി ചോദിയ്ക്കുന്നതു്. വിരഹോൽക്കണ്ഠിതയായി കൃഷ്ണനെക്കാത്തിരിയ്ക്കുന്ന രാധയ്ക്കുവേണ്ടി കവി തയ്യാറാക്കിയ പരിസര വിധാനം എത്ര രമണീയമായിരിയ്ക്കുന്നു! പ്രകൃതത്തിന്നനുഗുണമായ വിധത്തിൽ പരിസര നിരീക്ഷണം ചെയ്യുന്നതിന്നു് എല്ലാ കവികൾക്കും സാധി

യ്യാറില്ല. ശ്രീമാൻ. ജി. ശങ്കരക്കുറുപ്പു പറയുംപോലെ ഇതെഴുതിയ തൂലികയോട്ട് ആർക്കെങ്കിലും അസൂയ തോന്നു കയാണെങ്കിൽ അതു ക്ഷന്തവ്യമാണ്.

"മധുചന്ദ്രിക"യും ഒരു സുന്ദരനിബന്ധനം തന്നെ യാണ്. മധുചന്ദ്രികയിലെ ഒരു ചിത്രാ നായകൻ വർണ്ണി യ്ക്കുന്നതാണിതു്; ദിവ്യാഭിരാമമായ പ്രേമത്തിന്നു് വാചി കഭാഷയില്ലെന്നു് അദ്ദേഹം ആവലാതിപ്പെടുന്നു; അതു വാസ്തവം തന്നെ; എന്നാൽ വിവരിച്ചിട്ടുള്ളേടത്തോളം ഭാഷയ്ക്കു് കവിയോടു വായനക്കാരൻ കൃതജ്ഞനായിരി യ്ക്കും. എന്തുകൊണ്ടെന്നാൽ,

"നാണമാം പാഴ്നിഴലങ്ങിങ്ങുതഞ്ചിട്ടും
ചേണാർന്നൊരാ മധു ചന്ദ്രികയിൽ,,
തൊട്ടാൽക്കുണുങ്ങുന്ന വല്ലരിയെന്നാലും
വിട്ടൊഴിഞ്ഞീടാത്ത ഗന്ധവാഹൻ
താരിന്റെ പുഞ്ചിരിയൊന്നേ കൊതിപ്പതിൻ
ചാരെച്ചുഴലുന്ന ചഞ്ചരീകം,
അമ്പിളിതൻമുമ്പിൽ സങ്കോചം തീരാത്തൊ-
രാമ്പലിൻ കുഡ്മളമെന്നിതെല്ലാം
ജീവിത സാഹിത്യം പ്രേമചമൽക്കാര-
ഭാവിത സുന്ദരമെന്നു ചൊൽകേ,"

ഇത്യാദി ചിന്താബന്ധുരങ്ങളും മനോഹരങ്ങളുമായ ഭാവങ്ങൾ അഗണ്യമായിത്തള്ളത്തക്കവിധം ഇന്നും നമ്മുടെ സാഹിത്യം അത്രയ്ക്കു സമ്പന്നമായിക്കഴിഞ്ഞിട്ടില്ലല്ലൊ. ഇനിയും കവി തുടർന്നു പോകുന്നു:—

"ആനന്ദകാവ്യത്തിൻ ചാരുമുഖവുര
യാണെഴുതേണമെന്നോമലാളും

പ്രേമസംഗീതത്തിൻ പല്ലവിയാദ്യമെ-
ന്നോമന പാടേണമെന്നു ഞാനും,
ഉണ്മയിലങ്ങിനെ സംവാദമന്യോന്യം
കണ്മുനയാൽച്ചെയ്തെ, ചൊറുനേരം
നോക്കിൻെറ യത്ഥം പകത്താനമാകാതെ
നാക്കമരവിച്ചുനിന്നുപോയി."

എത്ര കുലീനമായ ഒരു വണ്ണനം! ഈ ഭാഗം നമ്മുടെ ചില കവികളുടെ കയ്യിൽ കിട്ടുകയാണെങ്കിൽ അവരതിനെ എത്രയൊക്കത്തന്നെ ആഭാസമാക്കിത്തീക്കകയില്ല! ഇതു വിചാരിയ്ക്കുമ്പോഴാണു് നമ്മുടെ കവിയുടെ ഔചിത്യബോധത്തിൻെറ വില തികച്ചും മനസ്സിലാകുന്നതു്.

"ശാന്തികടീരം" "എങ്കിൽ" "സങ്കല്പനിർവൃതി" "കടൽക്കരയിൽ" "വെള്ളിത്താക്കോൽ" എന്നിവ പലവകയിൽപ്പെടുത്താവുന്ന കവിതകളാണു്. പല്ലനയാററിൻെറ വക്കത്തു നിലകൊള്ളുന്ന മഹാകവി ആശാൻെറ "ശവകുടീരം" അതിൻെറ പരിസരത്തിൽക്കൂടി ബക്തിബഹുമാനങ്ങളോടുകൂടി കടന്നുപോകുന്ന ഒരു കൈരളീഭക്തനിൽ, എന്തൊക്കെ സ്മരണകളാണു് ഉണത്തിവിടുക! അവയുടെയെല്ലാം അനുഭൂതി നമ്മുടെ കവിയ്ക്കും ഉണ്ടാകുന്നുണ്ടു്. അദ്ദേഹം ബദ്ധാഞ്ജലിയായി അതിലെ സാദരം കടന്നുപോകുന്നു. "സങ്കല്പനിർവൃതി" സുഖം വസ്തുനിഷ്ഠമല്ല, ഭാവനാനിഷ്ഠമാണെന്ന തത്വത്തെ ഉദാഹരിയ്ക്കുന്ന ഒരു നല്ല കവിതയാണു്. "കടൽക്കരയിൽ" എന്ന കവിത കവിയുടെ നിരീക്ഷണപാടവത്തിന്നും വണ്ണനാ സാമത്ഥ്യത്തിന്നും ഉത്തമോദാഹരണമായ ഒരു ഉൽകൃഷ്ടസൃഷ്ടിയാ

ണ്. കവി ചൂണ്ടിക്കാണിയ്ക്കുന്ന ആ മനോഹരചിത്രത്തിൽനിന്നു കണ്ണെടുപ്പാൻ മടിയ്ക്കാത്ത സഹൃദയന്മാരുണ്ടാവുകയില്ല. അത്രയും മെച്ചമേറിയ ഒരു ചിത്രമാണത്. ഭാഗധേയഭാസുരമായ ഒരു ഭാവിജീവിതം സ്വപ്നം കണ്ടുകൊണ്ട് വിദ്യാർത്ഥിജീവിതം കഴിച്ചുകൂട്ടിയ ശേഷം, കയ്ക്കൂലി കൊടുക്കുവാൻ പണമില്ലാത്തതുകൊണ്ട് ഉദ്യോഗമൊന്നും കിട്ടാതെ ഭഗ്നാശനായി അധഃപതിച്ചുപോകുന്ന ഒരു യുവാവിൻെറ ചിത്രമാണ് "വെള്ളിത്താക്കോൽ" കൊണ്ടു തുറന്നു കാണിയ്ക്കുന്നത്.

"സ്വപ്നസൌധ"വും "മുദ്രാവാക്യ"വും ഇരട്ടപെററ രണ്ടു കുട്ടികളെപ്പോലെ മുഖച്ഛായയുള്ളവയാണ്. രണ്ടിലും കാവ്യകലയുടെ മർമ്മങ്ങളെ വ്യാഖ്യാനിയ്ക്കുന്നുണ്ട്. "മുദ്രാവാക്യം" ഒരു കവിയുടെ നിലയിലുള്ള വി. വി. കെ. യുടെ മുദ്രാവാക്യം തന്നെയാണ്. "ഹൃദയപുഷ്പ"വും ഈ ഇനത്തിൽത്തന്നെ പെടുത്താവുന്ന ഒന്നാണ്. സാഹിതീസൌരഭ്യമാണതിൽനിന്നു പുറപ്പെടുന്നത്. കവിതയുടെ സ്വരൂപം, അതിൻെറ കഴിവുകൾ, മുതലായ പല ഗഹനസംഗതികളേയും അതിൽ വളരെ ഭംഗിയായും സാമർത്ഥ്യത്തോടുക്രൂടിയും വർണ്ണിച്ചിരിയ്ക്കുന്നു.

"അതിശയവിലോലമപ്പൂവിരിഞ്ഞെങ്കിലേ
ക്ഷിതിയിലതികാന്തം വസന്തം പുലർന്നിട്ടു;
അതിന്നുടെ ചമൽക്കാരസൌരഭം പൂശിയേ
ഹൃദയമമലപ്രേമ സായൂജ്യമാർന്നിട്ടു;
ക്ഷണികതയതിൽ പരാഗസ്സ്വശ്മേൽക്കിലെ-
ക്ഷണമണയുമാനന്ദനിത്യസ്വരൂപാന്തരം"

ഇത്യാദി ഭാഗങ്ങൾ ആർക്കാണു് ആനന്ദനിർവൃതി കൊടുക്കാത്തതു്! ഒരു കവിയെന്ന നിലയിൽ ശ്രീമാൻ. വി. വി. കേ. യ്ക്കു് കാവ്യകലയെപ്പററി ചില അഭിപ്രായ ങ്ങളെല്ലാമുണ്ടു്. അവ ഈ മൂന്നു കവിതകളിൽ നമുക്കു വ്യക്തമായിക്കാണുവാൻ കഴിയും. പൊരുത്തമില്ലാതെ വിരുദ്ധമാർഗ്ഗത്തിലൂടെ ഒഴുകുന്ന അനുരാഗത്തിൻെറ ചിത്ര മാണു് "അജ്ഞാത ചിത്ര"ത്തിൽ കാണുന്നതു്.

"പാവപ്പെട്ട പൈതൽ" "അഴലിൻെറ നിഴലിൽ" "തപ്താശ്രു" "യാചകൻ" എന്നീ നാലു കവിതകൾ ഓരോ വിധത്തിൽ നമ്മുടെ നാട്ടിലെ പാവങ്ങളെ സ്പർശി ക്കുന്നവയാണു്. ഈ കവിതകൾ എല്ലാം തന്നെ സജീ വങ്ങളാണു്.

"ഭൂദേവിതന്മാറിനു വൈരമാല്യം
തൂവേർപ്പുണിത്തുള്ളികളാലെ ചേർത്തും
ദരിദ്രനാരായണരാണിതിങ്കൽ
വസിപ്പതസ്മൽ സഹജാതർ കഷ്ടം!
ദാരിദ്ര്യരക്ഷസ്സുപവച്ചൊതുക്കി
നിസ്സാരമാക്കീടിന പുല്ലുമാടം
പ്രശാന്തിതൻ പാൽച്ചിരിയാലവക്കോ
വിശാലകൈലാസവിലാസഹർമ്മ്യം.
ജഗത്തിതിൽ കൃത്രിമജീവിതത്തെ-
ക്കിനാവിലും കൂടിയറിഞ്ഞിടാത്തോർ
കാശിൻെറ കണ്ണിന്നു കുചേലരാമ-
സ്സാധുക്കൾ സന്തൃപ്തികുബേരരല്ലോ"

ഇത്യാദി വർണ്ണനകൾ വായനക്കാരുടെ ഹൃദയത്തെ കൂടുതലായി സ്പർശിക്കുന്നവയാണു്. പാവങ്ങളുടെ പേരിൽ

നടത്തപ്പെടുന്ന കൃത്രിമങ്ങളായ നിലവിളികളല്ല, ഹൃദയാലുക്കളെ ആലോചിപ്പിയ്ക്കുന്നതിന്നുള്ള ഹൃദയസ്പൃശികളായ ആഹ്വാനങ്ങളാണു് നാമിവയിൽക്കാണുന്നതു്. അദ്ദേഹം പാവങ്ങളുടെ ചിത്രം എങ്ങിനെ വരച്ചിരിയ്ക്കുന്നുവെന്നു നോക്കുക:—

"അന്തിയോളം പണിഞ്ഞ പകലുതൻ
വല്ലിവാങ്ങാനിരുൾത്തുണികാട്ടവേ,
കർമ്മസാക്ഷിയാം വിശ്രമവേളതൻ
പൊന്മടിയിൽച്ചുരിഞ്ഞിരുന്നീടവേ,
കാഞ്ചനമണിതന്നുപ്രാന്തനല്കിയ
കൈകൾ കല്ലരിക്കൈക്കുമ്പിൾ കാട്ടവേ,
പാതവക്കത്തു ചാഞ്ഞുകിടന്നിടും
പാദപത്തിൻ നിഴൽവിരി തന്നിലായ്
ദീനതതൻ ശ്രുതിയൊത്ത യാചനാ-
ഗാനമാലപിച്ചേററം നിരാശനായ്
ജീവിതം ഭാരതാന്തമായ് കേവലം
പാവപോലങ്ങൊരുത്തി കിടക്കയാം."

—അഴലിൻെറ നിഴലിൽ.

"തന്നത്തുദൈന്യത്തിനൊന്നൂന്നിടാനും
ധനികൻെറ പട്ടിയെയാട്ടുവാനും,
ചടവാർന്നു കണ്ണിൽക്കിടപ്പുണ്ടു്
വടിയൊന്നു തേഞ്ഞു മിനുത്തതായി-
ച്ചിരകാലദുഃസ്വപ്നങ്ങൾതന്മായാ—
പ്പുരോഗമ പാതയിലുള്ളെറിഞ്ഞ
നരയാർന്ന കീറക്കരിമ്പടമൊ-
ന്നാണമറയ്ക്കാനും പുതയ്ക്കുവാനും

വിദയവികൃതമാം ലോകത്തിൻെറ
വിജയ വിളംബരമാണാരൂപം."

—യാചകൻ.

ഈ നാട്ടിലെ പാവങ്ങളുടെ സ്ഥിതി കവിഹൃദയത്തിൽ വളരെയധികം പ്രക്ഷോഭങ്ങളുണ്ടാക്കീട്ടുണ്ടെന്നുള്ളതിന്ന് പ്രസ്തുത കവിതകൾ സാക്ഷ്യം വഹിയ്ക്കുന്നു. കവി കാണിച്ചുതരുന്നമാതിരിയിലുള്ള അനേകം ചിത്രങ്ങൾ നമ്മുടെ നാട്ടിൽക്കാണാവുന്നതാണ്. കവിഭാവനയിൽക്കൂടെ കടന്ന് വികാരോഷ്മളമാം വണ്ണം ശാശ്വതരൂപമെടുത്ത് പുറത്തു വരുന്ന അത്തരം സചേതനചിത്രങ്ങൾ സമുദായത്തിൽ ആത്യന്തികങ്ങളായ ചില മാററങ്ങൾ വരുത്തുന്നതിന്ന് പര്യാപ്തങ്ങളായിത്തീരുകയും ചെയ്യും.

ഒരു കവിയ്ക്കുണ്ടായിരിയ്ക്കേണ്ട പ്രധാന സാമഗ്രികളിലൊന്ന് ഭാവനാശക്തിയാണ്; ഈ ശക്തിവിശേഷത്താൽ അനുഗൃഹീതനാണ് ശ്രീ. വി. വി. കെ; നോക്കുക:—

"മെല്ലെ മെല്ലെ യടുക്കുന്ന ചൂടിനെ
ചില്ലയാട്ടി വിലക്കിയോരാ മരം
തൻകരിവിരി നീട്ടിവിരിയ്ക്കയായ്
സന്തപിപ്പോർക്ക് മൂററം കിടക്കുവാൻ."

—അഴലിൻെറ നിഴലിൽ

"സ്നേഹാർദ്രമാം ലാളനമേററിടാത്താ-
ചുരുണ്ട ചെങ്കുന്തള രാജി കാററിൽ
കണ്ണോട്ടമക്കണ്ണു പുടത്തിനോട്ടും
താണിട്ടുതൻ ദൈന്യമുരച്ചിട്ടുന്നു."

—പാവപ്പെട്ട ചെതൻ

"തൽപ്പുണ്യ പാദപ്രമാർജ്ജന കൌതുകാ-
ലപ്പോൾത്തരംഗങ്ങളോടിയെത്തീടിലും
പെട്ടെന്നു മാറുമസ്സന്ന്യാസിയെക്കണ്ടു
പൊട്ടിച്ചിരിച്ചു തിരിച്ചു പോയ് തൽക്ഷണം."

—കടൽക്കരയിൽ.

ഇങ്ങിനെ പല ഭാഗങ്ങളും ഈ കൃതിയിൽനിന്നു ചൂണ്ടിക്കാണിപ്പാൻ സാധിയ്ക്കും. കൃത്രിമതയുടെ സമ്പർക്കമില്ലാത്ത ഇത്തരം മനോഹരോല്ലേഖങ്ങളുടെ കർത്താവായിരിപ്പാൻ ഏതു മഹാകവിയാണാഗ്രഹിയ്ക്കാത്തതു്!

തൻെറ യൌവനകാലമത്രയും പ്രവൃത്തിയെടുത്തു് സമ്പന്നനാക്കിയ മുതലാളിയാൽ, നിഷ്ക്കരുണം ഉപേക്ഷിയ്ക്കപ്പെട്ട ആ സാധുസ്ത്രീയ്ക്കു കിടക്കുവാൻ വൃക്ഷം കരുത്ത വിരിപ്പിട്ടുകൊടുക്കുന്നതും മററും എത്ര ഹൃദ്യമായിരിയ്ക്കുന്നു! കാററത്താടി കണ്ണിലും ചെവിയിലുമെല്ലാം ചെന്നു് വീഴുന്ന "പാവപ്പെട്ട പൈതലി"ൻെറ ചുരുണ്ട ചെങ്കുന്തളം, കണ്ണോട്ടും ചെവിയോട്ടും താണുചെന്നു് ദൈന്യാവസ്ഥയെപ്പററി പറകയാണത്രെ. സ്നേഹാർദ്രമാം ലാളനമേററിടാത്ത" എന്ന ശ്ലിഷ്ടവിശേഷണത്തിൽക്കാണുന്നതു് ഒരു കലാവിദഗ്ദ്ധൻെറ കൈവിരൽപ്പാടുതന്നെയാണു്. കടൽക്കരയിൽ ചെന്നെത്തിയ സന്ന്യാസിയുടെ കാൽ കഴുകിപ്പാൻ ഓടിയെത്തിയ തരംഗങ്ങൾ, പെട്ടെന്നു ശൃംഗാരിയായി മാറിയ-അദ്ദേഹത്തെക്കണ്ടു് പൊട്ടിച്ചിരിച്ചു തിരിച്ചു പോയതായി വായിയ്ക്കുന്നതോടൊപ്പം, നമുക്കും പൊട്ടിച്ചിരിയ്ക്കാതിരിപ്പാനും വീണ്ടും വീണ്ടും ആ ഭാഗം വായിച്ചുനോക്കാതിരിപ്പാനും സാധിയ്ക്കുന്നില്ല.

പ്രശാന്തപേശലങ്ങളായ പ്രകൃതിവിഭൂതികൾ കാണിച്ചു, നമ്മെ ആനന്ദിപ്പിച്ചു കൊണ്ടുപോകുന്ന കവി, ചിലപ്പോൾ ഒരു തത്വജ്ഞാനിയുടെ മട്ടിൽ ലോകവിമർശനം ചെയ്തു് നമ്മെ ചിന്തിപ്പിയ്ക്കുന്നു. ഈ ഒരു സമ്പ്രദായം അദ്ദേഹത്തിന്റെ കവിതകളിൽ ഇടയ്ക്കിടയ്ക്കു കാണാം. മനുഷ്യജീവിതത്തിന്റെ മർമ്മസ്ഥാനങ്ങൾ കാണുന്നതിന്നും അവയെ വ്യാഖ്യാനിയ്ക്കുന്നതിന്നും ഉള്ള ഒരു വാസന അദ്ദേഹത്തിൽ അന്തർല്ലീനമായിട്ടുണ്ടു്. "ഒററക്ഷണത്തിൽ മനുഷ്യൻ പിശാചിന്റെയുററ ചങ്ങാതിയായ്ത്തീരും വരുതിയിൽ" എന്നു പാടുന്ന കവി, "ദാരിദ്ര്യം മനുഷ്യനെ കാഫറാക്കുന്നു." എന്ന അറബിപ്രവാചകന്റെ വാക്യത്തെ അനുസ്മരിപ്പിയ്ക്കുന്നു.

"ഭാവനയിൽ നിന്നെത്രയോ ദൂരെയാം
ജീവിതത്തിന്നനുഭവകോടികൾ."
"വാസ്തവപ്രേമപരീക്ഷയിങ്ക-
ലെത്രശതമാനമുണ്ടുനേട്ടം?"
"ഏതിൻ തിരിച്ചലിൽ രാവും പകലുമായ്
വേർതിരിയ്ക്കപ്പെട്ടിട്ടുണ്ടുവോ നിത്യത,
ഭാവനാതീതമക്കാലം ചരിയ്ക്കുന്നു
ഭാവിയെ ഭൂതമാക്കിക്കൊണ്ടു സത്വരം."
"ആഹാരം വേണ്ടാത്തോനുമായതൊട്ടില്ലാത്തോനും
ആകയൊന്നാലോചിച്ചാലേകമാം ഫലം തന്നെ"
"പരിസരം തീർത്തിടും മൂശയാലെ
നരനൊരു ജീവിത രൂപമേലും;
അരമനയ്ക്കുള്ളൊരപ്പാരതന്ത്ര്യ—
മടിമതൻ സ്വപ്നത്തിൽപ്പോലുമുണ്ടോ?"

ഉന്നതചിന്തയുടെ സാരഥ്യത്തോടുകൂടി നയിയ്ക്കപ്പെടുന്ന ഇത്തരം മനോജ്ഞഭാഗങ്ങളിൽ നമുക്കുണ്ടാകുന്ന അനുഭൂതിവിശേഷം ഒന്നു വേറെത്തന്നെയാണ്. സുഭഗമായ കലാരൂപം കയ്ക്കൊണ്ട തത്വചിന്തയെപ്പോലെ ആത്മാവിനെ നിർവൃതിപുളകമണിയിയ്ക്കുന്നതിന്ന് മറെറന്തൊന്നാണുള്ളതു്? അനുഭവത്തിൽനിന്നു പുറപ്പെടുന്ന ലോകവിമർശനം കോമളവാക്യങ്ങളുടെ പിന്നിൽ ഒളിഞ്ഞും തെളിഞ്ഞും കാണുക; ഒരാസ്വാദകന്നു് ഇതിലധികം ആനന്ദപ്രദമായി മറെറാന്നുമില്ല.

ഈ സമാഹാരത്തിൽ ആദ്യന്തം അലയടിച്ചുകൊണ്ടിരിയ്ക്കുന്ന സംസ്കാരശുദ്ധി ഹൃദയാലുവായ വായനക്കാരനിൽ സ്വാധീനശക്തി ചെലുത്തുവാൻ പയ്യാപ്തമായിട്ടുള്ളതാണ്. ആർഷസംസ്കാരത്തിൻെറ പാരമ്പയ്യാഭിരുചിയോടുകൂടി വളന്നു വന്നിട്ടുള്ളവർക്കു് ആധുനികസാഹിത്യത്തിൽ ആവിർഭവിയ്ക്കുന്ന ചില ഗ്രന്ഥങ്ങൾ ക്രമാധികമായ അമ്പരപ്പുണ്ടാക്കുന്നതാണ്. എന്താണ് സാഹിത്യമെന്നതു്? അതെന്തിനുവേണ്ടിയാണ് പ്രവത്തിയ്ക്കുന്നതു്? എന്നവർ മിഴിച്ചുനിന്നു ചോദിച്ചുപോകുന്നു. എന്നാൽ വി. വി. കെ. യ്ക്കു് ഇതിന്നെല്ലാം ശരിയായ സമാധാനം പറവാനുണ്ടു്; അദ്ദേഹത്തിൻെറ കാവ്യത്തിൽക്കാണുന്ന തരംഗിതമായ സംസ്കാരശുദ്ധി അദ്ദേഹത്തിൻെറ കവനമൂല്യത്തെ തുലോം വദ്ധിപ്പിക്കുകയും ചെയ്യുന്നു.

ശ്രീമാൻ. വി. വി. കെ. യ്ക്കുള്ള കഴിവുകൾ എത്രയെല്ലാമാണെന്നു് പരിച്ഛേദിപ്പാനായിട്ടില്ല. ശക്തിയും വ്യുൽപ്പത്തിയും കൂടിയുള്ള നമ്മുടെ ചുരുക്കം കവികളിൽ

ഒരാളാണദ്ദേഹം. കേരളം അദ്ദേഹത്തെ പ്രോത്സാഹിപ്പിയ്ക്കട്ടെ! കലാരൂപിണിയായ ദേവി അദ്ദേഹത്തെ അനുഗ്രഹിയ്ക്കട്ടെ!

ശ്രീമാൻ. ജി. ശങ്കരക്കുറുപ്പിന്റെ ചിന്താദീപകമായ "ആമുഖ"വും ഗ്രന്ഥകാരന്റെ കലാവല്ലഭതയും സ്വർണ്ണമേഖലയ്ക്ക് വേണ്ടേടത്തോളം ഗൌരവവും കൌതുകവും കൈവരുത്തിയിരിയ്ക്കുന്നു.

---

## 4. ജേ. ടി. സണ്ടർലാണ്ട് *

നമ്മുടെ മാതൃഭൂമിയായ ഭാരതം ഇന്ന് സ്വതന്ത്രമാണ്; വലിയ വലിയ യാതനകളിലൂടെയെല്ലാം കടന്നാണ് അതു തന്റെ ചിരപ്രതീക്ഷിതമായ സ്വാതന്ത്ര്യസങ്കേതത്തിൽ എത്തിയിരിയ്ക്കുന്നതു്. ഭാരതഭൂമിയുടെ സന്താനങ്ങൾ അനർഘമായ ആ സ്വാതന്ത്ര്യത്തിന്ന് പിടിപ്പതു വില കൊടുക്കേണ്ടതുണ്ട്; അതവർ കൊടുത്തിട്ടുമുണ്ട്; എന്നാൽ ചില വിദേശീയർകൂടി, "വസുധൈവകുടുംബക"മെന്നു വിശ്വസിയ്ക്കുന്ന ചില വിദേശിയർകൂടി, നമ്മുടെ സ്വാതന്ത്ര്യത്തിന്നു വേണ്ടി ധീരധീരം പൊരുതുകയുണ്ടായിട്ടുണ്ട്. ആദർശശാലികളായ ആ മഹാത്മാക്കളെ നമുക്ക മറന്നുകൂട. അവരിൽ അദ്വിതീയനായ ഒരസാധാരണ വ്യക്തിയാണ് അമേരിയ്ക്കക്കാരനായ റവറണ്ട്. ജേ. ടി. സണ്ടർലാണ്ട്. മിസ് കാതറിൻ മേയൊ എന്ന മദാമ്മയും ഒരമേരിയ്ക്കക്കാരിയാണ്. അവർ തന്റെ "മദർ ഇന്ത്യ" എന്ന പുസ്തകം മൂലം കുപ്രസിദ്ധയായിത്തീന്നിരിയ്ക്കയാണ്. ഇന്ത്യയെ അവർ പ്രാകൃതവേഷം കെട്ടിച്ച് ലോകസമക്ഷം പ്രദർശനത്തിന്നു കൊണ്ടുപോയി. ഇന്ത്യയിലെ ഓവുചാലുകളുടെ മൂടിയെല്ലാം എടുത്തുകളഞ്ഞു് അന്തരീക്ഷം ദുർഗ്ഗന്ധപൂർണ്ണമാക്കിത്തീക്കുകയാണ് അവർ ചെയ്തതു്. ഇന്ത്യയെ അവർ കണ്ടതുമില്ല. ഈ മദാമ്മയോടു് നമുക്കൊരു വിരോധവും ഉണ്ടാകുവാൻ വയ്യ; ഉന്നതാദർശങ്ങൾക്ക വേണ്ടി ജീവിതം സമർപ്പിച്ച എത്രയെത്ര മഹാന്മാരെയാണ് മേയോവിന്റെ മാതൃഭൂമി പ്രസി

* അടിസ്ഥാനം ഇംഗ്ലീഷ്

വിച്ചിട്ടുള്ളതു്! ഇന്ത്യയ്ക്കുവേണ്ടി വാദിപ്പാൻ വേണ്ടേടത്തോളം ധർമ്മബോധമുള്ളവരും അവിടെ ഉണ്ടായിട്ടുണ്ടു്. ജേ. ടി. സണ്ടർലാൻറ് തന്നെ മതി മിസ്. മേയോവിനെപ്പോലെയുള്ള വളരെ ആളുകളുടെ പ്രവൃത്തിയ്ക്കു് പ്രായശ്ചിത്തം ചെയ്വാൻ.

തൊണ്ണൂററഞ്ചാമത്തെ വയസ്സിലാണു് ആ മഹാനുഭാവൻ ശാശ്വതസമാധിയടഞ്ഞതു്. തൻെറ സുദീർഘമായ ജീവിതകാലമത്രയും, വെളുത്തവനെന്നോ കറുത്തവനെന്നോ ഉള്ള വ്യത്യാസം കൂടാതെ, കൃസ്ത്യനെന്നോ ഹിന്ദുവെന്നോ മുസൽമാനെന്നോ ഉള്ള വിചാരം കൂടാതെ, മനുഷ്യസമുദായത്തിൻെറ നന്മയ്ക്കുവേണ്ടി ആ പരോപകാരി പ്രവർത്തിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഒരൊന്നാന്തരം മതഭക്തനായ കൃസ്ത്യനായിരുന്നു. കൃസ്ത്യൻ എന്നു പറയുന്നതു് സങ്കുചിതമായ അർത്ഥത്തിലല്ല. ശാസ്ത്രീയതത്വങ്ങളെയെന്നപോലെ അദ്ദേഹം അന്യമതങ്ങളിലെ കാര്യങ്ങൾ മനസ്സിലാക്കുകയും, അവയെ ആദരിയ്ക്കുകയും ചെയ്തിരുന്നു. "എൻെറ മതം വലുതു്" എന്ന ബോധം ആ സമദർശിയെ തീണ്ടിയിരുന്നതേ ഇല്ല. പ്രസംഗമണ്ഡപങ്ങളിൽ വെച്ചും, പത്രപംക്തികളിൽ വെച്ചും ആ സരസ്വതീദാസൻ ചെയ്തിരുന്നതു് ലോകസേവനം തന്നെയായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ആ യതിവര്യൻ തൻെറ ബുദ്ധിയും നാവും പേനയും പണസ്സഞ്ചിയും ബഹുജനസേവനത്തിന്നായി ഉഴിഞ്ഞു വെയ്ക്കുകയാണുണ്ടായതു്. അദ്ദേഹം ഒരു മഹാനായ ഗ്രന്ഥകാരനും, വലിയ പ്രാസംഗികനും, ഉത്തമവിമർശകനും, നല്ല മതപുരോഹിതനുമാ

യിരുന്നു. അടിമ രാജ്യങ്ങൾക്ക് അദ്ദേഹത്തെപ്പോലുള്ള ഒരു ബന്ധുവെ കിട്ടുകയെന്നതു് പ്രയാസമാണ്. ഒരു വലിയ സ്വാതന്ത്ര്യാരാധകൻെറ നിലയിലുള്ള അദ്ദേഹത്തിൻെറ കൃതികൾ അമേരിക്കക്കാരും യൂറോപ്യന്മാരുമായ പലരുടേയും മനഃസാക്ഷിയെ ഉണർത്തിവിടുന്നതിന്നു പര്യാപ്തമായിരുന്നു. സണ്ടർലാണ്ടിൻെറ തിരോധാനത്തോടുകൂടി ലോകത്തിന്നു് ഒരു മഹാനായ മതഗുരുമാത്രമല്ല, സ്വാതന്ത്ര്യത്തിൻെറയും ശാന്തിയുടെയും നീതിന്യായത്തിൻെറയും അനുപമനായ ഒരു സന്ദേശവാഹകൻകൂടിയാണു് നഷ്ടപ്പെട്ടതു്.

അടിമക്കച്ചവടത്തിന്നു കുപ്രസിദ്ധിനേടീട്ടുള്ള അമേരിക്കയിലെ നീഗ്രോവർഗ്ഗക്കാർക്കുവേണ്ടി അദ്ദേഹം പോരാടി. ഇന്ത്യയുടേയും ഈജിപ്തിൻേറയും അറബികളുടേയും സ്വാതന്ത്ര്യത്തിന്നുവേണ്ടി അദ്ദേഹം വാദിച്ചു. സാറിസ്റ്റുറഷ്യയിലെ അടിച്ചമർത്തപ്പെട്ട ജൂതന്മാർക്കുവേണ്ടി ആ ഹൃദയം വെമ്പൽകൊണ്ടു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യസമൂഹത്തിൻെറ മംഗളോദയത്തിന്നായി ആ പാവനാത്മാവു് തൻെറ സർവ്വസ്വവും ബലിയർപ്പിച്ചു. “ലോകത്തിലുള്ള സർവ്വരേയും തൻെറ സഹോദരന്മാരായിക്കാണുന്നതാണു് ലോകത്തിലെ ഏററവും ഉത്തമമായിട്ടുള്ള മതം; അതു് എന്നെന്നേയ്ക്കും അങ്ങിനെ തന്നെ ആയിരിക്കുകയും ചെയ്യും.” എന്ന ക്രിസ്തുദേവൻെറ ഉപദേശമാണു് ആ മതഭക്തനെ നയിച്ചുകൊണ്ടിരുന്നതു്.

ഇന്ത്യയോടുള്ള സണ്ടർലാൻറിൻെറ സ്നേഹം ഒന്നു വേറെത്തന്നെ ആയിരുന്നു. ആധുനികഭാരതത്തിൻെറ

പിതാക്കന്മാരെന്നു പറയാവുന്ന ടാഗ്ഗൂർ, ഗാന്ധിജി, രാമാനന്ദചാററർജി, ലാലാലജപതിറായി തുടങ്ങിയുള്ള പല നേതാക്കന്മാരുമായി അദ്ദേഹം വളരെയധികം സ്നേഹത്തിലും കൂട്ടുകെട്ടിലും ആയിരുന്നു. ഇന്ത്യയിൽനിന്നു പുറപ്പെടുന്ന പലേ മാസികകളിലും വിശേഷാൽ പ്രതികളിലും ആ സ്വാതന്ത്ര്യയോദ്ധാവിൻെറ ലേഖനങ്ങൾ പ്രകാശിതങ്ങളായി. മോഡേൺ റിവ്യൂവിൽത്തന്നെ എണ്പതോളം ലേഖനങ്ങൾ പ്രസിദ്ധം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിൻെറ വകയായിട്ടുള്ള ഇരുപത്തഞ്ചു പുസ്തകങ്ങളിൽ അഞ്ചെണ്ണം പ്രസിദ്ധം ചെയ്തിട്ടുള്ളതു തന്നെ ഇന്ത്യയിലാണു്. India in Bondage എന്ന പുസ്തകം ഇന്ത്യയിൽ നിരോധിക്കപ്പെടുകയും, അതിൻെറ പ്രസാധകനായിരുന്ന പരേതനായ രാമാനന്ദചാററർജിയ്ക്കു് ഘനത്ത പിഴയിടുകയും ഉണ്ടായിട്ടുണ്ടു്. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്നുവേണ്ടി വാദിച്ചിരുന്നവരാരും തന്നെ അന്നത്തെ ഗവമ്മെൻറിൻെറ കണ്ണിൽ നല്ലവരായിരുന്നില്ലെന്നുള്ളതു് സ്വാഭാവികമാണല്ലോ. സണ്ടർലാൻറിൻെറയും അനുഭവം അതുതന്നെയായിരുന്നു. മേല്പറഞ്ഞ പുസ്തകങ്ങൾ എല്ലാം ലോകത്തിലെ നാനാഭാഷകളിലേയ്ക്കും തർജ്ജമ ചെയ്തിട്ടുണ്ടു്. "ഇന്ത്യ ഇൻ ബോണ്ടേജ്" എന്ന പുസ്തകം ഇന്ത്യയിൽ ആർക്കും വായിപ്പാൻ പാടില്ലായിരുന്നുവെങ്കിലും, അതിൻെറ ഇരുപത്താറു പ്രതി ന്യൂയോർക്കിലെ പബ്ലിക്ക് ലൈബ്രറിയുടെ ആവശ്യത്തിന്നുവേണ്ടി വിലകൊടുത്തു വാങ്ങുകയുണ്ടായി എന്നതു് പ്രസ്താവയോഗ്യമാണു്. പ്രസ്തുത പുസ്തകത്തിൻെറ ഒരമേരിയ്ക്കൻ പതിപ്പിനു മുഖവുരയായി മഹാകവി രവീന്ദ്രനാഥ ടാഗോർ ഇങ്ങിനെ എഴുതിയിരുന്നു:—

"അമേരിയ്ക്കക്കാക്ക് ഇന്ത്യയെ ശരിയായി മനസ്സിലാക്കണമെങ്കിൽ, ഡാക്ടർ സണ്ടർലാൻറിനേക്കാൾ വലിയൊരു സഹായിയെ അവർക്കു കിട്ടുവാനില്ല. മറേറതൊരു തൂലികയിൽനിന്നും വന്നിട്ടുള്ളതിനേക്കാൾ, ഏററവും വിശ്വാസയോഗ്യമായിട്ടുള്ളതും, ശരിയായ വിവരങ്ങൾ നല്കുന്നതും, നീതിപൂൎവ്വകമായിട്ടുള്ളതുമാണു് ഈ ഗ്രന്ഥമെന്നു് ഞാൻ വിചാരിയ്ക്കുന്നു."

1895-ൽ ആണു് നമ്മുടെ കഥാനായകൻ ആദ്യമായി ഇന്ത്യ സന്ദർശിച്ചതു്. ഇവിടെനിന്നു മടങ്ങിപ്പോയശേഷം അദ്ദേഹം ഭാരതീയസാഹിത്യം, ചരിത്രം, കല, സംസ്കാരം എന്നിവ പഠിയ്ക്കുന്നതിൽ ഒരു സതൃഷ്ണനായ വിദ്യാൎത്ഥിയായിത്തീൎന്നു. ഇന്ത്യയുടെ സാമുദായികങ്ങളും, സാമ്പത്തികങ്ങളും, രാജ്യ തന്ത്രപരങ്ങളുമായ കാൎയ്യങ്ങളിൽ അദ്ദേഹം പ്രത്യേകിച്ചും ശ്രദ്ധ പതിപ്പിച്ചു.

ഒരു പത്രപ്രവൎത്തകൻെറ നിലയിലും ഡോക്ടർ സണ്ടർലാൻറ് വിജയാശ്ലിഷ്ടനായിരുന്നു. ഇന്ത്യൻ കാൎയ്യങ്ങളെ പ്രതിപാദിച്ചിരുന്ന "യങ് ഇന്ത്യ" എന്ന മാസിക അദ്ദേഹം വളരെക്കാലം നടത്തിട്ടുണ്ടു്. പന്ത്രണ്ടുകൊല്ലത്തോളം അദ്ദേഹം "യൂനിറേററിയൻ" എന്ന മാസികയും നടത്തി. അമേരിയ്ക്കയിലും ഇംഗ്ലൻറിലും അതിന്നു് വളരെയധികം പ്രചാരമുണ്ടായിരുന്നതായി പറയപ്പെടുന്നു. ഏകദേശം മൂന്നുലക്ഷത്തോളം വരിക്കാരാണത്രെ ആ പ്രസിദ്ധീകരണത്തിന്നന്നുണ്ടായിരുന്നതു്!

ഇന്ത്യയെ സംബന്ധിച്ചുള്ള സണ്ടർലാൻറിൻെറ പുസ്തകങ്ങൾ അമേരിയ്ക്കയുടേയും യൂറോപ്പിൻേറയും മനഃസാ

ക്ഷിയെ ഉണൎത്തുന്നതിന്നു് വളരെയധികം സഹായിച്ചിട്ടു ണ്ടു്. പാശ്ചാത്യരും പൌരസ്ത്യരുമായ പല ചിന്തകന്മാരും അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ വായിച്ചു് ഇന്ത്യൻ കാൎയ്യങ്ങൾ ശ്രദ്ധിച്ചു പഠിപ്പാനും ഇന്ത്യയെ സ്സംബന്ധിച്ചു് പുതിയ പുസ്തകങ്ങൾ നിൎമ്മിയ്ക്കുന്നതിന്നും തുടങ്ങി. ഇന്ത്യയിലടിയ്ക്കടി ഉണ്ടായിക്കൊണ്ടിരിയ്ക്കുന്ന ക്ഷാമം ഇവിടെ മഴയില്ലാത്തതുകൊണ്ടോ ഭക്ഷണധാന്യങ്ങൾ ഉണ്ടാകാത്തതുകൊണ്ടോ അല്ല സംഭവിയ്ക്കുന്നതെന്നും, അതു മനുഷ്യൻ ഉണ്ടാക്കിത്തീൎക്കുന്നതാണെന്നും അദ്ദേഹം യുക്തിയുക്തമായി ഉപപാദിച്ചു. ആ പ്രശസ്തപണ്ഡിതൻെറ ഏതദ്വിഷയകമായ വാദം മുഴുവൻ ലോകത്തിൻേറയും ശ്രദ്ധയെ ആകൎഷിയ്ക്കുന്നതിന്നു പൎയ്യാപ്തമായിരുന്നു. സണ്ടർലാൻറിൻെറ പുസ്തകങ്ങൾ അമേരിയ്ക്കയിലെ പല കൃസ്ത്യൻ നേതാക്കന്മാരേയും ഇന്ത്യൻ സ്വാതന്ത്ര്യത്തിൻെറ ഭാഗത്തേയ്ക്കു തിരിച്ചു വിടുകയുണ്ടായി. പരേതനായ ഡാക്ടർ കതബെട്ട്ഹാൾ ഇന്ത്യസന്ദൎശിച്ചതിന്നും ഇന്ത്യൻ സ്വാതന്ത്ര്യത്തിൻെറ ഭാഗത്തുനിന്നു് പിൽക്കാലങ്ങളിൽ വാദിപ്പാൻ തുടങ്ങുവാനും കാരണം സണ്ടർലാൻറിൻെറ ലേഖനങ്ങളും പുസ്തകങ്ങളുമാണു്. ലോഡ്കേഴ്സൻെറ മാതൃകയിലുള്ള ചില ബ്രിട്ടീഷ് സാമ്രാജ്യഭക്തന്മാർ, രഹസ്യമാൎഗ്ഗങ്ങളിലൂടെ കഥാനായകൻെറ ഗ്രന്ഥങ്ങളെ പരാജയപ്പെടുത്തുവാൻ ശ്രമിയ്ക്കുകയുണ്ടായെങ്കിലും, അദ്ദേഹത്തിന്നു് അത്തരം സംരംഭങ്ങളെയെല്ലാം വിജയപൂൎവ്വം എതിരിടുവാനും വളരെ ബുദ്ധിമാന്മാരായ അമേരിയ്ക്കക്കാരെ ഇന്ത്യൻ കാൎയ്യങ്ങളിലേയ്ക്കു് ആകൎഷിയ്ക്കുവാനും കഴിഞ്ഞുവെന്നുള്ളതു്, അമേരി

ണ്ടുകാർ പോലും ശരിയായിധരിച്ചിട്ടുണ്ടോ എന്നു സംശയമാണ്. വില്യം ഡിഗ്ബേ തുടങ്ങിയുള്ള ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാരും ഇന്ത്യൻ കാര്യങ്ങൾ ശ്രദ്ധിപ്പാനും പഠിപ്പാനും തുടങ്ങിയതു് സണ്ടർലാൻറിന്റെ ഗ്രന്ഥങ്ങൾ വായിച്ചിട്ടാണു്. "സമൃദ്ധമായ ബ്രിട്ടീഷ് ഇന്ത്യ" (Prosperous British India) എന്നൊരു പുസ്തകം വില്യം ഡിഗ്ബേ എഴുതുകയുണ്ടായി. ദാദാബായി നവറോജിയുടെ സുപ്രസിദ്ധമായ "ഇന്ത്യയിലെ ദാരിദ്ര്യവും ബ്രിട്ടീഷുകാർക്കനുയോജ്യമല്ലാത്ത ഭരണവും" (Poverty and un British Rule in India) എന്ന ഗ്രന്ഥത്തിനും ആർ. സി. ഡട്ടിൻെറ ഭാരതീയസാമ്പത്തിക ചരിത്രത്തിന്നുമെല്ലാം പ്രേരകമായി നിന്നിരുന്നതു് പ്രസ്തുത ഗ്രന്ഥങ്ങൾ തന്നെയാണു്.

ബുദ്ധി ജീവികളായ ഗ്രന്ഥകർത്താക്കന്മാർക്കും പ്രാസംഗികന്മാർക്കുംകൂടി സഹായമായിരിക്കത്തക്കവണ്ണം സ്ഥിതിവിവരക്കണക്കുകളും സാംസ്കാരികമൂല്യവും തികച്ചുമുള്ള ഗ്രന്ഥങ്ങളായിരുന്നു കഥാനായകൻ രചിച്ചിരുന്നതു്. ബങ്കാളിലെ സുപ്രസിദ്ധ നോവലെഴുത്തുകാരനായിരുന്ന ശരൽച്ചന്ദ്ര ചാററർജ്ജി ഒരിക്കൽ പറയുകയുണ്ടായി, ഞങ്ങൾ സാധാരണക്കാർക്ക് വേണ്ടിയാണു് ഗ്രന്ഥങ്ങൾ എഴുതുന്നതെങ്കിൽ, ടാഗ്രൂർ എഴുതുന്നതു് ഞങ്ങളാൽച്ചില ഗ്രന്ഥകാരന്മാർക്ക് വേണ്ടിയാണെന്നു്. ഇതേതാണ്ടു് സണ്ടർലാൻറിനെസ്സംബന്ധിച്ചേടത്തോളവും വാസ്തവമാണു്; എന്നാൽ അദ്ദേഹം സാധാരണ വായനക്കാർക്ക് അനഭിഗമ്യനായിരുന്നുവെന്നു് ഇപ്പറഞ്ഞതിന്നു് അർത്ഥം വന്നുകൂടാ

ത്തതാണ്. "ഇന്ത്യ ഇൻ ബോണ്ടേജ്" എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ ഒരു പ്രതികയ്യിലുണ്ടെങ്കിൽ, ഇന്ത്യൻ സ്വാതന്ത്ര്യത്തിന്നെതിരായുള്ള ഏതു വാദത്തേയും വെല്ലുവിളിച്ചു ജയിപ്പാൻ സാധിയ്ക്കുമെന്നും, തനിയ്ക്കിക്കാര്യത്തിന്നു പ്രസ്തുതഗ്രന്ഥം വളരെയധികം സഹായിച്ചിട്ടുണ്ടെന്നും ഒരു പ്രസിദ്ധപ്രാസംഗികൻ പ്രസ്താവിയ്ക്കയുണ്ടായിട്ടുണ്ട്.

ഇന്ത്യയിൽ നിരോധിച്ചിട്ടുള്ളതായിരുന്ന "ഇൻഡ്യ ഇൻബോണ്ടേജ്" എന്ന പുസ്തകത്തിന്നു പുറമെ "പ്രശസ്തന്മാരായ അമേരിയ്ക്കക്കാർ" (Eminent Americans) "പരിണാമവും മതവും" (Evolution and Religion) എന്നീ ഗ്രന്ഥങ്ങളും ഇന്ത്യയിൽത്തന്നെ പ്രസിദ്ധം ചെയ്തവയും, ഇന്ത്യക്കാരുടെ ഇടയിൽ വലിയ പ്രചാരമുള്ളവയുമാണ്.

അദ്ദേഹത്തിന്റെ ഏററവുമധികം പ്രചാരമുള്ള രണ്ടു മതഗ്രന്ഥങ്ങളാണ് "ബൈബ്ളിന്റെ മൂലവും സ്വഭാവവും," (Origin and Charactor of the Bible) "ബൈബ്ളും ബൈബ്ൾ രാജ്യവും." (The Bible and Bible Country) എന്നിവ. ഇതിൽ ആദ്യത്തേതു് റഷ്യൻ ഹംഗേറിയൻ മുതലായ ഭാഷകളിലേയ്ക്കും തർജ്ജമ ചെയ്തിട്ടുണ്ട്.

ഒരു പ്രാസംഗികൻ എന്ന നിലയിലും സണ്ടർലാൻറ് വലിയ പ്രശസ്തി നേടീട്ടുണ്ട്. 1913-ൽ അദ്ദേഹം ഇന്ത്യയിലുണ്ടായിരുന്നു. അന്നു് കഥാ പുരുഷൻ "ആൾ ഇന്ത്യ തീയസ്റ്റിക്ക് കോൺഫറൻസിന്റെ (All India Theistic Conference) അദ്ധ്യക്ഷനായിരുന്നു. രണ്ടു പ്രാവശ്യം

അദ്ദേഹം ഭാരത മഹാജനസഭയുടെ വാർഷികയോഗങ്ങളിൽ സന്നിഹിതനായി പ്രസംഗം ചെയ്തിട്ടുണ്ട്. ഇന്ത്യക്കാരുടെ ഇടയിൽ ഏററവുമധികം പ്രസിദ്ധി നേടീട്ടുള്ള രണ്ടോ മൂന്നോ അമേരിയ്ക്കക്കാരിൽ ഒരാളായിരുന്നു ചരിത്രനായകൻ.

ഇന്ത്യയിൽ നിന്നു മടങ്ങിച്ചെന്ന ശേഷം അദ്ദേഹം കുറെക്കാലത്തോളം ന്യൂയോർക്ക്, പെൻസിൽവാനിയ, മെഡ്സവില്ല (Meadsvilla) എന്നീ സ്ഥലങ്ങളിലുള്ള തിയോളജിയ്ക്കൽ സ്കൂളുകളിലെ (Theological Schools) ഇന്ത്യയിലെ സമുദായ ശാസ്ത്രം (Sociology) മതം എന്നിവയ്ക്കുള്ള ഒരു സഞ്ചാരപ്രാസംഗികൻ (Non resident lecturer) ആയിരുന്നു.

അദ്ദേഹം ആദ്യമായി ഇന്ത്യ സന്ദർശിച്ചതു് 1895 ലാണു്. നമ്മുടെ രാജ്യത്തെ സാമുദായികവും വിദ്യാഭ്യാസപരവും മതസംബന്ധവുമായ സ്ഥിതികൾ പഠിച്ചു റിപ്പോർട്ടുചെയ്യാനായി "യൂനിറേററിയൻ" സംഘം നിയോഗിച്ച ഒരു കമീഷനിലെ അംഗമെന്ന നിലയിലാണു് അതുണ്ടായതു്. അങ്ങിനെ അദ്ദേഹം ഇന്ത്യയിൽ താമസിയ്ക്കുന്ന കാലത്തു് ഇവിടത്തെ മിയ്ക്ക സമുദായ പരിഷ്കാരികളുമായും, ബ്രഹ്മസമാജനേതാക്കന്മാരുമായി പ്രത്യേകിച്ചും ബന്ധപ്പെട്ടു.

1913-14 കാലത്തു അമേരിയ്ക്കൻ യൂനിറേററിയൻ സംഘം ഇന്ത്യ, ജാപ്പാൻ, ചൈന എന്നിവിടങ്ങളിലേയ്ക്കയച്ച സംഘത്തിലെ ഒരു പ്രാസംഗികനായിരുന്നു അദ്ദേഹം. ഈ യാത്ര കഴിഞ്ഞു സ്വരാജ്യത്തു മടങ്ങിച്ചെന്ന ശേഷം

ഇന്ത്യൻ കാര്യങ്ങളിൽ അദ്ദേഹം പൂർവ്വാധികം ശ്രദ്ധിച്ചു തുടങ്ങി. ന്യൂയോർക്കിലെ "ഇന്ത്യാ ഇൻഫോർമേഷൻ ബ്യൂറോ"വിൻെറ അദ്ധ്യക്ഷൻ (1918-22) അദ്ദേഹമായിരുന്നു. ലാലാലജപത്റായി സ്ഥാപിച്ച "യുവഭാരത" (Young India)ത്തിൻെറ പത്രാധിപരായും (1918-21) അമേരിയ്ക്കയിലെ "ഭാരതീയ സംഘ" (Indian Society) ത്തിൻെറ അദ്ധ്യക്ഷനായും (1923-28) അദ്ദേഹം ഇന്ത്യയെ സേവിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമെ 'All world Gandhian Fellow ship" "The American League for Indian's Freedom എന്നീ സ്ഥാപനങ്ങളുടെ ഉപാദ്ധ്യക്ഷനും അദ്ധ്യക്ഷനുമായിരുന്നു അദ്ദേഹം.

കഥാനായകൻെറ മരണത്തിന്നു ശേഷം അദ്ദേഹത്തിൻെറ സ്മരണയെ മാനിപ്പാനായിച്ചേന്ന ഒരു യോഗത്തിൽ വെച്ചു ഡാക്ടർ ഹരിദാസ്. ടി. മസുംദാർ ഇങ്ങിനെ പ്രസ്താവിയ്ക്കുകയുണ്ടായി:–"ഡോക്ടർ സണ്ടർലാൻറിൻെറ ചരമംകൊണ്ടു് രാജ്യങ്ങളുടെ അഭ്യുന്നതിയ്ക്കു വേണ്ടി പ്രവർത്തിയ്ക്കുന്ന ഒരു പ്രശസ്തനായ പ്രവർത്തകനാണ് അമേരിയ്ക്കയ്ക്കു നഷ്ടംവന്നതു്; എന്നാൽ ഇന്ത്യയ്ക്കു ഏററവും പ്രിയപ്പെട്ടവനും ധീരനുമായ ഒരു സ്നേഹിതനും, മനുഷ്യസമുദായത്തിന്നു് അസാധാരണനായ ഒരു ലോകപൌരനും നഷ്ടപ്പെട്ടു. 94. കൊല്ലത്തെ സുദീർഘവും സഫലവുമായ ആ ജീവിതത്തിലെ ഓരോ നിമിഷവും തികച്ചും ഇന്ത്യയെപ്പോലുള്ള അസ്വതന്ത്ര രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തിന്നും, അവയുടെ സ്വയം നിർണ്ണയാവകാശം സാധിയ്ക്കുന്നതിന്നും, മററു രാഷ്ട്രങ്ങളുടെ ഇടയിൽ അവയെക്കു

റിച്ച സൽഭാവം വളൎത്തുന്നതിന്നും, അവരെ അഭിവൃദ്ധിയിലേയ്ക്കു നയിയ്ക്കുന്നതിന്നും മറവുമായാണു് ഉപയോഗപ്പെടുത്തിയതെന്നു പറഞ്ഞാൽ അതക്ഷരം പ്രതി വസ്തുവമായിരിയ്ക്കും. ജനനം കൊണ്ടു് ഒരിംഗ്ലീഷുകാരനും കാലക്ഷേപത്തെസ്സംബന്ധിച്ചേടത്തോളം അമേരിയ്ക്കക്കാരനും, വീക്ഷണത്തിൽ ഒരു ലോകപൌരനും ആയിരുന്ന ഡോക്ടർ സണ്ടർലാൻറ് യഥാൎത്ഥത്തിൽ ഒരാത്മജ്ഞാനിയും മഹൎഷിയുമായിരുന്നു. അദ്ദേഹത്തിൻെറ ജീവിതത്തിലെ പ്രവൃത്തികൾ നമുക്കെല്ലാവൎക്കും പ്രചോദനം നൽകുമാറാകട്ടെ!"

അദ്ദേഹത്തിൻെറ ഷെൽഫുകളും അലമാറികളുമെല്ലാം ഇന്ത്യൻ കാൎയ്യങ്ങളെപ്പററി പ്രതിപാദിയ്ക്കുന്ന പുസ്തകങ്ങൾ കൊണ്ടു നിറഞ്ഞിരുന്നുവത്രെ. ഏതാണ്ടു് അറുനൂററാണ്ടു കാലത്തോളം കഥാനായകനെപ്പോലെ അത്രയും നിസ്വാൎത്ഥമായി ഭാരതീയജനതയെ നിരന്തരം സേവിപ്പാനായി തൻെറ ജീവിതം സമൎപ്പിച്ച ഒരു വെള്ളത്ത വൎഗ്ഗക്കാരൻ വേറെയുണ്ടായതായി തനിയ്ക്കറിവില്ലെന്നു് മി: താരകനാഥദാസ് പ്രസ്താവിയ്ക്കുകയുണ്ടായി. കിഴക്കും പടിഞ്ഞാറും കൂട്ടിയിണക്കുവാനായി രവീന്ദ്രനാഥ ടാഗ്ഗുറിനെപ്പോലെത്തന്നെ സണ്ടർലാൻറും ചില ശ്രമങ്ങൾ ചെയ്തിട്ടുണ്ടു്. ലോകസാഹോദൎയ്യമായിരുന്നു ചരിത്രനായകൻെറ ലക്ഷ്യം; ആ ലക്ഷ്യത്തിലെത്തുവാൻ പാശ്ചാത്യരും പൌരസ്ത്യരും കുറേക്കൂടി നന്നായി പരസ്പരം മനസ്സിലാക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. തൻെറ പ്രസംഗങ്ങളും ലേഖനങ്ങളും വഴിയായി പൌരസ്ത്യരുടെ ആദൎശങ്ങളും വിചാ

രഗതികളും പാശ്ചാത്യർക്കു കൂടുതലായി മനസ്സിലാക്കി ക്കൊടുപ്പാനദ്ദേഹം ഉത്സാഹിച്ചു. പാശ്ചാത്യർക്കു പൌരസ്ത്യരെപ്പററിയുള്ള തെററിദ്ധാരണകൾ തീക്കുവാൻ വേണ്ടി പൌരസ്ത്യസാഹിത്യം മതം മുതലായവയെ പാശ്ചാത്യരുടേതുമായി താരതമ്യപഠനം ചെയ്യാനുള്ള ആഗ്രഹം അവരിൽ വദ്ധിപ്പിച്ചു. പൌരസ്ത്യസംസ്കാരത്തിലെ നല്ല ഭാഗങ്ങൾ കണ്ടഭിനന്ദിപ്പാൻ പാശ്ചാത്യർക്കിതുകൊണ്ടു സാധിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ ആശ. ഇന്ത്യൻ സ്വാതന്ത്ര്യത്തെ സഹായിപ്പാനുള്ള പ്രവൃത്തികൾക്കിടയിൽ സണ്ടർലാൻറ് അമേരിക്കയേയും സേവിച്ചു. 1934-ൽ അദ്ദേഹം തന്റെ "ഇന്ത്യ അറിയേണ്ടവരായ പ്രശസ്തന്മാരായ അമേരിക്കക്കാർ" (Aminent Americans whom India Should Know) എന്ന പുസ്തകം ഇന്ത്യയിൽ പ്രസിദ്ധം ചെയ്തു; ഇതുകൊണ്ടു ബുദ്ധിമാന്മാരായ ഇന്ത്യക്കാക്കു് അമേരിക്കയെ ശരിയായി മനസ്സിലാക്കുന്നതിന്നു സാധിച്ചു.

സണ്ടർലാൻറിന്റെ വീടിന്റെ വാതിലുകൾ എപ്പോഴും ഭാരതീയ വിദ്യാത്ഥികൾക്കു വേണ്ടി തുറന്നു വെച്ചിരുന്നു. അദ്ദേഹം അവരിൽ പലക്കും വൃത്തിവേതനം (Scholar ship) കൊടുത്തുപോന്നു. ഇന്ത്യൻ വിദ്യാത്ഥികൾക്കു് അമേരിക്കയിലുണ്ടായിരുന്ന ഒരു ശരിയായ രക്ഷിതാവായിരുന്നു ചരിത്രനായകനെന്നു പറയാവുന്നതാണ്. ഭാരതീയ വിദ്യാത്ഥികൾ ആയിരക്കണക്കായി ഇംഗ്ലണ്ടിലേയ്ക്കോടുമ്പോൾ, അമേരിക്കയിലേയ്ക്കെന്താണിത്ര കുറഞ്ഞു പോകുന്നതെന്നാണദ്ദേഹത്തിന്റെ ആവലാതി. അമേ

രിയ്ക്കയിലേയ്ക്കു ചെല്ലുന്ന ഓരോ വിദ്യാർത്ഥിയും ഇന്ത്യയുടെ സ്വാതന്ത്ര്യയോദ്ധാവായി തിരിച്ചു വരേണമെന്ന് ആ മഹാൻ ആഗ്രഹിച്ചു. ഇന്ത്യയിലെ ഓരോ യുവാവും അബ്രഹാം ലിങ്കൻെറ അനുയായികളായി വരണമെന്നദ്ദേഹം ആശിച്ചു.

ഇന്ത്യയുടെ സ്വാതന്ത്ര്യം കൊണ്ടേ ലോകസ്വാതന്ത്ര്യം സാദ്ധ്യമാവുകയുള്ളൂ എന്ന് സണ്ടർലാൻറ് വിശ്വസിച്ചിരുന്നു. അതു ബ്രിട്ടൻെറ ഒരു സ്വകാര്യകാര്യമല്ല; മുപ്പത്തഞ്ചുകോടി ജനത്തിൻെറ സ്വാതന്ത്ര്യം, നേരിട്ടല്ലെങ്കിലും, ലോകസ്വാതന്ത്ര്യം തന്നെയാണെന്നദ്ദേഹം വാദിച്ചു.

ഡാക്ടർ താരകനാഥദാസ് അദ്ദേഹത്തെപ്പററി ഇങ്ങിനെ പറകയുണ്ടായി:—"ഇരുപത്തഞ്ചു കൊല്ലത്തിലധികം കാലമായി ഞാൻ ഡാക്ടർ സണ്ടർലാൻറിനെ അറിയും. ലാലാ ലജപതിറായി തുടങ്ങിയുള്ള അനേകം ഇന്ത്യക്കാരെ സഹായിച്ചിട്ടുള്ളതു പോലെ ആ ഉദാരൻ എന്നേയും മുക്തഹസ്തമായി സഹായിച്ചിട്ടുണ്ട്. നൈരാശ്യം ഉണ്ടാകുന്ന ഘട്ടങ്ങളിൽ അദ്ദേഹം എനിയ്ക്കു ധൈര്യമുണ്ടാക്കി; ആ ജീവിതം എന്നോടു സംബന്ധിച്ചേടത്തോളം സൽപ്രേരണകളുടെ ഒരു ഉറവിടം തന്നെയായിരുന്നു. ഞാനറിഞ്ഞിട്ടുള്ള അമേരിയ്ക്കക്കാരിൽ വെച്ച് ഏററവും ഉത്തമനായിരുന്നു അദ്ദേഹമെന്ന് എനിയ്ക്കു നിസ്സംശയം പറയുവാൻ കഴിയും. പല ഇന്ത്യൻ ദേശാഭിമാനികളേക്കാളും നല്ലവിധത്തിൽ അദ്ദേഹം ഇന്ത്യയെ സേവിച്ചു."

ഡാക്ടർ ഹഡിക്കർ കഥാനായകനെപ്പററി പറഞ്ഞതിങ്ങിനെയാണു്:—

"ഞാൻ അഞ്ചുകൊല്ലത്തോളം അമേരിയ്ക്കയിലെ ഐക്യനാട്ടുകളിൽ ആയിരുന്നപ്പോൾ ഡാക്ടർ സണ്ടർലാൻെറരുമിച്ചു് പ്രവൃത്തിയെടുപ്പാനുള്ള ഭാഗ്യം എനിയ്ക്കുണ്ടായി. അമേരിയ്ക്കയിലെ ഇന്ത്യൻ ഹോംറൂൾ ലീഗിൻെറ അദ്ധ്യക്ഷൻ ലാലാലജപതിറോയിയും, ഉപാദ്ധ്യക്ഷൻ സണ്ടർലാൻറും, ജനറൽ സിക്രട്ടരി ഞാനുമായിരുന്നു. പലപ്പോഴും ഞാനദ്ദേഹത്തിൻെറ വീട്ടിൽപ്പോവുകയും, ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിയ്ക്കുകയും ചെയ്തിട്ടുണ്ടു്. ഇങ്ങിനെ എനിയ്ക്കദ്ദേഹവുമായി ഗാഢമായ പരിചയത്തിന്നിടവന്നു.

അദ്ദേഹം എപ്പോഴും വിചാരിച്ചിരുന്നതു് ഇന്ത്യയെപ്പററിയായിരുന്നു. ഇന്ത്യയ്ക്കുവേണ്ടി ലാലാജി ചെയ്തിരുന്ന അസംഖ്യം പ്രവൎത്തനങ്ങളിലെല്ലാംതന്നെ അദ്ദേഹത്തെ സഹായിയ്ക്കുന്നതിന്നു് സണ്ടർലാൻറ് തയ്യാറായിരുന്നു. ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ (1914) ഇന്ത്യയ്ക്കെതിരായുള്ള പ്രചാരവേല അമേരിയ്ക്കയിൽ സുലഭമായി നടന്നിരുന്നു. ഇതിനെ എതിരിടുന്നതിൽ ലാലാജിയുടെ വലങ്കയ്യായിരുന്നതു് ഡാക്ടർ സണ്ടർലാൻറല്ലാതെ മററാരുമല്ലായിരുന്നു. അദ്ദേഹം ജീവിച്ചതു് അമേരിയ്ക്കയിലാണെങ്കിലും അദ്ദേഹത്തിൻെറ ശരിയായസ്ഥാനം ഇന്ത്യയിലായിരുന്നുവെന്നു് വിചാരിയ്ക്കുന്നതു് സ്വാഭാവികമാണു്. എട്ടുകൊല്ലത്തോളം ഞാനമേരിയ്ക്കയിൽ താമസിച്ചിട്ടുണ്ടു്. സണ്ടർ ലാൻറിനെപ്പോലെ അത്രയധികം ഇന്ത്യയെ സ്നേ

ഷിയ്ക്കുയും ഇന്ത്യയ്ക്കുവേണ്ടി പ്രവൃത്തിയെടുക്കുകയും ചെയ്തിട്ടുള്ള മററൊരമേരിയ്ക്കക്കാരനെയും ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിൻെറ ചരമംകൊണ്ടു നമ്മുടെ ഒന്നാം കിടയിലുള്ള ഒരു സഹായിയും സ്നേഹിതനും ആണ് നഷ്ടപ്പെട്ടിട്ടുള്ളതു്.

ആദ്യമായി ഞാൻ കണ്ടപ്പോൾ അദ്ദേഹത്തിന്നു 74 വയസ്സു പ്രായമുണ്ടു്. ലാലാജിയുടെ അപേക്ഷ പ്രകാരം ഇന്ത്യൻ ഹോംറൂൾ ലീഗിൻെറ ഉപാദ്ധ്യക്ഷസ്ഥാനം സ്വീകരിയ്ക്കുകയും ആ സ്ഥാപനത്തിന്നു വേണ്ടി അദ്ദേഹം ഹൃദയപൂർവ്വം പ്രവർത്തിയ്ക്കുയും ചെയ്തു. ലാലാജി ഇന്ത്യയിലേയ്ക്കു മടങ്ങിയതിന്നു ശേഷം അദ്ദേഹം അതിൻെറ അദ്ധ്യക്ഷനും "യങ്ങ്ഇന്ത്യ"യുടെ പത്രാധിപരുമായി. ഈ മാസിക 1922-ൻെറ പ്രാരംഭംവരെ നടന്നിരുന്നു. അനാരോഗ്യം കൊണ്ടോ, മറെറന്തെങ്കിലും കാരണം കൊണ്ടോ, ഇന്ത്യയോടുള്ള തൻെറ ഉത്തരവാദിത്വത്തിൽ നിന്നദ്ദേഹം ഒരിയ്ക്കലും ഒഴിഞ്ഞു നിൽക്കുകയുണ്ടായിട്ടില്ല. രാവും പകലും ഒരു പോലെ പ്രവർത്തിപ്പാൻ കഥാനായകൻ തയ്യാറായിരുന്നു. ഏതു തരത്തിലുള്ള സേവനത്തിന്നും ഞങ്ങൾ ആ നേതാവിനെ സമീപിയ്ക്കുക പതിവായിരുന്നു.

രാജ്യഭ്രഷ്ടനായിത്തീൎന്ന ലാലാജി അന്യ രാജ്യങ്ങളിലിരുന്നപ്പോൾ അദ്ദേഹത്തിന്നു തൻെറ ഭക്ഷണത്തിന്നുകൂടി അന്യന്മാരെ ആശ്രയിയ്ക്കത്തക്ക നിർഭാഗ്യം ഉണ്ടായിട്ടുണ്ടു്. സണ്ടർ ലാൻറിൻെറ പുസ്തക ശേഖരത്തിൽ വളരെയധികവും ഇന്ത്യയെപ്പററിയുള്ളവയായിരുന്നു വെന്നു് മുമ്പുപറഞ്ഞുവല്ലൊ. ലാലാജി അദ്ദേഹത്തോടു് ആത്തരം പുസ്ത

കങ്ങൾ കടം വാങ്ങിക്കൊണ്ടിരുന്നു. അമേരിയ്ക്കയിൽ വെച്ചു നിർമ്മിച്ചതായ പുസ്തകങ്ങളുടെ കയ്യെഴുത്തു പ്രതികൾ സണ്ടർലാൻറിനെ ക്കൊണ്ടദ്ദേഹം പരിശോധിപ്പിച്ചു. അപ്പോഴൊക്കെ ആ പരിണതപ്രജ്ഞൻ ലാലാജിയ്ക്കു് നിർദ്ദേശങ്ങളും ഉപദേശങ്ങളും കൊടുത്തു കൊണ്ടിരുന്നു. ലാലാജിയ്ക്കു് സണ്ടർലാൻറിൻെറ പേരിൽ വലിയ മതിപ്പും സ്നേഹവുമായിരുന്നു. അദ്ദേഹം അമേരിയ്ക്കവിട്ടു് ഇന്ത്യയിലേയ്ക്കു പോരുവാൻ തുടങ്ങുമ്പോൾ, എന്നോടു് പറഞ്ഞതു്, "എൻെറ കുട്ടി, എപ്പോഴും സണ്ടർലാൻറിൻെറ സഹായം തേടുക; നിങ്ങൾ ചെയ്യുന്ന കാര്യങ്ങളിലെല്ലാം അദ്ദേഹത്തിൻെറ ഉപദേശം വാങ്ങുക; അദ്ദേഹം നമുക്കു് അമേരിയ്ക്കയിലുള്ള ഒരു യഥാർത്ഥ സ്നേഹിതനാണു് എന്നായിരുന്നു."

വളരെ വയസ്സായ ഒരു യുവാവായിരുന്നു സണ്ടർലാൻറു്; അദ്ദേഹത്തിൻെറ ഉത്സാഹശീലവും പ്രവൃത്തി ശക്തിയും ചെറുപ്പക്കാരെ ലജ്ജിപ്പിച്ചു തലതാഴ്ത്തിച്ചിരുന്നു. തൻെറ പ്രകൃതിയ്ക്കും ഔദ്യോഗിക പ്രകൃതിയ്ക്കും അനുസരിച്ചു ചരിത്രനായകൻ വളരെ ശാന്തശീലനായിരുന്നു. വെള്ളിക്കമ്പികൾ പോലെ വെളുത്ത തലമുടിയും കറുത്ത നീളൻ കോട്ടും ആയി അദ്ദേഹത്തെ കാണുമ്പോൾ ഒരു ജ്ഞാനിയായ മഹർഷിയുടെ സാന്നിദ്ധ്യമാണനുഭവപ്പെടുക. ചിന്താമഗ്നനും പ്രശാന്ത പ്രകൃതിയുമായ ഒരു മഹാത്മാവു്! ഒരാളേയും അദ്ദേഹം കോപിപ്പിച്ചിരിയ്ക്കയില്ല. തന്നെ സമീപിയ്ക്കുന്ന സർവ്വരേയും അദ്ദേഹം തൻെറ മധുരസ്വഭാവം കൊണ്ടാകർഷിച്ചു. സണ്ടർലാൻറിനെപ്പോലെയു

ള്ള മഹാനുഭാവന്മാർ മനുഷ്യസമുദായത്തിൽ സുദുർല്ലഭമായിട്ടുമാത്രമേ ആവിർഭവിയ്ക്കാറുള്ളൂ.

ഡാക്ടർ സണ്ടർലാൻറ് ഇംഗ്ലൻറിൽ യോർക്ക്ഷയറിൽ 1842 ഫിബ്രവരി 11-ാംനു- ജനിച്ചു. വളരെ കുട്ടിക്കാലത്തുതന്നെ മാതാപിതാക്കന്മാരോടുകൂടി അമേരിയ്ക്കയിലെ ചിക്കാഗോ പട്ടണത്തിലെത്തിച്ചേൎന്നു. അവിടെ വെച്ചു് 1867-ൽ ബി. ഏ. പരീക്ഷയും 1869-ൽ എം. ഏ. പരിക്ഷയും പാസ്സായി. 1870-ൽ ബി. ഡി. ഡിഗ്രിയും 1914-ൽ ഡി. ഡി. ഡിഗ്രിയും സമ്പാദിച്ചു. 1878 മുതൽ 1898 വരെയുള്ള ഇരുപതുകൊല്ലക്കാലം അദ്ദേഹം യൂനിറേററിയൻ ചർച്ചിൽ ഒരു മന്ത്രിയായി പ്രവൃത്തിയെടുത്തു. മതകാൎയ്യങ്ങളിൽത്തന്നെ പിന്നീടും വ്യാപരിച്ചുകൊണ്ടിരുന്നു. പല പ്രസിദ്ധ മത സംഘടനകളുടേയും അദ്ധ്യക്ഷനും നേതാവും കാൎയ്യദൎശിയും ആയിരുന്നു അദ്ദേഹം. അതിനു പുറമെ തൊഴിലാളികളുടെ സ്ഥിതി നന്നാക്കുവാനും, സ്ത്രീകളുടെ നിലയെ പരിഷ്കരിയ്ക്കുവാനും, സമാധാന സംഘടനകളെ നിലനിൎത്തുവാനും, വിദ്യാഭ്യാസത്തിൻെറ നില പരിഷ്കരിയ്ക്കുവാനും സണ്ടർലാൻറ് പരിശ്രമിച്ചു പോന്നു.

ഡോക്ടർ സണ്ടർലാൻറ് ബ്രിട്ടീഷുകാൎക്കെതിരായിരുന്നുവെന്നു വിചാരിച്ചു കൂടാത്തതാണു്; അദ്ദേഹം ഇംഗ്ലണ്ടിൽ ജനിച്ച ഒരമേരിയ്ക്കക്കാരനായിരുന്നു. ഏതു നാട്ടുകാരനാണെന്നോ ഏതു വൎഗ്ഗക്കാരനാണെന്നോ ഉള്ളതു് അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം നിസ്സാരമായിരുന്നു: ഏതു കാൎയ്യം? ഏതുകാൎയ്യം? എന്നുള്ളതായിരുന്നു ആ മഹാ

ൻെറ ചിന്താ വിഷയം. അമേരിയ്ക്കൻ സ്വാതന്ത്ര്യ സമരത്തെ സഹായിച്ച ബക്ക് മുതലായ വിശിഷ്ടന്മാരായ ഇംഗ്ലീഷുകാരുടെ മാതിരി അദ്ദേഹം ഇന്ത്യൻ സ്വാതന്ത്ര്യത്തെ സഹായിച്ചു.

സ്വാതന്ത്ര്യത്തിൻെറ രാജ്യമായ അമേരിയ്ക്കയിൽ ജീവിയ്ക്കുന്ന ആളായിരുന്നിട്ടുകൂടി, ഇന്ത്യൻസ്വാതന്ത്ര്യത്തിന്നനുകൂലമായി വാദിച്ചതുകൊണ്ട് പല ബുദ്ധിമുട്ടുകളും കഥാനായകന്നനുഭവിയ്ക്കേണ്ടി വന്നിട്ടുണ്ട്. ബ്രിട്ടൻെറ വിരോധിയെന്ന നിലയിൽ അദ്ദേഹത്തിൻെറ പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യവരിൽ ചിലൎക്ക് പ്രോസിക്യൂഷനും പിഴയുമാണനുഭവമുണ്ടായതു്; എന്നാൽ ഇതുകൊണ്ടൊക്കെ മടങ്ങുന്ന ഒരു ദുൎബ്ബലാത്മാവായിരുന്നില്ല കഥാനായകൻ. ഇന്ത്യ സ്വതന്ത്ര്യയായിക്കാണണം എന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ മധുര സ്വപ്നം; പക്ഷെ അതു ഫലിച്ചു കാണുവാൻ ആ മഹാത്മാവിന്നു് സാധിച്ചില്ല. 1895-ൽ ഇന്ത്യ സന്ദൎശിച്ച കാലത്തു് അദ്ദേഹത്തിന്നു മഹാത്മജിയെ നേരിട്ടു കാണുന്നതിന്നു് സന്ദൎഭം ലഭിച്ചില്ല. ഇന്ത്യ സ്വതന്ത്ര്യയായിക്കാണുവാനുള്ള തൻെറ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടുള്ള ഒരു കത്ത് അന്നദ്ദേഹം ഗാന്ധിജിയ്ക്കു് ഒരു സ്നേഹിതൻ വശം അയയ്ക്കുകയുണ്ടായി.

സണ്ടർലാൻറ് ഒരു മതപ്രസക്തനായ വ്യക്തിയായിരുന്നു; അദ്ദേഹത്തിൻെറ ഉദ്യോഗവും അതിന്നനുസരിച്ചു തന്നെയിരുന്നു; പക്ഷേ മുമ്പു പറഞ്ഞപോലെ സങ്കുചിതമായ ഒരു മതബോധമല്ലായിരുന്നു അദ്ദേഹത്തിൻെറതു്. ആ ക്രിസ്തുമത പുരോഹിതൻ എല്ലാ മതങ്ങളേയും താര

തമ്യം ചെയ്തുപഠിച്ചു; അവയിലെ സാരാംശങ്ങൾ കയ്ക്കൊണ്ടു. എല്ലാമതക്കാരും അദ്ദേഹത്തെ തങ്ങളുടെ ഒരാളെന്ന നിലയിൽ കരുതി.

ഒരു വീഴ്ചയാണ് അദ്ദേഹത്തിൻെറ അവസാനത്തിന്നു കാരണം. മരണത്തിന്ന് ഏതാണ്ടൊരു മാസം മുമ്പ് അദ്ദേഹം വീട്ടിലെ കോണിയുടെ അധികം ഉയരമില്ലാത്ത പടിയിൽനിന്നൊന്നു വീഴുകയുണ്ടായി; തല്ക്കാലം ചില ചില്ലറ പരുക്കുകൾ പററി. അതൊന്നും അത്ര സാരമുള്ളവയായിരുന്നില്ല. എങ്കിലും തല്ക്കാലം ഉണ്ടായ ദേഹത്തിൻെറ ഇളക്കവും, അമേരിയ്ക്കയിലെ അപ്പോഴത്തെ അത്യുഷ്ണമായ കാലാവസ്ഥയും കൂടി വാൎദ്ധക്യഗ്രസ്തനായ അദ്ദേഹത്തിൻെറ ആരോഗ്യത്തിന്ന് കോട്ടം തട്ടിച്ചു; ഹൃദയം ക്രമേണ ദുൎബ്ബലമായി. അങ്ങിനെ അദ്ദേഹത്തിൻെറ അവസാനം വന്നെത്തി. 1936-ആഗസ്റ്റ് 13-ാം തിയ്യതി, തൻെറ തൊണ്ണൂററഞ്ചാം വയസ്സിൽ, മഹാത്മാവായ ആ യതിവൎയ്യൻ ശാശ്വത ശാന്തിയടഞ്ഞു.!

മരിയ്ക്കുമ്പോൾ അദ്ദേഹത്തിന്ന്, പ്രഫസർ സണ്ടർലാൻറ് എന്ന മകനും, ഒരു മകളും ഉണ്ട്; ഇവൎക്ക പുറമേ അന്ന് 98- വയസ്സുള്ള ഒരു സഹോദരിയും, ഏഴു പൌത്രന്മാരും, നാലു പ്രപൌത്രന്മാരും, അനേകം മരുമക്കളും ഉണ്ടായിരുന്നു. കുറേക്കാലം മുമ്പൊരു മകളും, 1910-ൽ അദ്ദേഹത്തിൻെറ സഹധൎമ്മചാരിണിയും അന്തരിച്ചു പോയിരുന്നു.

തൻെറ അവസാനത്തെ ദിനമാണതെന്ന് സണ്ടർലാൻററിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ ആരോഗ്യ സ്ഥിതി

യെക്കുറിച്ചന്വേഷിച്ചുകൊണ്ടു് രാമാനന്ദ ചാററർജിയുടെ ഒരു കത്തു് ആ ഘട്ടത്തിൽ വന്നിരുന്നു. മകൾ അതു വായിച്ചു കേൾപ്പിച്ചു; അദ്ദേഹത്തിന്നതു വളരെയധികം ഇഷ്ടമായി. താൻ മരിച്ചു കഴിഞ്ഞാൽ ഇന്ത്യയിലേയ്ക്കയയ്ക്കുന്നതിന്നു വേണ്ടി അദ്ദേഹം മകൾക്കിങ്ങിനെ പറഞ്ഞു കൊടുത്തു:— "എൻെറ ഒടുവിലത്തെ സന്ദേശമായി ഇന്ത്യയ്ക്കു് ഞാനൻെറ സ്നേഹം അയയ്ക്കുന്നു."

സണ്ടർലാൻറിൻെറ അവസാനത്തെ വാക്യങ്ങൾ താഴെ ചേർക്കുന്നു:– "ഞാൻ ഏററവും മനോഹരമായ യൂനിറേററിയൻ വിശ്വാസത്തിൽ (ഏക ദൈവ വിശ്വാസം) മരിയ്ക്കുന്നു. ക്രിസ്തുവിൻെറ സാരവത്തുക്കളായ ഉപദേശങ്ങളിൽ ഞാൻ വിശ്വസിയ്ക്കുന്നു. 'ലോകത്തിലുള്ള സർവ്വരേയും തൻെറ സഹോദരന്മാരായിക്കാണുന്നതാണു് ലോകത്തിലെ ഏററവും ഉത്തമമായിട്ടുള്ള മതം; അതു എന്നെന്നേയ്ക്കും അങ്ങിനെ തന്നെ ആയിരിയ്ക്കുകയും ചെയ്യും."

# 5. വള്ളത്തോൾ സാഹിത്യത്തിലെ ശിശുക്കൾ.

മിക്ക മഹാകവികളുടെ കവിതകളെടുത്തു പരിശോധിച്ചു നോക്കിയാലും, അവർ ചില പ്രത്യേക വിഷയങ്ങളിൽ താല്പര്യമുള്ളവരും, പ്രത്യേക രസവർണ്ണനയിൽ സമർത്ഥന്മാരുമാണെന്നു കാണാവുന്നതാണ്. വിവിധവിഷയങ്ങളെ തങ്ങളുടെ നിരീക്ഷണത്തിനും ഭാവനയ്ക്കും വിഷയമാക്കിട്ടുള്ളവരും, അവയെക്കൊണ്ടു് വിജയാശ്ലിഷ്ടമാംവണ്ണം കൈകാര്യം ചെയ്യാൻ സാധിച്ചിട്ടുള്ളവരുമായ മഹാ കവികൾ, കാലത്തിന്റെ ദീർഘവും വിസ്തൃതവുമായ സാഹിത്യചരിത്രത്തിൽ കുറച്ചുമാത്രം പേരാണുണ്ടായിട്ടുള്ളതു്. അത്തരം മഹാകവികൾ സർവ്വഭക്ഷകനായ കാലത്തിന്റെ കരാളമായ ആക്രമണത്തെക്കൂടി അതിവർത്തിച്ചു്, എന്നെന്നും സഹൃദയശ്ലാഘയ്ക്കു വിഷയീഭൂതന്മാരായി നിലകൊള്ളുന്നു. വിവിധ വിഷയസ്പർശിയും സമൃദ്ധവുമായ ഭാവനകൊണ്ടും, സർവ്വാതിശായിയായ പ്രതിപാദന ശില്പം കൊണ്ടും, ലോകസമ്മോഹനമായ ഭാഷാഭംഗികൊണ്ടും മഹാകവി വള്ളത്തോൾ സഹൃദയന്മാരുടെ ഹൃദയങ്ങളിൽ ഒരു ശാശ്വതസ്ഥാനം കൈക്കലാക്കിയിരിക്കുകയാണ്. നാനാമുഖമായ അദ്ദേഹത്തിന്റെ ആ സരസ്വതീ പ്രവാഹം മനുഷ്യലോകത്തിലെമഹാനുഗ്രഹങ്ങളായ ശിശുക്കളെ എങ്ങിനെ സ്പർശിക്കുന്നുവെന്നു് നോക്കുകയാണ്ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

ജീവിതത്തിന്റെ ദുർവ്വഹമായ ഭാരം വഹിച്ചു് കഷ്ടപ്പെടുന്നവർ, തങ്ങളുടെ പരുഷവും വൈചിത്ര്യഹീനവു

മായ താല്ക്കാലികസ്ഥിതിയിൽനിന്നു്, ആശാപൂർവ്വം പിന്നോക്കം തിരിഞ്ഞുനോക്കി നെടുവീർപ്പിടുന്നതു സാധാരണമാണു്. താരതമ്യേന മനോഹരവും ഭാവനാഭാസുരവുമായ ആ ശൈശവത്തിൻെറ മഞ്ജുളോദ്യാനം, വർത്തമാനത്തിൻെറ ചുട്ടുപഴുത്ത മണലാരണ്യത്തിൽനിന്നു നോക്കുമ്പോൾ കാമ്യമായിത്തന്നെ തോന്നുന്നതിൽ എന്താണത്ഭുതമുള്ളതു്? ശൈശവം ആരേയും ആനന്ദിപ്പിയ്ക്കുന്ന ഒരു കാലഘട്ടമാണു; എങ്കിലും അതിനെ തങ്ങളുടെ ഭാവനയ്ക്കും വർണ്ണനയ്ക്കും ധാരാളം വിഷയമാക്കീട്ടുള്ള കവികൾ അത്ര അധികമൊന്നുമുണ്ടെന്നു് തോന്നുന്നില്ല. സംസ്കൃതത്തിലും മലയാളത്തിലും പല കവികളും മുഗ്ദ്ധമനോഹരമായ ശൈശവം വർണ്ണിച്ചിട്ടുണ്ടു്; എന്നാൽ ആ വർണ്ണനകൾ മിയ്ക്കതും തങ്ങളുടെ കവിതാപഥസഞ്ചാരത്തിൽ സന്ദർഭവശാൽ എത്തിച്ചേരുന്ന ദുർല്ലഭ ഘട്ടങ്ങളിലെ പരിമിത വർണ്ണനകൾ മാത്രമാണു്. ശ്രീകൃഷ്ണൻെറ ശൈശവസുന്ദരമായ ക്രീഡാവിശേഷങ്ങളും, സ്വഭാവചിത്രങ്ങളും പൌരാണികന്മാരും ലൌകികന്മാരുമായ പല ഹൈന്ദവ കവികളുടേയും ഭാവനയ്ക്കു വിഷയമായിട്ടുള്ളതാണു്; ഈ വിഷയത്തിൽ മഹാകവി വള്ളത്തോളിൻെറ വകയായുള്ള "ഒരു ചിത്രം" തന്നെ വളരെയധികം ശ്ലാഘിയ്ക്കത്തക്ക ഒന്നാണല്ലൊ.

"പൽമൊട്ടിനം വിലസുമാറു വൃഥാ ചിരിച്ചു
മവ്യക്തമായ് മധുരമായ് ചിലതുച്ചരിച്ചും,
അങ്കത്തിൽ വാഴ്വതിനണഞ്ഞ കിടാങ്ങളെപ്പൂ-
ണ്ടപ്പിഞ്ചുടൽപ്പൊടി പുരണ്ടവരുളുന്നു ധന്യൻ"

—അഭിജ്ഞാന ശാകുന്തളം.

എന്നിങ്ങിനെ കാളിദാസൻ പരിമിതമാണെങ്കിലും, ശൈശവത്തിൻെറ വിലോഭനീയതയേയും, സന്താന സൌഖ്യത്തേയും ഒന്നിച്ചു വൎണ്ണിച്ചിരിയ്ക്കുന്നു. രഘുവംശത്തിലും കവി.

"ഉവാചധാത്ര്യാ പ്രഥമോദിതം വചോ
യയൌ തദീയാ മവലംബ്യ ചാംഗുലിം
അഭൂച്ച നമ്രഃ പ്രണിപാത ശിക്ഷയാ
പിതുൎമ്മുദം തേന തതാനസോൎഭകഃ
തമങ്ക മാരോപ്യ ശരീരയോഗജൈഃ
സുഖൈൎന്നിഷിഞ്ചന്ത മിവാമൃതം ത്വചി
ഉപാന്തസമ്മീലിത ലോചനോ നൃപഃ
ചിരാൽ സുതസ്പൎശ രസജ്ഞതാം യയൌ"

എന്നീ വരികൾകൊണ്ടു്, ധാത്രിയുടെ വിരലു പിടിച്ചുകൊണ്ടു് നടന്നും, അവർ പറയുന്നതു കേട്ടു പറഞ്ഞും, നമസ്കരിപ്പാൻ പറയുമ്പോൾ നമസ്കരിച്ചും, അച്ഛന്നു ആനന്ദം വളൎത്തിക്കൊണ്ടിരിയ്ക്കുന്ന രഘുകുമാരനേയും, അവനെ മടിയിലെടുത്തുവെച്ചു് അമൃതാഭിഷേകം ചെയ്തപോലുള്ള സുഖം അനുഭവിച്ചു് "ഉപാന്തസമ്മീലിതലോചന" നായിരിയ്ക്കുന്ന ദിലീപനേയും ചിത്രണം ചെയ്തു കാണിച്ചു തരുന്നുണ്ടു്.

എഴുത്തച്ഛൻ, ആശാൻ, ഉള്ളൂർ തുടങ്ങിയുള്ള മലയാളത്തിലെ പല മഹാകവികളും ശൈശവത്തെ പേരിന്നുമാത്രമായാണെങ്കിലും സജീവമായി വൎണ്ണിച്ചിട്ടുണ്ടു്. ഇംഗ്ലീഷ് സാഹിത്യത്തിൽ വില്യംബ്ളാക്ക്, വേഡ്സ്വൎത്ത്, ലോംഗ്ഫെല്ലോ മുതലായവർ ശൈശവത്തിൻെറ

സൌഭാഗ്യത്തിൽ ആമൂദ്ധന്മാരായിട്ടുള്ള കവികളാണ്. ലോങ്ങ്ഫെല്ലൊ കുട്ടികളെ സജീവങ്ങളായ ഖണ്ഡകൃതികളോടു താരതമ്യപ്പെടുത്തിയിരിയ്ക്കുന്നു. അദ്ദേഹം അവരെ അഭിമുഖികരിച്ചു പറയുന്നതു നോക്കുക:—"നിങ്ങൾ ഏതു കാലത്തുമുണ്ടായിട്ടുള്ള എല്ലാ ഖണ്ഡകൃതികളേക്കാളും നല്ലവരാകുന്നു; കാരണം നിങ്ങൾ ജീവിച്ചുവരുന്ന കവിതകളാണ്. ബാക്കിയുള്ളവയെയെല്ലാം നിർജ്ജീവങ്ങളായിരിയ്ക്കുന്നു."

കുട്ടികളുടെ വികാരങ്ങളേയും വിചാരങ്ങളേയും സൂക്ഷ്മമായ നിരീക്ഷണംകൊണ്ടു മനസ്സിലാക്കുകയും, അവയെ സുലഭമായി തൻെറ വർണ്ണനയ്ക്കു വിഷയമാക്കുകയും ചെയ്തിട്ടുള്ള മഹാനായ ഒരു കവിയുടെ നിലയിൽ രവീന്ദ്രനാഥടാഗ്രറിനെ നമുക്കു ഓർമ്മിയ്ക്കാതിരിപ്പാൻ നിവ്വാഹമില്ല. അദ്ദേഹത്തിൻെറ "ചന്ദ്രക്കല" (The Crescent Moon) എന്ന ഗ്രന്ഥം കുട്ടികളെപ്പററി എഴുതിട്ടുള്ള നാല്പതു കൃതികളുടെ ഒരു സങ്കലനമാണ്. അതു പ്രസ്തുത വിഷയത്തിലുണ്ടായിട്ടുള്ള ഒരുൽകൃഷ്ടഗ്രന്ഥത്തിൻെറ നിലയിൽ വിശ്വസാഹിത്യത്തിലേയ്ക്കുതന്നെ ഒരു നേട്ടമായി കണക്കാക്കപ്പെടുന്നു. വില്യം ബ്ളാക്കിനോടാണ് ടാഗ്രറിനെ ഇത്തരം കൃതികളെഴുതുന്നതിൽ നിരൂപകന്മാർ താരതമ്യപ്പെടുത്തുന്നതു്. "കാബൂലിവാല" "പോസ്റ്റാഫീസ്" മുതലായ അദ്ദേഹത്തിൻെറ മനോഹരങ്ങളായ കൃതികളിൽക്കൂടെ ഒരിയ്ക്കൽ കണ്ണോടിച്ചിട്ടുള്ളവക്ക് കുട്ടികളുടെ സ്വഭാവചിത്രണത്തിൽ മഹാകവിയ്ക്കുള്ള അന്യാദൃശമായ സാമത്ഥ്യം എളുതായി മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

മലയാളികളുടെ നിർഭാഗ്യംകൊണ്ടെന്നു പറയട്ടെ, മഹാകവി വള്ളത്തോൾ ശൈശവത്തെക്കുറിച്ച് വളരെ അധികമൊന്നും എഴുതീട്ടില്ല. ഈ വിഷയത്തിലദ്ദേഹം മററു പല കവികളേയും പോലെത്തന്നെ വളരെ മിതഭാഷിയാണ്. പ്രകൃതിഭംഗിയിലൊ, ദേശാഭിമാനത്തേജകങ്ങളായ വിഷയങ്ങളിലൊ, സാമുദായികകാര്യങ്ങളിലോ, വിഹരിയ്ക്കാറുള്ളതുപോലെ, അത്ര അധികമായി വള്ളത്തോൾക്കവിത ശൈശവത്തിൻെറ സൌഭാഗ്യത്തിൽ വിഹരിച്ചിട്ടില്ലെന്നുള്ളതു് വാസ്തവംതന്നെ; പക്ഷേ ആ വിഷയത്തെക്കുറിച്ചു് അദ്ദേഹം എഴുതീട്ടുള്ള കവിതകൾ അവയുടെ സർവ്വാംഗസുന്ദരമായ സ്വഭാവംകൊണ്ട് മലയാളസാഹിത്യത്തിലേയും മഹാകവി വള്ളത്തോളിൻെറയും ഒന്നാംതരം കവിതകളുടെ കൂട്ടത്തിൽത്തന്നെ പരിലസിയ്ക്കുന്നവയാണ്.

"സന്താനസൌഖ്യം" "എൻെറ കൊച്ചുമകൾ" "കാററിൽപ്പറന്ന കവിത" എന്നീ ഖണ്ഡകൃതികൾ ഒരു മഹാകവിയും തത്വചിന്തകനുമായ പിതാവിൻെറ വിചാരങ്ങളും വികാരങ്ങളുമാണ് ചിത്രീകരിക്കുന്നതു്. ഒരു പിതാവിൻെറ സങ്കുചിതമായ കേവലചിന്തകളിലേയ്ക്കൊതുങ്ങാതെ അവ ഒരു അഭൌമമായ വിസ്തൃതപരിധിയിലേയ്ക്കുയരുന്നു. വള്ളത്തോൾക്കവിതയിൽക്കാണുന്ന ഏററവും ചെറിയ ശിശു "എൻെറ കൊച്ചുമകൾ" ആണെന്നു തോന്നുന്നു; എങ്കിലും കവനസൌഭാഗ്യം കൊണ്ടതു് മികച്ചു നില്ക്കുകതന്നെ ചെയ്യുന്നുണ്ടു്:—

"പല്ലുകുരിച്ചു തുടങ്ങിയിട്ടില്ലാത്ത
പല്ലവച്ചോരിവാ കൊണ്ടു പൈതൽ

മെല്ലെച്ചിരിയ്ക്കയാ മുമ്മവെച്ചമ്മവെ-
ച്ചുല്ലാസമുൾക്കൊള്ളുമെൻെറ നേരെ"

എന്നിങ്ങിനെ പല്ലു മുളയ്ക്കുവാൻ തുടങ്ങാത്ത ആ ഇളംപൈതലിൻെറ പുഞ്ചിരിയെയാണ് കവി നമുക്കു കാണിച്ചു തരുന്നതു്. ശൈശവത്തിൻെറ സുലഭമായ ക്രീഡാവിശേഷങ്ങളൊന്നും തന്നെ ആ ഇളംപൈതലിൽ നിന്നു പ്രതീക്ഷിപ്പാൻ വയ്യ. കവി ചോദിയ്ക്കുന്നു:—

"അച്ഛൻെറ പാഴ്നര കേറിയ മാറത്തു
നൽച്ചെമ്പവിഴത്തെച്ചാർത്തിയ്ക്കലും,
അമ്മിഞ്ഞക്കണ്ണു തിരുമ്പലുമല്ലാതെ-
നാമ്മുവിൻ ചിന്നക്കൈയ്യെന്തറിയാം ?
പൂച്ചതൻ വാലു പിടിച്ചു വലിപ്പാനും
പൂഴികൾ വാരിപ്പൊഴിയ്ക്കുവാനും
പമ്പരം പന്തെടുത്തങ്ങിങ്ങെറിയാനും
വെമ്പുകയല്ലിനിൻ പൂവൽക്കൈകൾ."

ആസന്നമായ ഒരു ഭാവിയിൽ ഉണ്ടാകാൻ പോകുന്ന കളികളെ ഭാവനയിൽ മാത്രം കാണത്തക്ക ഒരു പ്രായമാണ് ഈ ശിശുവിന്നെങ്കിലും, കവിയുടെ നിരീക്ഷണ സമർത്ഥങ്ങളായ കണ്ണുകൾ, ആ സൌഭാഗ്യം തികച്ചും കാണാതിരിക്കുന്നില്ല; നോക്കുക:—

"സഞ്ചിതമായിരിപ്പുണ്ടു തികച്ചുമി-
ച്ചെഞ്ചെറു വായ്മലർ പുഞ്ചിരിയിൽ,
പാരിങ്കലെപ്പനിനീർപ്പൂക്കളൊന്നൊന്നായ്
സൈപരം വിരിയും വിരിയലെല്ലാം.
മഞ്ജിമ മാണിക്യക്കുഞ്ഞിയള്ളക്കുകൾ

മന്ദം തുറക്കും തുറക്കലെല്ലാം.
തൊട്ടാൽത്തിണ്ണത്തുടുപോം പട്ടു പതുപ്പുകൾ
ചുററി വിരിയ്ക്കും വിരിയ്ക്കലെല്ലാം.
തേൻതുള്ളിത്താവിക്കലർത്ത സുഗന്ധങ്ങ-
ളേന്തിത്തുള്ളുന്നും തുള്ളമ്പലെല്ലാം.
വിണ്ണിന്നു ചെന്ന വിശിഷ്ട വിശുദ്ധികൾ
വിങ്ങി വഴിയും വഴിയലെല്ലാം."

ഇങ്ങിനെ വർണ്ണിയ്ക്കപ്പെടുന്ന "എൻെറ കൊച്ചു മകൾ" എത്ര തന്നെ ശൈശവാവസ്ഥയിലുള്ളവളാണെങ്കിലും, വള്ളത്തോൾക്കവിതകളുടെ സമുച്ചയത്തിൽ അതിന്നൊരു മാന്യസ്ഥാനമുണ്ട്.

"കാററിൽപ്പറന്ന കവിത"യിലെ ശിശു നല്ല ചുറുചുറുക്കും ഉന്മേഷവും ഉള്ള ഒരുവനാണ്. പ്രായത്തിലവൻ "എൻെറ കൊച്ചുമക"ളെ കടന്നു നില്ക്കുന്നു.

"ഇരുകാൽത്തളിർ വെപ്പിലും ധരിത്രി-
ത്തിരുമാറിൽ പുളകോൽഗമം പുലർത്തി
ഒരുപാൽച്ചിരിയും ചിരിച്ചുകൊണ്ട്,"

ആ കൊച്ചു മിടുക്കൻ കവിയുടെ അടുത്തേയ്ക്കു മാത്രമല്ല, ഓരോ വായനക്കാരുടേയും അടുത്തേയ്ക്കു കൂടി ചെല്ലുന്നതായിട്ടാണു തോന്നുന്നതു്. കവി അവിടെ വളരെ നേരത്തെ പരിശ്രമഫലമായി ഒരു കവിത നിർമ്മിച്ചു വെച്ചിരിയ്ക്കയാണു്. അപ്പോഴാകട്ടെ,

"അതു വാരിയെടുത്തു പൈതൽ വായി-
ച്ചിതു തോന്നും പടി തൻെറ ഭാഷയിൽത്താൻ;

മൂത്തുകൈപ്പെഴുമക്കൃതിയുമപ്പോൾ
പുത്തുതേൻ തുള്ളികൾ ചേൎന്നുചേലിണങ്ങി.
ഒരു താമസവും വരുത്തിയില്ല-
വ്വിരുതൻ വായന തീൎന്നതോടുകൂടി,
അരുതെന്നതു ഞാൻ വിലക്കിയാലെ-
ന്തിരുനൂറായി നുറുങ്ങി മൽപ്രയത്നം."

കുട്ടി അച്ഛന്റെ അടുത്തേക്കോടിവന്നു കവിതയെടുത്തു വായിക്കുന്നതും, അതിൽപ്പിന്നെ ഒരു സാധാരണമട്ടിൽ അതു കീറിക്കളഞ്ഞു അച്ഛന്റെ മടിയിൽ കയറിയിരിക്കുന്നതും ഒരൊന്നാംതരം ചിത്രമായിട്ടുണ്ടു്. രവീന്ദ്രനാഥ ടാഗ്രറിന്റെ (Authorship) "ഗ്രന്ഥകൎത്തൃത്വം" എന്ന കവിതയിലെ കുട്ടി, അച്ഛന്റെ സാഹിത്യപരിശ്രമത്തെപ്പററി ഒന്നും അറിഞ്ഞുകൂടാത്തവനാണു്. "ഞാൻ തോണിയുണ്ടാക്കുവാനായി ഒരു കഷണം കടലാസ്സെടുത്താൽ, "നിന്നെക്കൊണ്ടു എന്തൊരുപദ്രവമാണു്" എന്നമ്മ പറയും; അച്ഛനിങ്ങിനെ എത്ര കടലാസ്സുകളാണു് രണ്ടുപുറവും കറുപ്പുപുള്ളികളിട്ടു കേടു വരുത്തുന്നതു്.? ഇതിനെപ്പററി അമ്മയ്ക്കെന്താണു് തോന്നുന്നതു്?" എന്നാണല്ലോ അവൻ അച്ഛന്റെ സാഹിത്യരചനയെപ്പററി ആവലാതി പറയുന്നതു്; എന്നാൽ വള്ളത്തോളിന്റെ കുട്ടി അങ്ങിനെയല്ല . അവൻ അവന്റെ ഭാഷയിൽ ആ കവിത വായിക്കുന്നു; പരീക്ഷ വായന കഴിഞ്ഞ ശേഷം ടാഗ്രറിന്റെ കുട്ടിയുടെ അനുയായിയായിത്തീരുക തന്നെയാണു് ചെയ്യുന്നതു്.

പരുഷമായ യാഥാൎത്ഥ്യത്തിന്റെ വലയത്തിൽ കഴിഞ്ഞുകൂടുന്ന മുതിൎന്ന ആളുകൾ, കുട്ടികളുടെ പ്രവൃത്തികളി

ലൊക്കെ ബാലിശത്വവും കാര്യകാരണബന്ധമില്ലായ്മയു മാണ് കാണുന്നതു്. എന്നാൽ വാസ്തവത്തിൽ തത്താദൃ ശങ്ങളായ സ്വഭാവ വിശേഷങ്ങൾ തന്നെയാണ് ബാല്യ ജീവിതത്തിൻെറ കമനീയതയ്ക്കു മാററു കൂട്ടുന്നതു്. അത്തരം സൂക്ഷ്മഭാവങ്ങൾ നിരീക്ഷണംചെയ്തു വർണ്ണിയ്ക്കുന്നതിന്നു സാധാരണ ലോകത്തിൽ നിന്നു വ്യത്യസ്തമായ കുട്ടികളുടെ ലോകത്തിൽ ജീവിച്ചു അവരുടെ വികാരങ്ങളും വിചാരങ്ങ ളും മനസ്സിലാക്കണം. ഇതിൽ നമ്മുടെ മഹാകവി വളരെ വിജയമാണ് നേടിട്ടുള്ളതു്. നോക്കുക:—

"സുതനിപ്പുണി തീർത്തു മാമകാങ്കേ
കൃതകൃത്യൻെറ നിലയ്ക്കു കേറിവാണാൻ."

എന്നാണ് കവിത ചീന്തിക്കളഞ്ഞശേഷമുള്ള കുട്ടി യുടെ സ്ഥിതി വിവരിക്കുന്നതു്. മഹാകവിയുടെ പ്രയത്ന ഫലമായ കവിത നശിച്ചപ്പോൾ നമുക്കുണ്ടാകുന്ന ഹൃദയ സ്പന്ദനമൊന്നും കുട്ടിയ്ക്കുണ്ടാകുന്നില്ല. തീരെ മറിച്ച് ഒരു കൃതാത്മൻെറ നിലയിൽ അച്ഛൻെറ മടിയിൽക്കയറി ഇരി യ്ക്കുയാണ് ആ മുഗ്ദ്ധസ്വഭാവൻ ചെയ്യുന്നതു്.

കവി "ശുദ്ധരിൽ ശുദ്ധൻ" എന്ന തൻെറ കവിത യിലും കുട്ടികളുടെ സ്വഭാവത്തെ സൂക്ഷ്മമായി നിരീക്ഷണം ചെയ്തു ചിത്രീകരിച്ചിട്ടുണ്ട്. അവിചാരിതമായി രാത്രി യിൽ ഒരു പുരയ്ക്കു തീപ്പിടിച്ചു അതു കത്തിയെരിയുമ്പോൾ അവിടെയുണ്ടാകുന്ന തിരക്കും പരിഭ്രമവുമെല്ലാം ഊഹി ക്കാവുന്നതാണ്; എന്നാൽ അവിടുത്തെ കുട്ടികളുടെ സ്ഥിതിയോ?

"മൂതിന്ന കുഞ്ഞങ്ങളങ്ങഗ്നിപുഞ്ജത്തെക്കണ്ടു
കുതുകാൽത്തുള്ളിച്ചാടി പാററകളുടെ മട്ടിൽ;
തൻപുരചുട്ടും തീയിക്കളിമ്പമൊപ്പംകൺകൾക്കു
കമ്പിരിത്തീയോ ഹ! ഹ! കേവലാനന്ദം ബാല്യം"

എന്നിങ്ങിനെയാണ് കവി അവരെ വിവരിയ്ക്കുന്നതു്! പുരയിൽ കത്തിക്കാളുന്ന അഗ്നിപുഞ്ജം കണ്ടു് കുട്ടികൾ പരമാനന്ദംകൊണ്ടു തുള്ളിച്ചാടുന്നു! പുര വേവുമ്പോഴത്തെ മററു ലഹളകളെല്ലാം ഒരു പക്ഷേ സാധാരണന്മാരും കണ്ടുവെന്നു വരാം; എന്നാൽ ആ ബഹളത്തിലെ കുട്ടികളുടെ പരമാനന്ദപ്രകടനം അവർ കണ്ടുവെന്നുവരുന്നതല്ല.

"വീരപത്നി"യിലെ ചിന്താഗ്രസ്തയായ നായികയുടെ അടുത്തു കാണപ്പെടുന്ന കുട്ടിയും ഇത്തരക്കാരൻ തന്നെയാണു; അവനിൽ ചിന്തകളുടെ യാതൊരു കാറും കറുപ്പും കയറിയിട്ടില്ല:

"തന്നന്തികത്തിലായ് ശുക്ലപക്ഷത്തിലെ
ച്ചിന്നപ്പൂന്തിങ്കൾപോലുള്ളൊരുണ്ണി,
ആടുക പാടുക കുമ്പാകുമോരോരോ
കാട്ടുകാട്ടുന്നതും കണ്ടിടാതെ
ശൂന്യം നിലത്തിരുന്നീടുകയാണവ-
ളിത്തരുണിയ്ക്കിത്ര ചിന്തയെന്തോ!
അമ്മതൻ ദുഃഖത്തിൽപ്പങ്കുകൊണ്ടീടുന്നീ-
ലമ്മകൻ ക്രീഡാരസൈകതാനൻ;
ചിന്താപരിക്ലേശമെന്തുള്ളു ബാലക്കു
ഹന്ത! നൽസ്വർഗ്ഗം താൻ ബാല്യകാലം."

എന്നിങ്ങിനെ കവി അമ്മയുടെയും മകൻെറയും തല്ക്കാലിക ഭാവവൈരുദ്ധ്യത്തെ നിപുണമായി ചിത്രണം ചെയ്യുന്നു; അപ്പോഴയ്ക്കും വീരപത്നിയുടെ നായകൻ അവിടെ പ്രത്യക്ഷപ്പെട്ടുകയായി; അപ്പോഴാകട്ടെ,

"അക്ഷണം തൻകളിപ്പാട്ടങ്ങളിട്ടെറി-
ഞ്ഞക്ഷമനാകിയ കൊച്ചുബാലൻ
"അച്ഛഛാ"യെന്നോവ മസ്പഷ്ടവർണ്ണമായ്
സ്വച്ഛാമൃതോപമം കൊഞ്ചിക്കൊണ്ടേ
പാഞ്ഞുവന്നാ വന്ന ധന്യൻെറ ജാൻക്കു-
ളാഞ്ഞുപുണർന്നാനിളം കൈകളാൽ
ആയാളോ കുഞ്ഞിനെയാശ്ലേഷിച്ചെടുത്തു-
ത്തായാമമേറിയ തന്മാത്തട്ടിൽ
മൂല്യം മതിയ്ക്കാവല്ലാത്തൊരു മാണിക്യ-
മാല്യത്തെപ്പോല്വെ ചേർത്തു ചാർത്തി,
ആയിളം ചെഞ്ചോരി വായ്മലർത്തന്നിലോ-
രായിരം പ്രാവശ്യമുമ്മവെച്ചാൻ."

"അമ്മയ്ക്കു മാത്രമല്ലാക്കുമേ ചെന്നെടുത്തുമ്മവെച്ചീടുവാൻ" തോന്നുന്നതാണു് ഈ കുട്ടിയുടെ രൂപം; ചിത്രം അത്രമാത്രം ഭാവപ്രകാശവും സൌഭാഗ്യ പൂർണ്ണവുമായിട്ടുണ്ടു്. പോരെങ്കിൽ യുദ്ധത്തിന്നു പോകുന്ന അച്ഛൻെറ കൂടെ "ഞാനുമുണ്ടച്ഛനോടൊപ്പ"മെന്നു പറഞ്ഞു കുട്ടി ആ ചിത്രത്തെ ഒന്നുകൂടി സജീവമാക്കിത്തീക്കുന്നു. വീരപത്നിയും വീരപതിയും അനുഗ്രഹീതന്മാരും ധന്യന്മാരുമാണു; എന്നാൽ അവരുടെ ധന്യത്വം പൂർണ്ണമാകുന്നതു് ഈ ബാലൻ നിമിത്തമാണു്. ആ കൊച്ചുവിരുതനാണു് പ്ര

സ്തുത അനുഗൃഹീത കുഡുംബത്തെ അത്രയും സൌഭാഗ്യഭാസുരമാക്കിത്തീർക്കുന്നതു്.

വള്ളത്തോളിൻെറ ദൃഷ്ടിയിൽ സാത്വികവൃത്തികളായ ശിശുക്കളം അഭൌമങ്ങളം കൂടിയാണ്. ഒരു സ്വർഗ്ഗീയപരിശുദ്ധി അദ്ദേഹം അവരിൽക്കാണുന്നു.

"ധ്രുവമിന്നടിയന്നു വാണിമാതേ,
ഭവദാരാധന പാഴിലായതില്ല;
ശ്രവണത്തെയനുഗ്രഹിപ്പുവല്ലോ
തവപൊൻവല്ലകി ബാലജല്പിതത്താൽ."

—കാററിൽപ്പറന്ന കവിത

" ഛായത്തിരശ്ശീല നീട്ടിപ്പിടിയ്ക്കട്ടെ
സായമിരുട്ടിൻ പുറപ്പാടിനായ്;
തൂവെളിച്ചത്തെ വളർത്തുമുഷസ്സല്ലോ
കൈവന്നിരിയ്ക്കുന്നു ഭാഗ്യത്താൽ മേ.
ആജന്മരമ്യമാമാഹ്ലാദരശ്മി നീ;
യാനന്ദസാമ്രാജ്യച്ചെങ്കോലു നീ;
ആസ്തിക്യബുദ്ധി നീ,യദ്വൈതസിദ്ധി നീ,
യാത്മാവു നീയെനിക്കാരോമലേ,"

—എൻെറ കൊച്ചുമകൾ

ഇത്യാദി വർണ്ണനകളിലുള്ള സാത്വികതയും അലൌകികത്വവും സഹൃദയന്മാരായ വായനക്കാരെ ഒരുന്നതമായ ചിന്താപഥത്തിലേയ്ക്കുയർത്തി വിടുന്നു; സന്താനങ്ങളെപ്പററി ഒരു പരിശുദ്ധബോധം ഉണ്ടാക്കിത്തീർക്കുന്നു. "ആത്മാവൈപുത്രനാമാസി" എന്ന ശ്രുതിവചനത്തിൻെറ താല്പര്യവും, ദാമ്പത്യത്തിൻെറ ധാർമ്മികമായ അ

ത്ഥവും കവി ഇവിടെ ചുരുക്കത്തിൽ വ്യാഖ്യാനിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു.

"ചിത്രയോഗ"ത്തിലെ ബാലനായ "ചന്ദ്രസേന"നും "സന്ധ്യാപ്രണാമം" ചെയ്യുന്ന ജോനകത്തരുണിയുടെ അടുത്തേയ്ക്കു വരുമ്പോൾ; "പോയാലും പൊടിയിൽക്കളിപ്പതിനതാൻ നിന്നമ്മതൻ മേനിയിൽച്ചായാനും ചരിയാനുമിത്തിരി കഴിഞ്ഞിട്ടാമിളം പൈതലേ" എന്നു കവി ഉപദേശിയ്ക്കുന്ന അവളുടെ പുത്രനും, ഓർമ്മിയ്ക്കത്തക്കവർ തന്നെയാണ്. ധ്യാനസ്തിമിതയായിരിയ്ക്കുന്ന ആ സ്ത്രീയുടെ അടുത്തു ഒരു കുട്ടി വരുന്നില്ലെങ്കിലും വലിയ വിരോധമൊന്നുമില്ലാത്തതാണ്. ശിശുക്കളെക്കുറിച്ചുള്ള മഹാകവിയുടെ പ്രേമത്തിന്നു് ഇതൊരുദാഹരണം കൂടിയാണ്.

"കിളിക്കൊഞ്ച"ലിൽക്കാണുന്ന സീതയാണ് വള്ളത്തോളിൻെറ മറെറാരു ശൈശവചിത്രം; ഈ ചിത്രത്തിന്നു എത്ര വലിയ പ്രശംസയും അധികമായി എന്നു വരില്ല; അതത്രയ്ക്കു ജഗന്മോഹനമായിട്ടുണ്ട്. വാല്മീകിയുടേ സീതയിൽ നാം കാണുന്നതു് ഭാരതീയ സ്ത്രീകൾ മാതൃകയെ പകർത്തുന്ന ഒരാദർശപത്നിയെയാണ്. സീതയെപ്പോലുള്ള മറെറാരു നായികയെ സൃഷ്ടിക്കുന്നതിന്നു് ലോകത്തിന്നിതുവരെ സാധിച്ചിട്ടില്ല. അങ്ങിനെയുള്ള ഒരാരാദ്ധ്യദേവതയുടെ ശൈശവവർണ്ണന വാൽമീകി ചെയ്തിട്ടില്ല; പക്ഷെ അതദ്ദേഹത്തിന്നാവശ്യമില്ലായിരിയ്ക്കാം; ആ ഭാഗത്തെ പൂർത്തിയാക്കുകയാണ് കേരളവാൽമീകി ചെയ്തിരിക്കുന്നതെന്നു തോന്നുന്നു. "കിളിക്കൊഞ്ച"ലിൽനിന്നു ഏതെങ്കിലും ഒരു ഭാഗം ഉദ്ധരിച്ചു കാണിക്കുക സാദ്ധ്യമല്ല; അതു

ചെയ്യാൻ തുടങ്ങുന്ന ആൾ ആ കവിതയുടെ സൌഭാഗ്യത്തിന്നൽ കയ്യുവെക്കുകയാരിക്കും ചെയ്യുന്നതു്. കവിത മുഴുവനും തന്നെ അഞ്ചു വയസ്സായ ആ പിഞ്ചുകിടാവിന്റെ ലീലാവിശേഷങ്ങളെ ചിത്രീകരിക്കുന്നതാണു്.

"ഉണ്ടാക്കിവെച്ച വിചിത്രവസ്തുക്കളെ-
യുണ്മാനിരുത്തിഗ്ഗൃഹേശപരിയായ്,
പഞ്ചാര കൽക്കണ്ടം പാൽപഴം തേനിവ
പിഞ്ചുകൈ കൊണ്ടു വിളമ്പുകയും,
കുട്ടിക്കനകക്കുടത്താൽപ്പുള്ളങ്കൽ-
ത്തൊട്ടിയിൽനിന്നു തണ്ണീരു മുക്കി
ചേലിൽശ്ശിരസ്സാട്ടം നാനാ ചെടികളെ
ച്ചേടിയായ്നിന്നു നനയ്ക്കുകയും,
വാരിവലിച്ചുടുത്തൊരു നൽപ്പട്ടഴി-
ച്ചാരാൽനിലത്തു വിരിച്ചതിങ്കൽ
പാവക്കിടാവെക്കിടത്തി മണിവള-
രാവമുദിക്കുമാറതിൻ തുടമേൽ
അമ്മലക്ഷ്മിനാൽ താളം പിടിച്ചുകൊ-
ണ്ടമ്മയായ്പ്പാടിയുറക്കുകയും,"

ഇങ്ങിനെ ആ ശൈശവക്രീഡ ഉപര്യുപരി മനോഹരമായ രീതിയിലങ്ങിനെ നീണ്ടുനീണ്ടു പോകുന്നു. ദാസിമാർ മാത്രമല്ല നമ്മളും "ആ ചെറു നർത്തകിയെ നിർന്നിമേഷാക്ഷിയാൽ സാദരം വീക്ഷിച്ചു" നിന്നുപോവുകതന്നെ ചെയ്യും. ഇങ്ങിനെ ആ കുട്ടിക്കളികൾ തുടർന്നുകൊണ്ടിരിക്കുമ്പോഴാണു് കിളികളുടെ പാട്ടു കേൾക്കുന്നതു്.

"അയ്യയ്യാ! കേട്ടില്ലെ നമ്മളെപ്പോലെത്താ-
നിയ്യോമൽത്തത്തകൾ സംസാരിപ്പു!"

എന്നു കുട്ടി ആശ്ചര്യം പ്രകടിപ്പിക്കുകയും അവളുടെ ഇഷ്ടാനുസാരം "ഭൃത്യന്മാരോടിപ്പോയെങ്ങിനെയോ, വാരഞ്ചും വാനത്തെ വർണ്ണിച്ചു പാടിയ കീരയുഗളത്തെ കൊണ്ടു" വരികയും ചെയ്യുന്നു.

"അശ്ശുകദമ്പതിമാരെ, പ്രകൃതിത-
ന്നാഗ്ര്യമരതകവല്ലികളെ,
മണ്ടിയണഞ്ഞിരുകയ്യിലും മേടിച്ചു
കൊണ്ടാടിസ്സ്വാരാത്മയായിപ്പൈതൽ.
ത്തുമണിമാലകളാടിക്കളിച്ചു ത-
ന്നോമന മാറത്തു ചേർത്തുവെച്ചാൾ;
തൻ പൂങ്കവിളിലവററിൻെറ കൊക്കിനാൽ
ചെമ്പവിഴത്തെപ്പതിച്ചു നിന്നാൾ.
പച്ചവില്ലിസിന്നു തുല്യമവയുടെ-
യച്ഛകളെല്ലാവർം മാറി മാറി.
ചേർത്തുമതിലേറെ മാർദ്ദവം ചേർന്നതൻ
കൈത്തളിർ കൊണ്ടു തലോടിക്കൊണ്ടാൾ."

ഇങ്ങിനെ കുറെ നേരം പൈങ്കിളികളെ ലാളിച്ച ശേഷമാണ് അത്ഭുതമായ ഒ[illegible]വൃത്തമാനം പറയുവാനായി കുട്ടി അമ്മയുടെ അടുത്തേയ്ക്കോടിയെത്തുന്നതു്. അവൾ ഓടിവന്ന ഉടനെ അമ്മയോടു പറകയാണ്.

"അന്തത്തിയെന്തൊരു സത്താണമ്മേ, രാമൻ വ-
ന്നമ്മതൻ കുഞ്ഞിനെ വേൾക്കുമത്രെ.

ഞാനതു സമ്മതി..............." എന്നു പറഞ്ഞപ്പോഴേയ്ക്കു് വത്തമാനം അറിവായി രാജ്ഞി ചേടിയോടു ചോദിക്കുന്നു.

"രണ്ടുനൽത്തത്തകൾ വന്നു മലക്കാവിൽ
ഉണ്ടവയ്ക്കൈത്രയും വാക്ചാതുയ്യം"
എന്നു ചേടി പറയുമ്പോഴയ്ക്കു :—
"നമ്മെപ്പോലാണവ ഞായം പറവതെ-
ന്നമ്മണിപ്പൈതലിടയ്ക്കു" കടന്നു പറയാതിരിയ്ക്കുന്നില്ല.

"ഭാവികണ്ടമ്മുനി തീത്ത രാമായണ-
മാവിഹംഗേന്ദ്രക്ക കേട്ടറിയാം;
പ്രൈനന്ധിമത്താമതിൽ നിന്നൊട്ടു പദ്യങ്ങൾ
പാടിനാർ സീതയ്ക്കു കേൾപ്പാനവർ!
ശ്രീമദ്ദശരഥരാജതനൂജനാം
രാമൻ നിസർഗ്ഗാഭി രാമരൂപൻ
ജാനകിക്കുട്ടിയെ വേൾക്കുമെന്നോത്തുന്ന
ജ്ഞാനവാൻ വാല്മീകി, ഭാഗ്യം ഭാഗ്യം."
എന്നിങ്ങനെ ഉദ്യാനവാത്തയെ ചേടി സംഗ്രഹിക്കുമ്പോൾ,

"രാമൻ ചോദിയ്ക്കുയാണെന്തിനീ വാല്മീകി
രാമനെക്കൊണ്ടന്നെ വേൾപ്പിയ്ക്കുന്നു?"
അമ്മ സമാശ്വസിപ്പിച്ചു—"പെൺകുട്ടികൾ-
ക്കമ്മട്ടിലുണ്ടൊരു കർമ്മം കുഞ്ഞേ,"
കന്യക തീർമാനം ചെയ്തു, "മററാരും വേ-
ണ്ടെന്നെയെന്നമ്മതാൻ വേട്ടാൽ മതി."

പൊട്ടിച്ചിരിച്ചുപോയ് സവ്വരും കുട്ടിയോ,
കെട്ടിപ്പിടിച്ചിതു മാതൃകണ്ഠം."

ഇങ്ങിനെ കഥ പൎയ്യവസാനിയ്ക്കുന്നു. കഥയുടെ അവിചാരിതമായ ഈ പൎയ്യവസാനത്തിൽ സവ്വരും പൊട്ടിച്ചിരിക്കുകതന്നെ ചെയ്യും.

"ഞാനിപ്പോൾ വലുതായിരിക്കുന്നു" എന്നു മേനി പറയുന്ന രവീന്ദ്രനാഥന്റെ ഒരു കുട്ടിയുണ്ടല്ലൊ. അവനെയാണ് ഈ സന്ദർഭത്തിൽ ഒർമ്മ വരുന്നതു്. "ഞാൻ ദാസിയ്ക്കാവശ്യമുള്ള പണം എന്റെ പേഴ്സിൽനിന്നെടുത്തു കൊടുക്കും; ചന്തയിൽപ്പോയി സാമാനങ്ങൾ എല്ലാം വാങ്ങും. എവിടേയ്ക്കെങ്കിലും പോകേണ്ടി വരുമ്പോൾ അമ്മയ്ക്കു തുണയ്ക്കുപോകും. ഞാനിപ്പോൾ വലുതായിരിക്കുന്നു." അവന്റെ അഭിമാനം അങ്ങിനെ വളൎന്നു വളൎന്നു വരുന്നു. "ഇതൊന്നും അറിയാതെ അച്ഛൻ നവരാത്രി പൂജാകാലത്തു വീട്ടിലേയ്ക്കു വരുമ്പോൾ എനിക്കു കളിപ്പുകൾ തുന്നിച്ചുകൊണ്ടുവരും; അപ്പോൾ ഞാൻ പറയും അച്ഛാ, അതെനിയ്ക്കു പാകമാവില്ല; ഞാൻ വലുതായിരിക്കുന്നു; അതൊക്കെ ജ്യേഷ്ഠന്നു കൊടുത്തേയ്ക്കു." ഇതാണ് ആ കുട്ടിയുടെ ബുദ്ധി. ഈ ബുദ്ധിമാന്റെ സഹോദരിയായിരിപ്പാൻ അൎഹതയുള്ളവൾ തന്നെയാണ് വള്ളത്തോളിന്റെ ജാനകിക്കുട്ടിയും. കുട്ടിയുടെ സരളസ്വഭാവത്തെ സാരള്യത്തോടുകൂടി ഒന്നെടുത്തു കാണിക്കണമെന്നേ ടാഗോറിന്നുദ്ദേശമുള്ളു. പറയത്തക്ക പരിസരവിധാനമൊന്നും ഇല്ലാത്ത ഒരു ചെറുകവിതയാണതു്; എന്നാൽവള്ളത്തോ

ളിൻെറ "കിളിക്കൊഞ്ചൽ" അതിലും എത്രയോ മേലേക്കിടയിലുള്ള ഒരു കലാസൃഷ്ടിയാണു്. ക്രീഡോദ്യാനത്തിലെ കളികൾ, കിളികളുടെ പാട്ടും അതു കേട്ടിട്ടുള്ള ആശ്ചര്യഭാവവും, കിളികളുടെ ലാളനം, ആരാമവൃത്തം പറവാനായി അമ്മയുടെ അടുത്തേയ്ക്കുള്ള ഓട്ടം, വർത്തമാനം പറയൽ, കഥയുടെ അവിചാരിതമായ പരിണാമം എന്നിവയിൽ ഓരോന്നിലും ആ ലോകോത്തരനായ കലാവല്ലഭൻെറ വിദഗ്ദ്ധതൂലിക സവിശേഷം പ്രവർത്തിച്ചിരിക്കുന്നു്. കിളിക്കൊഞ്ചലിന്നു തുല്യമായിപ്പറവാൻ നമ്മുടെ സാഹിത്യത്തിലൊന്നുമില്ല. ഏതു മഹാ കവിയ്ക്കും അസൂയ ജനിപ്പിക്കാൻ പര്യാപ്തമായ ഒരപൂർവ്വകലാനിർമ്മിതിയാണതെന്നു മാത്രം ചുരുക്കിപ്പറയാം.

---

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M07 Acc. No. 2598

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M07
SAN-S

25.98

ശങ്കരനെഴുത്തച്ഛൻ
സാഹിത്യ ദീപിക

KOTTAYAM PUBLIC LIBRARY

Call No M07 Acc. No 2578

Author ശേഷഗിരിപ്രഭു എം.

Title സാഹിത്യ ദീപിക

Indic Digital Archive Foundation

gpura.org